بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ    نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ    وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡدِ


സീറത്തുന്നബി
വിശേഷാൽ പ്രതി

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

# ബദ്ർ

വീക്കിലി ഖാദിയാൻ

Weekly
BADAR Qadian
Malayalam

ലക്കം
33

വാർഷിക
വരിസംഖ്യ
500/- രൂപ

വാല്യം 5

പത്രാധിപർ
എച്ച്. ശംസുദ്ദീൻ
സഹപത്രാധിപർ
മുഹമ്മദ്
ഇസ്മാഈൽ

POSTAL REG.No.GDP-44/2020-2022    2020 ആഗസ്റ്റ് 13/ഹി.ശം. 1399 ളുഹൂർ 13/1441 ദുൽഹജ്ജ് 22


**സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:**

“കഅ്ബാ ദേവാലയം ഭൗതികമായ നിലയിൽ സത്യത്തെ സ്നേഹിക്കുന്നവർക്ക് ഒരു മാതൃകയാക്കപ്പെട്ടിരിക്കുന്നു. അല്ലാഹു പറഞ്ഞു, നോക്കൂ! ഇതെന്റെ ഭവനമാണ്. ഈ ഹജറെ അസ്‌വദ് എന്റെ ഉമ്മറപ്പടിയിലെ കല്ലാണ്. ഇത്തരം കല്പനനല്കിയത് മനുഷ്യൻ ഭൗതികമായ നിലയിൽ തന്റെ പ്രേമത്തിന്റേയും സ്നേഹത്തിന്റയും ആവേശം പ്രകടിപ്പിക്കുന്നതിനുവേണ്ടിയാണ്. അതുകൊണ്ട് ഹജ്ജ് ചെയ്യുന്നവർ ഹജ്ജിന്റെ സ്ഥലത്ത് ഭൗതികമായ നിലയിൽ ആ ഭവനത്തിനു ചുറ്റും പ്രദക്ഷിണം ചെയ്യുന്നു. അത്തരം രീതികളുണ്ടാക്കി അവർ ദൈവസ്നേഹത്തിൽ ഉന്മത്തരും ലഹരിപിടിച്ചവരുമാണ്.”

(ചശ്മെ മഅ്രിഫത്ത്, റൂഹാനീ ഖസാഇൻ, വാല്യം 23, പേജ് 100)



## നാമാഭിദാനം മുഹമ്മദു താൻ
## പ്രാണപ്രിയനിത് തന്നെയല്ലോ!

**ഹദ്റത്ത് മസീഹ് മൗഊദ് (അ)**

وہ پیشوا ہمارا جس سے ہے نُور سارا
نام اُس کا ہے محمد دلبر مرا یہی ہے

ആരുടെ തേജസ്സിപ്പാരിടത്തെ
ആഭായമാക്കുന്ന, തെന്റെ ഗുരു
നാമാഭിദാനം മുഹമ്മദു താൻ
പ്രാണപ്രിയനിത് തന്നെയല്ലോ!

سب پاک ہیں پیمبر اِک دوسرے سے بہتر
لیک از خدائے برتر خیرالوریٰ یہی ہے

ദൈവദൂതന്മാർ പരിശുദ്ധന്മാർ
ചിലരോ ചിലരിലും ശ്രേഷ്ഠന്മാരും
എങ്കിലും സർവാധിനാഥൻ പക്കൽ
'ഖയ്റുൽവറാ'യിതു തന്നെയല്ലോ!

پہلوں سے خوب تر ہے خوبی میں اِک قمر ہے
اُس پر ہر اک نظر ہے بدرالدّجیٰ یہی ہے

മുൻകഴിഞ്ഞോരിലുമുന്നതൻ താൻ
ഉന്നതിയിലൊരു ചന്ദ്രബിംബം
അത്തിങ്കളിൽ സർവദൃഷ്ടികളും
'ബദ്റുദ്ദുജാ'യിതു തന്നെയല്ലോ!

وہ یارِ لامکانی وہ دلبرِ نہانی
دیکھا ہے ہم نے اُس سے بس رہنما یہی ہے

എങ്ങും നിറഞ്ഞവനാമപ്രേമൻ
ഏറ്റം രഹസ്യനായുള്ള കാമ്യൻ
അത്തിരുവാനനം കണ്ടതു മീ
മാർഗോപദേശിയാൽ തന്നെയല്ലോ!

وہ آج شاہِ دیں ہے وہ تاجِ مرسلیں ہے
وہ طیّب و امیں ہے اُس کی ثنا یہی ہے

അങ്ങിന്നു 'ദീനി'ന്റെ ചക്രവർത്തി
അങ്ങു പ്രവാചക പൊൻകിരീടം
അങ്ങു ശുദ്ധാത്മാവ്, വിശ്വസ്ത നീ
കീർത്തനമൊത്തതുതന്നെയല്ലോ!

اُس نُور پر فدا ہوں اُس کا ہی مَیں ہوا ہوں
وہ ہے مَیں چیز کیا ہوں بس فیصلہ یہی ہے

ആ ദിവ്യദീപ്തിയ്ക്ക് മുമ്പിലിതാ
തെണ്ടമാക്കീടുന്നെൻ ജീവഭാരം
അങ്ങാണ്! ഞാനൊരു തുച്ഛനത്രെ
മതിമതി, വിധിയിതു തന്നെയല്ലോ!

❁❁❁❁❁❁



ബദർ
വീക്ക്‌ലി ഖാദിയാൻ
The weekly
BADAR Qadian
Malayalam

## സീറത്തുന്നബി സ്പെഷ്യൽ

# മുഹമ്മദുനബിﷺ
## സ്വഹാബാക്കളോടുള്ള സൽപെരുമാറ്റം

തങ്ങളുടെ ജീവനെക്കാളും തങ്ങളുടെ മാതാപിതാക്കളുടെ ജീവനെക്കാളും കുടുതൽ സ്നേഹമായിരുന്നു നബി(സ)തിരുമേനിയോടു ആദരണീയരായ സ്വഹാബ(റ) വെച്ചു പുലർത്തിയിരുന്നത്. എപ്പോഴും അദ്ദേഹത്തിനുവേണ്ടി മരിക്കാൻ അവർ തയ്യാറായിരുന്നു. അല്ലാഹുവിനെക്കാളും അവന്റെ റസൂലിനെക്കാളും കൂടുതൽ പ്രിയപ്പെട്ടതായി അവർക്കൊന്നുംതന്നെയില്ലായിരുന്നു. തൽഫലമായി നബി(സ)തിരുമേനിയും തന്റെ സ്വഹാബത്തിനോടു അതിരറ്റ സ്നേഹത്തോടും വാത്സല്യത്തോടും സഹതാപത്തോടുംകൂടി പെരുമാറിയിരുന്നു. എല്ലാ രീതിയിലും അവരെ സന്തോഷിപ്പിച്ചിരുന്നു. സാമ്പത്തികമായി സഹായിച്ചിരുന്നു. ആർക്കെങ്കിലും കടം വീട്ടാനുണ്ടെങ്കിൽ അത് കൊടുത്ത് വീട്ടിയിരുന്നു. നബി(സ)തിരുമേനി തന്റെ സ്വഹാബത്തിനോടു കാണിച്ച സൽപെരുമാറ്റത്തിന്റെ ചില സംഭവങ്ങൾ താഴെ സമർപിക്കുകയാണ്.

നബി(സ)തിരുമേനിയുടെ ആത്മാർഥനായ ഒരു സ്വഹാബിയായിരുന്നു ഹദ്റത്ത് ജാബിർ(റ).അദ്ദേഹത്തിന്റെ പിതാവിന്റെ പേര് അബ്ദുല്ലാഹ് ബിൻ അംറ് ബിൻ ഹറാം എന്നായിരുന്നു. ഹദ്റത്ത് ജാബിറിന്റെ പിതാവ് അബ്ദുല്ലാഹ് ഉഹുദ് യുദ്ധത്തിൽ ശഹീദായിരുന്നു. ഉഹുദു യുദ്ധത്തിൽ നബി(സ) തിരുമേനിക്ക് ജീവാർപ്പണം ചെയ്ത തന്റെ 70 സ്വഹാബത്തിന്റെ ദുഃഖം സഹിക്കേണ്ടിവന്നു. ഇവരിൽ നബിയുടെ പ്രിയപ്പെട്ട പിതൃവ്യൻ ഹദ്റത്ത് ഹംസത്ത് എന്നിവരുമുണ്ടായിരുന്നു. ഹദീഥിൽ വന്നിരിക്കുന്നു, ഹദ്റത്ത് ജാബിർ ബിൻ അബ്ദുല്ലാഹ് തന്നെ നിവേദനം. ഒരു ദിവസം നബി(സ)തിരുമേനി എന്നെ കണ്ടുമുട്ടി. അവിടന്ന് എന്നോടു ചോദിച്ചു: 'ജാബിർ നീ ഇന്ന് അസ്വസ്ഥനായി കാണപ്പെടുന്നതെന്താണ്?' ഞാൻ പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ!എന്റെ പിതാവ് ശഹീദായിരിക്കുന്നു. അദ്ദേഹത്തിന് ഒരുപാ ട് കടവും ചെറിയ ചെറിയ കുട്ടികളുമുണ്ട്.' നബി(സ)തിരുമേനി ചോദിച്ചു: 'നിന്റെ പിതാവ് എങ്ങനെയാണ് അല്ലാഹുവിനെ കണ്ടുമുട്ടിയതെന്ന സന്തോഷവാർത്ത ഞാൻ നിന്നെ കേൾപ്പിക്കട്ടെ.' ഞാൻ പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ തീർച്ചയായും പറഞ്ഞാലും.' നബി(സ)തിരുമേനി പറഞ്ഞു: 'അല്ലാഹു ആരോടു സംസാരിക്കുമ്പോഴും മറയോടുകൂടിയാണ് സംസാരിക്കാറുള്ളത്. എന്നാൽ, നിന്റെ പിതാവിനെ ജീവിപ്പിക്കുകയും അദ്ദേഹത്തോടു മുഖാമുഖം സംസാരിക്കുകയും ചെയ്തു. അല്ലാഹു പറഞ്ഞു: 'എന്റെ പ്രിയ ദാസാ! എന്നോടു എന്തുവേണമെങ്കിലും ചോദിച്ചുകൊള്ളുക. ഞാൻ നിനക്കത് നല്കാം.' അപ്പോൾ നിന്റെ പിതാവ് പറഞ്ഞു: 'എന്റെ നാഥാ! നീ എന്നെ വീണ്ടും ഭൂമിലോകത്തേക്ക് അയക്കണമെന്നും അവിടെവച്ച് വീണ്ടും ശഹീദാകണമെന്നുമാണ് ഞാൻ ആഗ്രഹിക്കുന്നത്.' അല്ലാഹു പറഞ്ഞു: 'അതു സാധ്യമല്ല. കാരണം മരിച്ചവരെ വീണ്ടും ദുൻയാവിലേക്ക് തിരിച്ചയക്കരുതെന്ന് ഞാൻ നിയമമുണ്ടാക്കിയിരിക്കുന്നു.'(തിർമിദി, അബ്‌വാബുത്തഫ്സീർ, തഫ്സീർ സൂറത്ത് ആലുഇംറാൻ, ഹദീഖത്തുസ്സ്വാലിഹീൻ, ഗ്രന്ഥകർത്താ സയ് ഫുർറഹ്മാൻ സാഹിബ് ഹദീഥ് നമ്പർ 320)

ഹദ്റത്ത് ജാബിറിനോടു, 'ഇന്ന യഹൂദിയിൽനിന്നു വാങ്ങിയ എന്റെ കടം എന്റെ ശഹാദത്തിനുശേഷം തോട്ടത്തിലെ വിള വിറ്റു വീട്ടണമെന്ന് അദ്ദേഹത്തിന്റെ പിതാവ് പറഞ്ഞിരുന്നു. ഹദ്റത്ത് ജാബിർ(റ) തന്റെ പിതാവിന്റെ വസ്വിയത്തനുസരിച്ച് യഹൂദിയുടെ കടം വീട്ടി.(ഖുത്വ്ബ ജുമുഅ 30-3 -2018)

## ഉള്ളടക്കം

**മുഹമ്മദുനബിﷺ**
**സ്വഹാബാക്കളോടുള്ള സൽപെരുമാറ്റം**
**(എഡിറ്റോറിയൽ)**

**നബിﷺതിരുമേനിയുടെ**
**മഹത്തായ സ്ഥാനവും പദവിയും**
**വിശുദ്ധ ഖുർആനിന്റേയും**
**തിരുഹദീഥുകളുടേയും വെളിച്ചത്തിൽ**

**ഹദ്റത്ത് മുഹമ്മദു മുസ്തഫാﷺ**
**തിരുമേനിയുടെ മഹൽസ്ഥാനം**

**ലോകത്തിന്റെ നിലനില്പിന്**
**ഇന്ന് ആവശ്യമുള്ള വസ്തു ഇസ്‌ലാമികാധ്യാപനമാണ്.**
**ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹ്**

**നബിﷺതിരുമേനി**
**ദൈവദൂതന്മാരിൽ ശ്രേഷ്ഠൻ എന്ന നിലയിൽ**
**ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)**

**നബിﷺതിരുമേനിയുടെ കുട്ടിക്കാലം**
**ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബി(റ)ന്റെ**
**തൂലികയിലൂടെ**

അക്കാലഘട്ടത്തിൽ തോട്ടങ്ങളും ധാന്യങ്ങളും വെച്ച് കടം വാങ്ങുന്ന സമ്പ്രദായമുണ്ടായിരുന്നു. ഹദ്റത്ത് ജാബിറും തന്റെ ചെലവ് നിറവേറ്റുന്നതിന് കടം വാങ്ങാറുണ്ടായിരുന്നു. എങ്ങനെയാണ് അവിടന്ന് കടം തിരിച്ചുകൊടുക്കേണ്ട നേരത്ത് യഹൂദിയോടു സംസാരിച്ചതെന്നും മറ്റുമുള്ള അതിന്റെ വിശദമായ ഒരു സംഭവവി വരണം ലഭിക്കുന്നുണ്ട്. തോട്ടത്തിലെ ഫലം കുറവായതുകൊണ്ട് വരുമാനം കുറവായിരുന്നു. അതിനാൽ കടം വീട്ടാൻ അല്പം സൗകര്യം ചെയ്തുതരണമെന്നും ഇപ്പോൾ കുറച്ചു തരാമെന്നും  ബാക്കി അടുത്ത വർഷം വാങ്ങിക്കൊള്ളുക യെന്നും അദ്ദേഹം യഹൂദിയോടു പറഞ്ഞു, പക്ഷേ, ആ യഹൂദി ഒന്നിനും തയ്യാറല്ലായിരുന്നു. ഈ പ്രതിസന്ധി ഘട്ടത്തിൽ ഹദ്റത്ത് ജാബിർ ബിൻ  അബ്ദുല്ല(റ)വീണ്ടും നബി(സ)തിരുമേനിയുടെ അടുക്കൽ ഹാജരാകുകയോ അല്ലെങ്കിൽ നബി(സ)തിരുമേനിക്ക് ഇക്കാര്യം അറിയാൻ കഴിയുകയോ ചെയ്തു. നബി(സ) യഹൂദിയോട് ശിപാർശ ചെയ്തെങ്കിലും അയാൾ അംഗീകരിച്ചില്ല. പിന്നീട് നബി(സ)തിരുമേനി എങ്ങനെയാണ് തന്റെ സ്വഹാബിയുടെ കടം വീട്ടുന്നതിനുവേണ്ടി അനുകമ്പയോടെ പെരുമാറിയത്, പ്രാർഥിച്ചത്. എങ്ങനെയാണ് പിന്നീട് അല്ലാഹു അനുഗ്രഹം ചെയ്തത്. അതിനെ സംബന്ധിച്ച് നിവേദനങ്ങളിൽനിന്ന് വിവരം കിട്ടുന്നുണ്ട്.

ഹദ്റത്ത് ജാബർ ബിൻ അബ്ദുല്ല(റ) നിവേദനം. മദീനയിൽ ഒരു യഹൂദി ഉണ്ടായിരുന്നു. എന്റെ ഈന്തപ്പനത്തോട്ടത്തിൽ പുതിയ ഫലം വിളയുന്നതുവരെ എനിക്ക് അയാൾ കടം തരാറുണ്ടായിരുന്നു. എന്റെ ഈ കൃഷിസ്ഥലം റോമ എന്നുപേരുള്ള കിണർ നിലകൊള്ളുന്ന വഴിയിലാണുണ്ടായിരുന്നത്. ഒരു തവണ വർഷം കഴിഞ്ഞുപോയി. എന്നാൽ, ഫലസമ്പത്ത് കുറവായിരുന്നു. പൂർണമായും വിളഞ്ഞിട്ടുമില്ലായിരുന്നു. വിളവെടുക്കുന്ന കാലമായപ്പോൾ ആ യഹൂദി പതിവനുസരിച്ച് തന്നിൽനിന്ന് കടംവാങ്ങിയ തുക ചോദിക്കാൻ വന്നു. ഞാനാണെങ്കിൽ ആ വർഷം ഫലമൊന്നും അറുത്തിരുന്നില്ല. ഞാൻ അയാളോടു ഒരു വർഷംകൂടി നീട്ടിത്തരണമെന്ന് പറഞ്ഞു. പക്ഷേ,

(ശേഷം പേജ് 17ൽ)

# നബി(സ)തിരുമേനിയുടെ മഹത്തായ സ്ഥാനവും പദവിയും വിശുദ്ധ ഖുർആനിന്റേയും തിരുഹദീഥുകളുടേയും വെളിച്ചത്തിൽ

## നബി(സ)തിരുമേനിക്ക് ചെയ്യുന്ന ബയ്അത്ത് അല്ലാഹുവിനു ചെയ്യുന്ന ബയ്അത്താണ്.

اِنَّ الَّذِيْنَ يُبَايِعُوْنَكَ اِنَّمَا يُبَايِعُوْنَ اللّٰهَ ۭ يَدُ اللّٰهِ فَوْقَ اَيْدِيْهِمْ (الفتح:11)

"നിന്നോടു ബയ്അത്ത്(അനുസരണ പ്രതിജ്ഞ) ചെയ്യുന്നവർ തീർച്ചയായും അല്ലാഹുവിനോടാണ് ബയ്അത്ത് ചെയ്യുന്നത്."(48:11)

## നബി(സ)തിരുമേനിയുടെ കർമം അല്ലാഹുവിന്റെ കർമമാണ്

وَمَا رَمَيْتَ اِذْ رَمَيْتَ وَلٰكِنَّ اللّٰهَ رَمٰى ۚ وَلِيُبْلِيَ الْمُؤْمِنِيْنَ مِنْهُ بَلَاۗءً حَسَنًا ۭ اِنَّ اللّٰهَ سَمِيْعٌ عَلِيْمٌ (انفال:18)

"നീ എറിഞ്ഞപ്പോൾ നീ അല്ല എറിഞ്ഞത്, പ്രത്യുത അല്ലാഹുവാണ് എറിഞ്ഞത്. അതിന്റെ ഫലമായി അവൻ സത്യവിശ്വാസികൾക്ക് തന്റെ പക്കൽനിന്ന് ഒരു ഔദാര്യപൂർവമായ പരീക്ഷണം നല്കുന്നതിനുംവേണ്ടിയാണത്." (8:18)

## നബിതിരുമേനിയെ അനുസരിക്കൽ അല്ലാഹുവിനെ അനുസരിക്കലാണ്

مَنْ يُّطِعِ الرَّسُوْلَ فَقَدْ اَطَاعَ اللّٰهَ ۚ وَمَنْ تَوَلّٰى فَمَآ اَرْسَلْنٰكَ عَلَيْهِمْ حَفِيْظًا

"ഏതൊരാൾ ദൈവദൂതനെ അനുസരിക്കുന്നുവോ തീർച്ചയായും അയാൾ അല്ലാഹുവിനെ അനുസരിച്ചു. ഏതൊരാൾ പിന്തിരിഞ്ഞു കളയുന്നുവോ നാം നിന്നെ അവരുടെമേൽ കാവൽക്കാരനായി അയച്ചിട്ടില്ല."(4:81)

## ഖാബ ഖൗസയ്നിന്റേതാണ് അവിടത്തെ സ്ഥാനം

فَكَانَ قَابَ قَوْسَيْنِ اَوْ اَدْنٰى (النجم:10)

"അങ്ങനെ അദ്ദേഹം രണ്ടുവില്ലുകളുടെ ഒരു വാർപോലെ ആയിത്തീർന്നു. അല്ലെങ്കിൽ അതിനെക്കാൾ അടുത്ത സ്ഥിതിയിൽ."(53:10)അടിമുടി പ്രകാശമാണ്.

يٰٓاَيُّهَا النَّاسُ قَدْ جَاۗءَكُمْ بُرْهَانٌ مِّنْ رَّبِّكُمْ وَاَنْزَلْنَآ اِلَيْكُمْ نُوْرًا مُّبِيْنًا

"ജനങ്ങളേ! നിങ്ങൾക്ക് നിങ്ങളുടെ രക്ഷിതാവിങ്കൽനിന്ന് പ്രകടമായ ഒരു തെളിവ് വന്നു കഴിഞ്ഞിരിക്കുന്നു; അവൻ നിങ്ങൾക്ക് വ്യക്തമായൊരു പ്രകാശം ഇറക്കിത്തരികയും ചെയ്തിട്ടുണ്ട്."(4:175)

يٰٓاَهْلَ الْكِتٰبِ قَدْ جَاۗءَكُمْ رَسُوْلُنَا يُبَيِّنُ لَكُمْ كَثِيْرًا مِّمَّا كُنْتُمْ تُخْفُوْنَ مِنَ الْكِتٰبِ وَيَعْفُوْا عَنْ كَثِيْرٍ ڛ قَدْ جَاۗءَكُمْ مِّنَ اللّٰهِ نُوْرٌ وَّكِتٰبٌ مُّبِيْنٌ

"ഗ്രന്ഥാനുസാരികളേ!ഗ്രന്ഥത്തിൽനിന്ന് നിങ്ങൾ മറച്ചുവെച്ചുകൊണ്ടിരുന്ന നിരവധി കാര്യങ്ങൾ വെളിപ്പെടുത്തിത്തരികയും പല കാര്യങ്ങളും നിങ്ങൾക്കു മാപ്പു ചെയ്തു തരികയും ചെയ്യുന്ന നമ്മുടെ ദൂതൻ നിങ്ങളുടെയടുക്കൽ വന്നിരിക്കുന്നു. തീർച്ചയായും അല്ലാഹുവിന്റെ പക്കൽനിന്ന് ഒരു പ്രകാശവും സ്പഷ്ടമായൊരു ഗ്രന്ഥവും നിങ്ങൾക്കു വന്നു കഴിഞ്ഞു."(5:16)

## അല്ലാഹുവിന്റെ പ്രകാശത്തിന്റെ മഹത്തായ പ്രദർശകൻ

نُوْرٌ عَلٰي نُوْرٍ ۭ يَهْدِي اللّٰهُ لِنُوْرِهٖ مَنْ يَّشَاۗءُ ۭ وَيَضْرِبُ اللّٰهُ الْاَمْثَالَ لِلنَّاسِ ۭ وَاللّٰهُ بِكُلِّ شَيْءٍ عَلِيْمٌ (النور:36)

"പ്രകാശത്തിന്മേൽ പ്രകാശം. താൻ ഉദ്ദേശിക്കുന്നവരെ തന്റെ പ്രകാശത്തിലേക്ക് അല്ലാഹു നയിക്കുന്നു. ജനങ്ങൾക്കുവേണ്ടി അല്ലാഹു ഉപമകൾ വിവരിച്ചുകൊണ്ടിരിക്കുകയാണ്. അല്ലാഹു എല്ലാ കാര്യത്തെ കുറിച്ചും നല്ലവണ്ണം അറിവുള്ളവനാകുന്നു."(24:36)

## നബി(സ)തിരുമേനി സഹതാപമുള്ളയാളും മൃദുസ്വഭാവിയും സഹനശീലനുമായിരുന്നു.

عَنْ اَبِيْ سَعِيْدٍ الْخُدْرِيِّ رَضِيَ اللّٰهُ عَنْهُ اَنَّ رَسُوْلَ اللّٰهِ صَلَّى اللّٰهُ عَلَيْهِ وَسَلَّمَ كَانَ يَعْلِفُ الْبَعِيْرَ وَيُقِيْمُ الْبَيْتَ وَيَخْصِفُ النَّعْلَ وَيَرْقَعُ الثَّوْبَ وَيَحْلِبُ الشَّاةَ وَيَأْكُلُ مَعَ الْخَادِمِ وَيَطْحَنُ مَعَهُ اِذَا أَعْيَا وَكَانَ لَا يَمْنَعُهُ الْحَيَاءُ اَنْ يَحْمِلَ بِضَاعَتَهُ مِنَ السُّوْقِ اِلٰى اَهْلِهٖ وَكَانَ يُصَافِحُ الْغَنِيَّ وَالْفَقِيْرَ وَيُسَلِّمُ مُبْتَدِيًا وَلَا يَحْتَقِرُ مَا دُعِيَ اِلَيْهِ وَلَوْ اِلٰى حَشْفِ التَّمْرِ وَكَانَ هَيِّنَ الْمُؤْنَةِ لَيِّنَ الْخُلُقِ كَرِيْمَ الطَّبِيْعَةِ جَمِيْلَ الْمُعَاشَرَةِ طَلِقَ الْوَجْهِ بَسَّامًا مِنْ غَيْرِ ضِحْكٍ مَحْزُوْنًا مِنْ غَيْرِ عُبُوْسَةٍ مُتَوَاضِعًا مِنْ غَيْرِ مَذَلَّةٍ جَوَّادًا مِنْ غَيْرِ سَرَفٍ رَقِيْقَ الْقَلْبِ رَحِيْمًا بِكُلِّ مُسْلِمٍ لَمْ يَتَجَشَّأْ قَطُّ مِنْ شَبَعٍ وَلَمْ يَمُدَّ يَدَهُ اِلٰى طَمَعٍ۔

ഹദ്റത്ത് അബൂസയീദ് ഖുദ്രിയ്യ്(റ) നിവേദനം. നബി(സ)തിരുമേനി (യുടെ ജീവിതം വളരെ ലളിതമായിരുന്നു. ഒരു പണിയുമെടുക്കുന്നത് മോശമായി കണ്ടിരുന്നില്ല)തന്റെ ഒട്ടകങ്ങളെ സ്വന്തമായി തീറ്റിയിരുന്നു. വീട്ടിലെ ജോലികൾ ചെയ്യുമായിരുന്നു. ചെരുപ്പ് നന്നാക്കുമായിരുന്നു. വസ്ത്രത്തിൽ കണ്ടം വെച്ചിരുന്നു. ആടുകളെ കറന്നിരുന്നു. വേലക്കാരനെ തന്റെ കൂടെയിരുത്തി ഭക്ഷിപ്പിക്കുമായിരുന്നു. അയാൾ ധാന്യം പൊടിച്ചു ക്ഷീണിച്ചാൽ സഹായിക്കുമായിരുന്നു. ചന്തയിൽനിന്ന് വീട്ടു സാധനങ്ങൾ ഏറ്റിക്കൊണ്ടുവരുന്നതിൽ ലജ്ജിച്ചിരുന്നില്ല. ദരിദ്രനോടും ധനവാനോടും ഹസ്തദാനം ചെയ്യുമായിരുന്നു. സലാം ചൊല്ലുന്നതിൽ മുന്നിടുമായിരുന്നു. ആരെങ്കിലും ഈത്തപ്പഴംകൊണ്ട് വിരുന്നൊരുക്കി ക്ഷണിച്ചാലും നിസാരമായി കാണാതെ സ്വീകരിക്കുമായിരുന്നു. അദ്ദേഹം വളരെയേറെ അനുകമ്പയുള്ളയാളും മൃദുസ്വഭാവിയും സഹിഷ്ണുതാശീലനുമായിരുന്നു. അദ്ദേഹത്തിന്റെ ഇരുത്തവും നടത്തവും, വൃത്തിയും വെടിപ്പോടുകൂടിയായിരുന്നു. പ്രസന്നവദനനായി ഇടപഴകിയിരുന്നു. പുഞ്ചിരി അദ്ദേഹത്തിന്റെ മുഖത്ത് സ്ഫുരിച്ചിരുന്നു. അദ്ദേഹം പൊട്ടിച്ചിരിക്കുമായിരുന്നില്ല. എപ്പോഴും ദൈവഭയത്താൽ ചിന്താമഗ്നനായിരുന്നു. എന്നാൽ, മുൻകോപവും ശുണ്ഠിയും പേരിനുപോലും ഇല്ലായിരുന്നു. വിനയനായിരുന്നു; എന്നാൽ, അതിൽ ദുർബലതയുടേയോ അധൈര്യത്തിന്റേയോ അംശംപോലും ഇല്ലായിരുന്നു. വലിയദാനധർമി(തുറന്ന കൈകൾ). എന്നാൽ, അനാവശ്യ ചെലവുകളിൽനിന്ന് മാറി നിന്നിരുന്നു. മൃദുഹൃദയമുള്ള ആളും കാരുണ്യവാനുമായിരുന്നു. ഓരോ മുസ്ലിമിനോടും ഔദാര്യപൂർവം പെരുമാറിയിരുന്നു. ഏമ്പക്കംവിട്ടുകൊണ്ടേയിരിക്കുംവിധം വയർ നിറയെ ഭക്ഷിച്ചിരുന്നില്ല. ഒരിക്കലും അത്യാഗ്രഹത്താൽ കൈനീട്ടിയിരുന്നില്ല. മറിച്ച് ക്ഷമാശീലനും കൃതജ്ഞനും ഉള്ളതിൽ സംതൃപ്തനുമായിരുന്നു. (ഉസുദുൽഗാബ വാള്യം 1, പേജ് 29, അശ്ശിഫാ വാള്യം 1, പേജ് 77, ഹദീഖത്തുസ്സ്വാലിഹീൻ ഹദീഥ് നമ്പർ 43)

## പ്രാർഥിക്കുന്നതിനു മുമ്പേ റബ്ബിനെ ആദ്യമായി സ്തുതിക്കുകയും നബി(സ)യുടെ പേരിൽ സ്വലാത്ത് ചൊല്ലുകയും ചെയ്യുക

عَنْ فَضَالَةَ بْنِ عُبَيْدٍ رَضِيَ اللّٰهُ عَنْهُ قَالَ : سَمِعَ رَسُوْلُ اللّٰهِ صَلَّى اللّٰهُ عَلَيْهِ وَسَلَّمَ رَجُلًا يَدْعُوْ فِيْ صَلٰوتِهٖ لَمْ يُمَجِّدِ اللّٰهَ تَعَالٰى ، وَلَمْ يُصَلِّ عَلَى النَّبِيِّ صَلَّى اللّٰهُ عَلَيْهِ وَسَلَّمَ فَقَالَ رَسُوْلُ اللّٰهِ صَلَّى اللّٰهُ عَلَيْهِ وَسَلَّمَ : عَجِلَ هٰذَا ثُمَّ دَعَاهُ فَقَالَ لَهٗ ۔ اَوْ لِغَيْرِهٖ ۔ اِذَا صَلّٰى اَحَدُكُمْ فَلْيَبْدَأْ بِتَحْمِيْدِ رَبِّهٖ سُبْحَانَهٗ وَالثَّنَاۗءِ عَلَيْهِ ثُمَّ يُصَلِّيْ عَلَى النَّبِيِّ صَلَّى اللّٰهُ عَلَيْهِ وَسَلَّمَ ثُمَّ يَدْعُوْ بَعْدُ بِمَا شَاۗءَ ۔ (ابوداؤد کتاب الصلوۃ باب الدعا)

ഹദ്റത്ത് ഫളാല ബിൻ ഉബയ്ദിൽനിന്ന് നിവേദനം. അല്ലാഹുവിനെ സ്തുതിക്കുകയോ നബി(സ)തിരുമേനിയുടെ പേരിൽ സ്വലാത്തു ചൊല്ലുകയോ ചെയ്യാതെ നമസ്കാരത്തിൽ പ്രാർഥിക്കുന്ന ഒരാളെ അവിടന്ന് കേട്ടു. അന്നേരം നബി(സ)തിരുമേനി പറഞ്ഞു: ഇയാൾ(പ്രാർഥനയ്ക്കു മുമ്പേ ഹംദും സ്വലാത്തുംകൊണ്ടുവരാതെ)ബദ്ധപ്പാട് കാണിച്ചു. പിന്നീട് അവിടന്ന് അയാളെ വിളിച്ച് അയാളോടും മറ്റുള്ളവരോടുമായി പറഞ്ഞു:നിങ്ങളിലാരെങ്കിലും പ്രാർഥിക്കുമ്പോൾ തന്റെ റബ്ബിനെ ആദ്യമായി സ്തുതിക്കുകയും നബി(സ)യുടെ പേരിൽ സ്വലാത്ത് ചൊല്ലുകയും ചെയ്തുകൊള്ളട്ടെ. എന്നിട്ടായിരിക്കണം അവൻ പ്രാർഥിക്കേണ്ടത്. (അബൂദാവൂദ് കിതാബുസ്സ്വലാത്ത് ബാബു അദ്ദുആ)

ബദർ വീക്കിലി ഖാദിയാൻ The weekly BADAR Qadian Malayalam
The Weekly BADR Qadian (Malayalam)
https://www.akhbarbadrqadian.in/

## ഹദ്റത്ത് മുഹമ്മദു മുസ്തഫാ ﷺ തിരുമേനി തന്റെ ആത്മശുദ്ധിയും കുലീനതയും വിശാലമനസ്കതയും ചാരിത്ര്യവും സത്യസന്ധതയും അർപണമനോഭാവവും ദൈവാനുരക്തിയും കാരണം ഏറ്റവും ശ്രേഷ്ഠവും ഉന്നതവും പരിപൂർണവും പരിശുദ്ധവും പ്രകാശിതവും ആയ മഹൽസ്ഥാനം അലങ്കരിച്ചിരുന്നു.

# ഉപദേശങ്ങൾ സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)

### ഉന്നതപദവിയിലുള്ള സ്വഭാവൈകൃത്തിന്റെ നബി

ഹദ്റത്ത് ഖാത്തമുൽഅമ്പിയാ(സ)യുടെ സംഭവങ്ങളുടെമേൽ ദൃഷ്ടി ഇടുമ്പോൾ അവിടത്തെ സ്വഭാവൈക്യവും തെളിമയാർന്ന ഉള്ളും അല്ലാഹുവിനുവേണ്ടിയുള്ള ജീവാർപണവും സൃഷ്ടികളിൽനിന്നുള്ള പ്രതീക്ഷയിൽനിന്ന് തികച്ചും മുഖംതിരിക്കുന്നതും അല്ലാഹുവിൽമാത്രം തവക്കുൽ ചെയ്യുന്നതും ആയിരുന്നുവെന്ന കാര്യം അങ്ങേയറ്റം വ്യക്തവും സ്പഷ്ടവും തെളിമയാർന്നതുമായി കാണാം. ആ ദിവ്യാത്മാവ് അല്ലാഹുവിന്റെ ആഗ്രഹത്തിലും പ്രീതിയിലും ലയിച്ചും വിലയനം ചെയ്തും തൗഹീദ് പ്രചരിപ്പിക്കുന്നതുകൊണ്ട് എന്തൊരു ബലാകൾ തന്റെ തലയിൽവന്നുവീഴുമെന്നോ സൃഷ്ടിപൂജകരുടെ കൈയാൽ എന്തൊരു ദുഃഖങ്ങളും വേദനകളും വഹിക്കേണ്ടി വരുമെന്നോ ഉള്ള കാര്യത്തെ ഒട്ടും വകവെച്ചില്ല. എന്നല്ല എല്ലാ ക്രൂരതകളേയും കാഠിന്യങ്ങളേയും ബുദ്ധിമുട്ടുകളേയും തന്റെ ആത്മാവിൽ സഹിച്ചുകൊണ്ട് തന്റെ യജമാനന്റെ കല്പന നടപ്പിൽ വരുത്തി. മുജാഹദയ്ക്കും(ശരീരേച്ഛയുമായുള്ള കഠിനമായ പോരാട്ടത്തിനും) ധർമോപദേശത്തിനും വേണ്ടി ഉപദേശിക്കപ്പെടുന്ന എല്ലാ നിബന്ധനകളും പൂർത്തിയാക്കി. ഭയപ്പെടുത്തുന്നവനെ ഒട്ടും വകവെച്ചില്ല. നാം സത്യമായും പറയുന്നു, സകല നബിമാരുടേയും സംഭവങ്ങൾ എടുത്തുനോക്കിയാലും ഇത്തരം അപകടം നിറഞ്ഞ നാടുകളിൽ അല്ലാഹുവിൽ സർവവും ഭരമേല്പിച്ച് പരസ്യമായി ബഹുദൈവാരാധനയേയും സൃഷ്ടിപൂജകളേയും തടയുകയും ഇത്രമാത്രം ശത്രുക്കളുണ്ടായിട്ടും ദൃഢപാദരായും സ്ഥിരചിത്തതയോടുംകൂടി നില്ക്കുകയും ചെയ്ത ഒരാളേയും കാണാൻ കഴിയുകയില്ല. അതിനാൽ ഈ എല്ലാ അവസ്ഥകളും നബി(സ)തിരുമേനിയുടെ ആന്തരികമായ സത്യസാക്ഷ്യത്തിനുമേൽ എങ്ങനെയുള്ള തെളിവുകളാണ് നല്കിക്കൊണ്ടിരിക്കുന്നതെന്ന് അല്പം സത്യസന്ധതയോടെ ചിന്തിക്കേണ്ടതാണ്. ഇതിനുപുറമെ ബുദ്ധിമാനായ ഒരാൾ ഈ അവസ്ഥകളിൽ കൂടുതൽ ചിന്തിക്കുകയാണെങ്കിൽ നബി(സ)തിരുമേനി നിയോഗിതനായ ആ കാലഘട്ടത്തിന്റെ അവസ്ഥ യഥാർഥത്തിൽ ഒരു മഹാത്മാവിനെ, മഹാനായ ദൈവപരിഷ്കർത്താവിനെ, ദൈവികമായ മാർഗദർശിയെ അധികമായി ആവശ്യപ്പെടുന്നതായിരുന്നുവെന്ന് കാണാം. നല്കപ്പെട്ട അധ്യാപനങ്ങളും യഥാർഥത്തിൽ കാലത്തിന് അത്യാവശ്യമുള്ളതായിരുന്നു. കാലത്തിന്റെ എല്ലാ ആവശ്യങ്ങളും നിറവേറ്റാൻ പര്യാപ്തമായിരുന്നു. പിന്നീട് ആ അധ്യാപനം എത്രമാത്രം സ്വാധീനം ചെലുത്തി കാണിച്ചുവെന്നാൽ ലക്ഷക്കണക്കിന് മനസ്സുകളെ സത്യത്തിലേക്കും നേർമാർഗത്തിലേക്കും വലിച്ചുകൊണ്ടുവന്നു. ലക്ഷക്കണക്കിന് നെഞ്ചകളിൽ നുബുവ്വത്തിന്റെ അടിസ്ഥാനലക്ഷ്യമായ ലാ ഇലാഹ ഇല്ലല്ലാഹ് കൊത്തിവെച്ചു. അതായത് മോക്ഷത്തിന്റെ അടിസ്ഥാനപരമായ അധ്യാപനത്തെ എത്ര ശ്രേഷ്ഠമായ ഉന്നതിയിൽ എത്തിച്ചുവെന്നാൽ മറ്റൊരു നബിയുടേയും കൈയാൽ ആ ശ്രേഷ്ഠമായ ഉന്നതി ഈ നിലയിൽ ഒരു കാലത്തും എത്തിയിട്ടില്ല. ഈ സംഭവങ്ങളിൽ ദൃഷ്ടി പായിക്കുമ്പോൾ നബി(സ)തിരുമേനി അല്ലാഹുവിൽനിന്നുള്ള സത്യമായ മാർഗദർശിയായിരുന്നുവെന്ന സാക്ഷ്യം അനിയന്ത്രിതമായി തിരയടിച്ച് പുറത്തുവരുന്നതായിരിക്കും. മതപരമായ ഏകപക്ഷീയതയും പിടിവാശിയുംകൊണ്ട് നിഷേധിക്കുന്നവന്റെ രോഗം ചികിത്സയില്ലാത്തതാണ്; അവൻ അല്ലാഹുവിനെത്തന്നെ നിഷേധിച്ചാലും! ഇല്ലെങ്കിൽ നബി(സ)തിരുമേനിയിൽ സമ്പൂർണമായ നിലയിൽ സമ്മേളിച്ചിട്ടുള്ള ഈ എല്ലാ സത്യസാക്ഷ്യത്തിന്റെ ലക്ഷണങ്ങളും മറ്റേതെങ്കിലും നബിയിൽ ഏതെങ്കിലുമൊന്ന് സ്ഥാപിച്ചു കാണിക്കുക: ഞങ്ങളും അറിയാൻ!'(ബറാഹീനെ അഹ്മദിയ്യാ, റൂഹാനീ ഖസാഇൻ വാള്യം 1, പേജ് 111)

### മുൻഗാമികളേയും പിൻഗാമികളേയും അപേക്ഷിച്ച് നബിതിരുമേനിയുടെ ഹൃദയവും മനസ്സും വിശാലവും

ഹദ്റത്ത് മുഹമ്മദു മുസ്തഫാ(സ)തിരുമേനി തന്റെ ആത്മശുദ്ധിയും കുലീനതയും വിശാലമനസ്കതയും ചാരിത്ര്യവും സത്യസന്ധതയും അർപണമനോഭാവവും ദൈവാനുരക്തിയും കാരണം ഏറ്റവും ശ്രേഷ്ഠവും ഉന്നതവും പരിപൂർണവും പരിശുദ്ധവും പ്രകാശിതവും ആയ മഹൽസ്ഥാനം അലങ്കരിച്ചിരുന്നു. തന്മൂലം അല്ലാഹു അദ്ദേഹത്തെ പരിപൂർണതയുടെ അതുല്യപരിമളം കൊണ്ടനുഗ്രഹിച്ചു. അദ്ദേഹത്തിന്റെ ഹൃദയത്തേയും മനസ്സിനേയും തന്റെ മുൻഗാമികളേയും പിൻഗാമികളേയും അപേക്ഷിച്ച് വളരെ വിശാലവും പരിശുദ്ധവും നിഷ്കളങ്കവും സ്നേഹസമ്പൂർണവുമാക്കിത്തീർത്തു. തൽഫലമായി മറ്റാർക്കും ലഭ്യമാകാത്ത പരിപൂർണവും സുശക്തവുമായ ദൈവികഭാഷണം കൊണ്ടദ്ദേഹം ധന്യനായി. ദൈവിക ഗുണങ്ങൾ വളരെ സ്ഫുടമായും സ്പഷ്ടമായും തെളിഞ്ഞു കാണത്തക്ക രീതിയിൽ സ്ഫടികസമാനമായ ഒരു ഹൃദയം അദ്ദേഹത്തിന് നല്കപ്പെട്ടു. അങ്ങനെ വിശുദ്ധ ഖുർആനിൽ കാണപ്പെടുന്ന ദൈവികപ്രഭയുടെ സുശക്തമായ കിരണങ്ങൾ മൂലം എല്ലാ പൂർവികഗ്രന്ഥങ്ങൾക്കും മങ്ങലേൽക്കുകയുണ്ടായി.(സുർമ ചശ്മ ആര്യ, റൂഹാനീ ഖസാഇൻ വാള്യം 2, പേജ്71, അടിക്കുറിപ്പ്)

### നബി(സ)തിരുമേനിയുടെ അനശ്വര ജീവിതത്തിന് ഒരു കനപ്പെട്ട തെളിവ്

സ്തുത്യർഹനായ നബിയുടെ അനശ്വരമായ അനുഗ്രഹപ്രവാഹം ഉണ്ടായിക്കൊണ്ടിരിക്കുന്നുവെന്നത് അവിടത്തെ അനശ്വരജീവിതത്തിന് വലിയൊരു കനപ്പെട്ട തെളിവാണ്. ഇക്കാലഘട്ടത്തിലും നബി(സ)തിരുമേനിയെ അനുധാവനം ചെയ്യുന്നവനും ഖബ്റിൽ എഴുന്നേല്പിക്കപ്പെടുകയും ഒരു ആത്മീയ ജീവിതം അവന് പ്രദാനം ചെയ്യപ്പെടുകയും ചെയ്യുന്നു. സാങ്കൽപികപരമായ നിലയിൽ മാത്രമല്ല പ്രത്യുത അവന്റെ ശരിയായതും സത്യസന്ധവുമായ ലക്ഷണങ്ങൾ പ്രകടമാകുന്നു. ആകാശീയമായ സഹായങ്ങളും ദിഗന്തരാളത്തിൽനിന്നുള്ള അനുഗ്രഹങ്ങളും പരിശുദ്ധാത്മാവിന്റെ അമാനുഷികമായ പിന്തുണകളും അദ്ദേഹത്തിനോടൊപ്പമുണ്ടാകുന്നു. അവൻ ലോകം മുഴുവനുമുള്ള മനുഷ്യരിൽവെച്ച് ഒരു വ്യത്യസ്ത മനുഷ്യനായി തീരുന്നു; എത്രത്തോളമെന്നാൽ അല്ലാഹു അവനുമായ സംസാരിക്കാൻ തുടങ്ങുകയും തന്റെ പ്രത്യേകമായ രഹസ്യങ്ങൾ അവനിൽ വെളിപ്പെടുത്തുകയും തന്റെ യാഥാർഥ്യങ്ങളും ജ്ഞാനങ്ങളും തുറക്കുകയും തന്റെ സ്നേഹത്തിന്റേയും കരുണയുടേയും തിളങ്ങുന്ന ലക്ഷണങ്ങൾ അവനിൽ സുവ്യക്തമാക്കുകയും തന്റെ സഹായങ്ങൾ അവനിൽ ഇറക്കുകയും തന്റെ അനുഗ്രഹങ്ങൾ അവനിൽവെക്കുകയും അവനെ തന്റെ പരിപാലനത്തിന്റെ കണ്ണാടിയാക്കിമാറ്റുകയും അവന്റെ നാവിലൂടെ യുക്തിജ്ഞാനം പ്രവഹിക്കുകയും അവന്റെ മനസ്സിൽനിന്ന് സാധാരണക്കാർക്ക് സുഗ്രാഹ്യമല്ലാത്ത കാര്യങ്ങളുടെ അരുവികൾ പുറപ്പെടുകയും രഹസ്യമായ കാര്യങ്ങൾ അവനിൽ പരസ്യമാക്കപ്പെടുകയും ചെയ്യുന്നു. അല്ലാഹു മഹത്തായ ഒരു ദിവ്യജ്യോതിസ്സ് അവനിൽ വെളിവാക്കുന്നു. അവനുമായി അങ്ങേയറ്റം അടുക്കുന്നു. അവന്റെ ദുആകൾ സ്വീകരിക്കുന്നതിലും അതിന്റെ അംഗീകാരങ്ങളിലും ഈശ്വരീയജ്ഞാനത്തിന്റെ കവാടങ്ങൾ തുറക്കുന്നതിലും അദൃശ്യകാര്യങ്ങൾ വെളിപ്പെടുന്നതിലും ബർക്കത്തുകൾ ഇറങ്ങുന്നതിലും ഏറ്റവും ഉന്നതിയിലും എല്ലാവരേയും അതിജയിച്ചുമിരിക്കുന്നു.(ആയിനയെ കമാലാത്തെ ഇസ്‌ലാം, റൂഹാനീ ഖസാഇൻ വാള്യം 5, പേജ് 221)

### നബി(സ)തിരുമേനിയുടെ ഉന്നതവും ഉദാത്തവുമായ മാഹാത്മ്യം

"നമ്മുടെ നബിനായകർ മുഹമ്മദ് നബി(സ) സത്യത്തിന്റെ അവതരണത്തിനായി വെളിപ്പെട്ട ഒരു മഹാപരിഷ്കർത്താവ് (മുജദ്ദിദെ അഅ്സം) ആയിരുന്നു. അപ്രത്യക്ഷമായ സത്യത്തെ അവിടന്നു വീണ്ടും ലോകത്ത് കൊണ്ടുവന്നു. ഈ അഭിമാനകൃത്യത്തിൽ നബിനായകരോടൊപ്പം മറ്റൊരു നബിയ്ക്കും പങ്കില്ല. സകലലോകവും പൂർണമായ അന്ധകാരത്തിൽപെട്ടു കിടക്കുന്നതായിട്ടാണ് അവിടന്നു കണ്ടത്. അവിടത്തെ ആവിർഭാവത്തോടെ ആ അന്ധകാരം പ്രകാശമായി മാറി. അവിടന്നു വെളിപ്പെട്ട ജനത മുഴുവനും തന്നെ 'ശിർക്കി'ന്റെ അഥവാ സൃഷ്ടിപൂജയുടെ മേലങ്കി അഴിച്ചുവച്ചു തൗഹീദിന്റെ അഥവാ ഏകദൈവാദർശത്തിന്റെ പുതപ്പണിയുന്നതുവരെ, എന്നല്ല, അവർ സത്യവിശ്വാസത്തിന്റെ അത്യുന്നതകളിലെത്തുന്നതുവരെയും, സത്യസന്ധതയുടേയും ആത്മാർഥതയുടേയും ദൃഢവിശ്വാസത്തിന്റെയും അപദാനങ്ങൾ ലോകത്ത് മറ്റൊരു ജനവിഭാഗത്തിലും കാണപ്പെടാത്തവിധം അവരിൽനിന്നു വെളിപ്പെടുമാറാകുന്നതുവരെയും അദ്ദേഹം ദിവംഗതനായില്ല. ഈ വിജയം, ഏതാദൃശമായ വിജയം, നബിനായകർ(സ)തിരുമേനിയ്ക്കല്ലാതെ മറ്റൊരു പ്രവാചകനും പ്രദാനം ചെയ്യപ്പെട്ടിരുന്നില്ല. അങ്ങേയറ്റം അധർമം നിറഞ്ഞിരുന്ന ഒരുകാലത്ത് സ്വാഭാവികമായും അത്യുജ്ജ്വലപ്രഭാവനായ ഒരു മഹാപരിഷ്കർത്താവിനെ ലോകം പ്രതീക്ഷിച്ചുകൊണ്ടിരുന്ന ഒരു കാലത്ത് പ്രത്യക്ഷനാകുകയും നിയോഗിക്കപ്പെടുകയും ചെയ്തുവെന്നു മാത്രമല്ല, ലക്ഷക്കണക്കിൽ മനുഷ്യർ സൃഷ്ടിപൂജ കൈവെടിഞ്ഞു തൗഹീദിന്റെ അഥവാ, ഏകദൈവാദർശത്തിന്റെ നേർവഴി അവലംബിക്കുമാറാകയും ചെയ്തിരുന്ന ഒരു കാലത്ത്, ഈ ലോകത്തുനിന്ന് വിരഹം പ്രാപിക്കുകയും ചെയ്തു എന്നതുതന്നെ തിരുനബിയുടെ പ്രവാചകത്വത്തിലേക്ക് ഏറ്റവും വലിയ ഒരു തെളിവാകുന്നു. ഈ പരിപൂർണമായ പ

(ശേഷം പേജ് 9ൽ)

## ലോകത്തിന്റെ നിലനില്പിന് ഇന്ന് ആവശ്യമുള്ള വസ്തു ഇസ്‌ലാമികാധ്യാപനമാണ്.

ഇസ്‌ലാമിനെ കുറിച്ച് ലോകത്തിന് പറഞ്ഞുകൊടുക്കാൻ ഓരോ അഹ്മദിയും അവരുടെ പങ്കുവഹിക്കേണ്ട ആവശ്യമുണ്ട്.

ആദരണീയനായ നബിയുടെ പരിശുദ്ധമാതൃകയുടെ അടിസ്ഥാനത്തിൽ ഇസ്‌ലാമിന്റെ യഥാർഥ അധ്യാപനങ്ങളുടെ വിവരണം.
അഹ്മദിയ്യാ ജമാഅത്ത് നബി(സ)തിരുമേനിയുടെ അനുഗൃഹീത ജീവിത ചരിത്രമനുസരിച്ച്
കർമം ചെയ്ത് ലോകത്തിന്റെ മുമ്പിൽ ഇസ്‌ലാമിന്റെ യഥാർഥ മുഖകമലം അവതരിപ്പിക്കാൻ ഉപദേശം.

നബി(സ)തിരുമേനിയുടെ അതുല്യമായ ഉൽകൃഷ്ട സ്വഭാവങ്ങൾ, ആരാധനകളുടേയും ജമാഅത്ത് നമസ്കാരത്തിന്റെ പാലനം, ദൈവസമർപണം, വിനയം, ഉപകാരസ്മരണ, നന്ദിപ്രകടനം തുടങ്ങിയവയുടെ മനംകവരുന്ന വിവരണം.

ആ സമ്പൂർണ നബിയുടെ ഉമ്മത്തിൽ വന്നതിന്റെ കടമ നിറവേറ്റുന്നവരായിത്തീരാൻ
അല്ലാഹു നമുക്ക് തൗഫീഖ് നല്കുമാറാകട്ടെ.
ആ മനോഹരവും നിർമലവുമായ മുഖകമലം ലോകത്തിന്റെ മുമ്പിൽ സമർപിച്ച്
ലോകത്തിലെ ഇരുട്ടിനെ അകറ്റുന്നവരാകട്ടെ. അല്ലാഹു നമുക്കതിന് തൗഫീഖ് നല്കുമാറാകട്ടെ.

**2019 ജൂലായ് 5 മുതൽ 7വരെ കാൾസ്റോയിൽ സംഘടിപ്പിച്ച**
**ജർമനി അഹ്മദിയ്യാ ജമാഅത്തിന്റെ 44-ാമത് ജൽസസാലാനയിൽ,**

**സയ്യിദുനാ അമീറുൽമുഅ്മിനീൻ ഹദ്റത്ത് ഖലീഫത്തുൽ**
**അൽഖാമിസ് അയ്യദഹുല്ലായുടെ സമാപന പ്രഭാഷണം**

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ- بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ-
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ-الرَّحْمٰنِ الرَّحِيْمِ-مٰلِكِ يَوْمِ الدِّيْنِ-
اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ-اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ-
صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ-
لَقَدْ كَانَ لَكُمْ فِيْ رَسُوْلِ اللّٰهِ اُسْوَةٌ حَسَنَةٌ لِّمَنْ كَانَ يَرْجُوا اللّٰهَ وَالْيَوْمَ
الْاٰخِرَ وَذَكَرَ اللّٰهَ كَثِيْرًا ـ (الاحزاب-22)

നിങ്ങൾക്ക് അല്ലാഹുവിന്റെ ദൂതനിൽ തീർച്ചയായും ഒരു ഉത്തമ മാതൃകയുണ്ട്; അതായത് അല്ലാഹുവിനേയും അന്ത്യനാളിനേയും ഭയപ്പെടുകയും അല്ലാഹുവിനെ അധികമായി സ്മരിക്കുകയും ചെയ്യുന്നവർക്ക്.

അമുസ്‌ലിം ലോകത്ത്, അല്ലെങ്കിൽ പാശ്ചാത്യ ലോകത്ത് അതുമല്ലെങ്കിൽ വികസിതലോകത്ത് മുസ്‌ലിമീങ്ങളെ സംബന്ധിച്ച് ആശങ്കകളാണ് നിലനില്ക്കുന്നത്. ഇസ്‌ലാമികാധ്യാപനങ്ങളെക്കുറിച്ച് അവർക്ക് അറിവ് കുറഞ്ഞ കാരണത്താൽ അത് അധികമാണ്. ഇസ്‌ലാമിന്റെ പേരിൽ ചില മുസ്‌ലിമീങ്ങളുടെ ഭീകരപ്രവർത്തനവും അക്രമങ്ങളും നിയമങ്ങൾ കൈയിലെടുക്കലുംകൊണ്ട് ഇസ്‌ലാം ഭീകരവാദ മതമാണെന്നുള്ളത് കൂടുതലായി അവരുടെ മനസ്സുകളിൽ ആഴ്ന്നിറങ്ങിയിരിക്കുന്നു. ഇന്ന് ഇസ്‌ലാമികാധ്യാപനത്തെ ലോകത്ത് പ്രചരിപ്പിക്കുന്നതിനും ഇസ്‌ലാമികാധ്യാപനത്തെക്കുറിച്ചുള്ള തെറ്റായ ധാരണകൾ മായിച്ചുകളയുന്നതിനുമുള്ള ജോലി നബി(സ) തിരുമേനിയുടെ സത്യസേവകനായ മസീഹ് മൗഊദിന്റേയും മഹ്ദിയെ മഅ്ഹൂദിന്റെയും ജമാഅത്തിനെ അല്ലാഹു ഏല്പിച്ചിരിക്കുകയാണ്. എല്ലാ അഹ്മദികളും പൂർണമായും അതിനുവേണ്ടി ശ്രമിക്കേണ്ട ആവശ്യമുണ്ട്. ലോകജനങ്ങൾ പ്രസ്സും മീഡിയായും പറയുന്നതുകേട്ട് നൂറുശതമാനവും അവർ പറയുന്നതാണ് ശരിയെന്ന് ധരിക്കുന്നു. മതത്തിനോടുള്ള താൽപര്യമാണെങ്കിൽ പൊതുവെ ലോകത്തുള്ള ഭൂരിഭാഗമാളുകൾക്കുമില്ലതന്നെ. ഇതിനാൽ ഈ അവസ്ഥകളിൽ കഠിനാധ്വാനംകൊണ്ടും നിരന്തരപരിശ്രമത്താലും ഇസ്‌ലാമിന്റെ മനോഹര അധ്യാപനത്തെ ലോകത്തിന് പറഞ്ഞുകൊടുക്കുക എന്നത് വളരെ വലിയ വെല്ലുവിളിയാണ്. മുസ്‌ലിമീങ്ങൾ ഇങ്ങനെ ചെയ്യുന്നത് അവരുടെ മതാധ്യാപനം കാരണത്താലാണെന്ന് സാധാരണ അമുസ്‌ലിമീങ്ങൾ മനസ്സിലാക്കുന്നു. ഇസ്‌ലാം മത സ്ഥാപകരായ ഹദ്റത്ത് മുഹമ്മദ് നബി(സ)യുടെ പ്രവൃത്തി അതായകാരണത്താലാണ് മുസ്‌ലിമീങ്ങൾ അത്തരം പ്രവൃത്തികൾ ചെയ്യുന്നതത്രെ!!

ഞാൻ പറഞ്ഞതുപോലെ ഈ സ്വാധീനങ്ങൾ മാറ്റുകയും ലോകത്തിന് ഇസ്‌ലാമിന്റെ മനോഹരമായ അധ്യാപനം പറഞ്ഞുകൊടുക്കുകയും ചെയ്യുന്നതിനുവേണ്ടി ഓരോ അഹ്മദിയും അവരവരുടെ പങ്കു വഹിക്കേണ്ടത് ആവശ്യമാണ്. നമ്മുടെ വാക്കുകൊണ്ടും പ്രവൃത്തികൊണ്ടും ഇസ്‌ലാമിന്റെ യഥാർഥ അധ്യാപനവും നബി(സ) തിരുമേനിയുടെ പ്രവൃത്തിയും എന്തായിരുന്നുവെന്ന് ലോകത്തിന് പറഞ്ഞുകൊടുക്കേണ്ട ആവശ്യമുണ്ട്. അല്ലാഹു ലോകത്തു മനുഷ്യരെ സൃഷ്ടിച്ചത് അവനോടുള്ള കടമ നിറവേറ്റുന്നതിനുവേണ്ടിയാണ്. അതുകൊണ്ട് മനുഷ്യരോടുള്ള കടമകളും നിറവേറ്റുക. അല്ലാഹുവിനോടുള്ള കടമ നിറവേറ്റന്നവർ തീർച്ചയായും മനുഷ്യരോടുള്ള കടമകളും നിറവേറ്റുന്നവരായിരിക്കും. ആ കടമകൾ നിറവേറ്റുന്നതിന് അല്ലാഹു നമ്മുടെ മുമ്പിൽ തന്റെ പ്രിയപ്പെട്ടവനും പ്രേമഭാജനവുമായ നബിയുടെ, സമ്പൂർണമനുഷ്യന്റെ മാതൃക വെച്ചിരിക്കുന്നു. പിന്നീട് ഈ സമ്പൂർണ മാതൃക നിങ്ങളുടെ മാർഗദർശിയാണെന്ന് നമ്മളോട് പറയുകയും ചെയ്തിരിക്കുന്നു. അദ്ദേഹത്തിന്റെ മാതൃക സ്വായത്തമാക്കുക. അദ്ദേഹത്തിന്റെ ഉമ്മത്തിലാണെന്ന് വാദിക്കുന്നവർ ഈ മാതൃകയുടെ എല്ലാ വശങ്ങളുമനുസരിച്ച് പ്രവൃത്തിക്കാൻ ശ്രമിക്കേണ്ടതാണ്. എന്നിട്ട് യഥാർഥ ഇസ്‌ലാം ഇതാണെന്നും അല്ലാതെ കുറച്ചു തീവ്രവാദികൾ ഇസ്‌ലാമിന്റെ പേരിൽ അവതരിപ്പിക്കുന്ന ഇസ്‌ലാമല്ലെന്നും അത് പാശ്ചാത്യ മാധ്യമങ്ങൾ ഇസ്‌ലാമിനെ അപമാനിക്കാൻ പെരുപ്പിച്ചു വിവരിക്കുകയാണെന്നും ലോകത്തിന് പറഞ്ഞുകൊടുക്കുക.

നബി(സ)തിരുമേനി നമ്മുടെ മുമ്പിൽ എങ്ങനെയുള്ള മനോഹരമായ ഉദാഹരണങ്ങളാണ് തന്റെ മാതൃകയിലൂടെ അവതരിപ്പിച്ചത്. അതിന്റെ ചില വശങ്ങൾ ഞാൻ ഇപ്പോൾ സമർപിക്കുകയാണ്. നമ്മൾ സ്വയം നമ്മെ ആ മാതൃകവെച്ച് ഉരച്ചുനോക്കുക. അവിടന്ന് നല്കിയ ഉപദേശം അതിശ്രേഷ്ഠമായ സ്വഭാവങ്ങളുടെ വെളിച്ചത്തിൽ അതിന്റെ കർമപരമായ ജീവിതത്തെ പരിശോധിക്കുക. ഇസ്‌ലാമികാധ്യാപനത്തിന്റെ വെളിച്ചത്തിൽ അവിടന്ന് നമുക്ക് നല്കിയ നിർദേശങ്ങളാണത്. അവ പരിശോധിക്കുക. അവിടന്ന് കാണിച്ച മാതൃകയനുസരിച്ച് നിങ്ങൾ നിങ്ങളെ നോക്കുക. നമ്മൾ അതനുസരിച്ച് നമ്മുടെ ജീവിതങ്ങൾ വാർത്തെടുക്കുമ്പോഴാണ് യഥാർഥത്തിൽ ഇസ്‌ലാം എന്തു വസ്തുവാണെന്ന് ലോകത്തോട് പറയാൻ കഴിയുന്നത്. ലോകത്തിന്റെ നിലനില്പിന് ഇന്ന് എന്തൊരു കാര്യമാണോ ആവശ്യമുള്ളത് അത് ഇസ്‌ലാമികാധ്യാപനം തന്നെയാണ്. അല്ലാഹു മാനുഷിക ജീവിതത്തിന്റെ യഥാർഥ ഉദ്ദേശ്യം ആരാധനയാണെന്ന് നിശ്ചയിച്ചിരിക്കുന്നു. നമ്മുടെ യജമാനർ(സ) നമ്മളോടു നിങ്ങളുടെ ജീവിതോദ്ദേശ്യം അല്ലാഹുവിനെ ആരാധിക്കലാണെന്ന് അല്ലാഹു പറഞ്ഞുവെന്ന് മാത്രമല്ല പറഞ്ഞത്. പ്രത്യുത അവിടന്ന് തന്റെ ആരാധനയുടെ നിലവാരം സ്ഥാപിച്ചുകൊണ്ട് അത് നമ്മുടെ മുമ്പിൽ സമർപപ്പിക്കുകയുമായിരുന്നു. അതുകൊണ്ട് ആരാധനയിലേക്ക് എല്ലാ മുഅ്മിനും ശ്രദ്ധിക്കേണ്ടതും ആ ഉദ്ദേശ്യം കരസ്ഥമാക്കാൻ ശ്രമിക്കേണ്ടതുമാണ്. അത് സ്വീകരിച്ച സർട്ടിഫിക്കറ്റും അല്ലാഹു പ്രദാനം ചെയ്തിട്ടുണ്ട്. അല്ലാഹു പറയുന്നു:

*അല്ലദീയറാക്ക ഹീന തഖൂമു വതഖല്ലുബക്ക ഫിസ്സാജിദീൻ* (അശ്ശുഅ്റാഅ്: 219-220)

നീ (തനിച്ച് നമസ്കാരത്തിന്) നില്ക്കുമ്പോൾ നിന്നെ കാണുന്നവനത്രെ അവൻ; സാഷ്ടാംഗം പ്രണമിക്കുന്നവരുടെ ഇടയിലുള്ള നിന്റെ അസ്വസ്ഥതകളും.'

ഇതാണ് ആ മഹാത്മാവിന്റെ സുജൂദുകളുടേയും ആരാധനകളുടേയും അവസ്ഥ. അതായത് അസ്വസ്ഥതയിൽ എത്രമാത്രം ഉയർന്നുവെന്നാൽ അല്ലാഹു തന്റെ സ്നേഹദൃഷ്ടി പ്രത്യേകമായ നിലയിൽ അവിടത്തെ ഈ ആരാധനയേയും അസ്വസ്ഥതയേയും കുറിച്ച് പ്രതിപാദിക്കുന്നു. ഈ അസ്വസ്ഥത എന്തിനായിരുന്നു; ആർക്കുവേണ്ടിയായിരുന്നു? ആ അസ്വസ്ഥതയും ദുആകളും തന്റെ ഉമ്മത്തിന്-സമുദായത്തിനു വേണ്ടിയായിരുന്നു. ആ അസ്വസ്ഥതയും ദുആകളും മാനവി

കതയ്ക്കു വേണ്ടിയായിരുന്നു. ആ അസ്വസ്ഥതകളും ദുആകളും അല്ലാഹുവിൽനിന്ന് അകന്നുകിടക്കുന്നവർ തങ്ങളുടെ ജന്മോദ്ദേശ്യം മനസ്സിലാക്കുന്നതിനു വേണ്ടിയായിരുന്നു. കാരണം ഈ അകൽച്ച അല്ലാഹുവിന്റെ വെറുപ്പിന് നിമിത്തമായിതീർന്നേക്കാം. അതുകൊണ്ടാണ് അവിടത്തെ ഈ അസ്വസ്ഥത കണ്ടുകൊണ്ട് അല്ലാഹു നബിയോടു ഇങ്ങനെയും പറഞ്ഞത്. *ലഅല്ലക്ക ബാഖിഉൻ നഫ്സക്ക അല്ലാ യക്കൂനൂ മുഅ്മിനീൻ.* അവർ വിശ്വാസികളാകാത്ത കാരണത്താൽ (ദുഃഖം നിമിത്തം) നീ നിന്റെ ജീവിനെ നശിപ്പിച്ചേക്കാം (26:4). ആ നിഷേധികൾ അല്ലാഹുവിൽ വിശ്വസിക്കാത്തതുകൊണ്ട് നിന്റെ മനസ്സ് അസ്വസ്ഥമാണ്; എന്തുകൊണ്ട് അവർ അല്ലാഹുവിൽ വിശ്വസിച്ച് തങ്ങളുടെ ദുൻയാവും പരലോകവും സുവർണമാക്കുന്നില്ല. അതിനാൽ അവിടത്തെ ആരാധനയുടെ നിലവാരത്തെക്കുറിച്ച് അറിയാൻ കഴിയുന്നതിനോടൊപ്പം മാനവരാശിയെ നാശത്തിൽനിന്ന് രക്ഷിക്കുന്നതിനുള്ള അവിടത്തെ പരിശുദ്ധഹൃദയത്തിന്റെ വേദനാവസ്ഥയും മനസ്സിലാക്കാം. അങ്ങനെയുള്ള വ്യക്തി എപ്പോഴെങ്കിലും അക്രമം ചെയ്യുമോ?

തീർച്ചയായുമില്ല. അവിടന്ന് അല്ലാഹുവിനെ ആരാധിക്കാനും അവന്റെ സൃഷ്ടികളെ സേവിക്കാനും വേദനയോടെ ജീവിതത്തിന്റെ ഓരോ നിമിഷവും ത്യാഗം ചെയ്തു. അവിടത്തെ ഇബാദത്തിന്റെ അവസ്ഥ നേരിട്ട് കാണുന്നതിന് ചിലപ്പോൾ സ്വഹാബത്തിനും അവസരം കിട്ടിയിരുന്നു. ഒരു സ്വഹാബി പറയുന്നു: ഞാൻ നബി(സ) തിരുമേനി നമസ്കരിക്കുന്നത് കണ്ടു. ആ നേരത്ത് അതികഠിനമായ വിഷമംകൊണ്ട് അവിടത്തെ നെഞ്ചകത്തുനിന്ന് ചക്ക് ആട്ടുമ്പോൾ ഉണ്ടാകുന്ന ശബ്ദംപോലെ, ശബ്ദം പുറപ്പെട്ടിരുന്നു. (സുനൻ അബൂദാവൂദ്, കിതാബുസ്സലാത്ത്, ബാബ് അൽബുക്കാ ഫിസ്സലാത്തി, ഹദീഥ് 904)

ഈ ദുആകൾ എന്തായിരുന്നു? ഇത് അല്ലാഹുവിന്റെ അഭയത്തിൽ ഇരിക്കുന്നതിനുള്ള ദുആകളായിരുന്നു. ഇത് ഉമ്മത്തിനുവേണ്ടിയുള്ള ദുആകളായിരുന്നു. ഇത് മാനവരാശിയെ നാശത്തിൽനിന്ന് രക്ഷിക്കുന്നതിനുവേണ്ടിയുള്ള ദുആകളായിരുന്നു. ഇത് അക്കാലത്ത് വിപ്ലവമുണ്ടാക്കിയ നബി(സ)തിരുമേനിയുടെതന്നെ ദുആകളായിരുന്നു. നൂറ്റാണ്ടുകളായി മൃതരായി കിടന്നവർ ജീവനുള്ളവരായി അല്ലാഹുവിന്റെ യഥാർഥ ദാസരായിത്തീർന്നു. ഇത് നബി(സ)തിരുമേനിയുടെ ദുആകൾ തന്നെയായിരുന്നു. അത് സ്വീകാര്യതയുടെ പദവി പ്രാപിച്ച് ഇക്കാലത്ത് നബി(സ)തിരുമേനിയുടെ സത്യസന്ധനായ ദാസനെ, ഈ തകർന്നുതരിപ്പണമായ കാലഘട്ടത്തിൽ ഇസ്‌ലാമിന്റെ പുനരുഥാനത്തിനായി അയച്ചു. അതുകൊണ്ട് നമ്മുടെ ആരാധനകളുടെ നിലവാരം ഉയർത്തുക എന്നത് അഹ്മദികളായ നമ്മുടെ ഉത്തരവാദിത്വമാണ്. ദൈവസന്നിധിയിൽ ഈ മാതൃകയിലൂടെ നടക്കാൻ ശ്രമിച്ചുകൊണ്ട് എങ്ങനെയുള്ള സുജൂദുകൾ ചെയ്യണമെന്നാൽ, കേവലം നമ്മുടെ വ്യക്തിഗതമായ ഉദ്ദേശത്തിനായല്ല പ്രത്യുത അല്ലാഹുവിന്റെ ഭരണം ലോകത്ത് സ്ഥാപിക്കുന്നതിനും നബി(സ)തിരുമേനിയുടെ പതാക ലോകത്ത് പറപ്പിക്കുന്നതിനും നമ്മുടെ സ്രഷ്ടാവായ അല്ലാഹുവിന്റെ അടുത്ത് ജനങ്ങളെ കൊണ്ടുവരുന്നതിനും ലോകത്തെ നാശത്തിൽനിന്ന് രക്ഷിക്കുന്നതിനു വേണ്ടിയും ചെയ്യേണ്ടതാണ്.

ഫർളും ജമാഅത്തോടുകൂടിയതുമായ നമസ്കാരത്തിന് നബി(സ)തിരുമേനി എത്രമാത്രം ഒരുക്കങ്ങളാണ് നടത്തിയത്, എന്നല്ല ചില അവസ്ഥകളിൽ അതിനുവേണ്ടി ബുദ്ധിമുട്ടുകൾ സഹിക്കുമായിരുന്നുവെന്നും പറയേണ്ടതാണ്. അത് ഈ സംഭവത്തിലൂടെ നല്ലവണ്ണം അറിയാൻ കഴിയുന്നു; 'ഉഹുദു യുദ്ധത്തിന്റെ വൈകുന്നേരം ഇരുമ്പുചട്ടയുടെ ആണി നബി(സ)തിരുമേനിയുടെ വലതു കവിളിൽ തറച്ച കാരണത്താൽ നബി(സ)തിരുമേനിയുടെ രക്തം ഒരുപാടൊഴുകിപ്പോയിരുന്നു. അവിടന്ന് ഗുരുതരമായ പരിക്കേറ്റ നിലയിലായി. ഇതിനുപുറമെ 70 സ്വഹാബിമാരുടെ ശഹാദത്തിന്റെ മുറിവ് അതിനേക്കാൾ കൂടുതൽ ബുദ്ധിമുട്ടുണ്ടാക്കുന്നതായിരുന്നു. ആ ദിവസവും ബാങ്കുവിളി കേട്ടുടനെ സാധാരണ ദിവസത്തെ പോലെ സുബ്ഹി നമസ്കാരത്തിന് അവിടന്ന് മസ്ജിദിൽ വന്നു.' (ഉസ്വയെ ഇൻസാനെ കാമിൽ, പേജ് 84)

നബി(സ) തിരുമേനിയുടെ ഇതേ കർമമായിരുന്നു സ്വഹാബാക്കളിലും ആരാധനകളുടെ നിലവാരം സ്ഥാപിച്ചുകാണിച്ചത്.

അതിനാൽ ഇന്ന് നമ്മളിലോരോരുത്തരും ആത്മപരിശോധന നടത്തേണ്ടതാണ്. ഇന്ന് മസീഹ് മൗഊദിന്റെ ജമാഅത്ത് മുഖേന ഇസ്‌ലാമിന്റെ പുനരുദ്ധാരണം നടക്കുമെന്ന മുദ്രാവാക്യം നാം മുഴക്കുമ്പോൾ നമ്മൾ തന്നെയാണ് ഇസ്‌ലാമിന്റെ അധ്യാപനത്തെ വീണ്ടും ജീവിപ്പിക്കേണ്ടത്. നമ്മുടെ ആരാധനകളും ജമാഅത്തായ നമസ്കാരങ്ങളുടെ നിലവാരങ്ങളും അതിനടുത്തെങ്കിലുമുണ്ടോ? അല്പം ബുദ്ധിമുട്ടുണ്ടാകുമ്പോൾ മസ്ജിദിൽ പോകാതിരിക്കാനുള്ള ഒഴികഴിവ് തിരയുന്നു. രാവിലെ എഴുന്നേല്ക്കുമ്പോൾ രണ്ടു തുമ്മിയാൽ ഇന്ന് ആരോഗ്യം മോശമാണ് അതുകൊണ്ട് വീട്ടിൽ നമസ്കരിക്കാമെന്ന് പറയുന്നു. മനസ്സുവച്ചാൽ അലസതകൾ അകലുന്നതായിരിക്കും. അതിനാൽ നമ്മളും നമ്മുടെ ആരാധനകളുടെ നിലവാരം ഉയർത്താൻ ശ്രമിക്കേണ്ടതാണ്. ഈ ദുആകൾത്തന്നെയാണ് ഇക്കാലഘട്ടത്തിൽ ലോകത്ത് മാറ്റത്തിനുള്ള മാർഗമായിത്തീരുന്നത്. ദുആകൾ കൂടാതെ നമ്മുടെ തബ്‌ലീഗ് നിഷ്ഫലമാണ്. ദുആകളില്ലെങ്കിൽ നമ്മുടെ വൈജ്ഞാനികമായ കഴിവുകൾ നിഷ്ഫലമാണ്. അതുകൊണ്ട് ലോകത്തിന് യഥാർഥ ഇസ്‌ലാം പഠിപ്പിക്കണമെങ്കിൽ ഏറ്റവുമാദ്യം നബി(സ)തിരുമേനിയുടെ സ്വഹാബത്ത് ആ മഹാത്മാവിനെ അനുധാവനം ചെയ്തുകൊണ്ട് സ്ഥാപിച്ച ഈ നിലവാരത്തിലുള്ള ബന്ധം അല്ലാഹുവുമായി ഉണ്ടാക്കാൻ നമ്മൾ ശ്രമിക്കേണ്ടതാണ്. അതിന്റെ ചിത്രം ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇങ്ങനെ കോറിയിട്ടിരിക്കുന്നു. അവിടന്ന് പറയുന്നു:'വിശുദ്ധ ഖുർആൻ അവരുടെ(സ്വഹാബത്തിന്റെ) ആദ്യത്തെ അവസ്ഥ ഇങ്ങനെ വരച്ചുകാണിച്ചത് അത്യധികം വലിയ കാര്യമാണ്. *യഅ്കുലൂന കമാ തഅ്കുലുൽ ആൻആമ* (47:13) കാലികൾ തിന്നുന്നതുപോലെയാണ് അവർ തിന്നാറുണ്ടായിരുന്നത്. കുഫ്റിന്റെ കാലത്തെ അവരുടെ അവസ്ഥ അതായിരുന്നു. പിന്നീട് നബി(സ)തിരുമേനിയുടെ പരിശുദ്ധ സ്വാധീനങ്ങൾ അവരിൽ പരിവർത്തനമുണ്ടാക്കിയപ്പോൾ അവരുടെ അവസ്ഥ *യബീത്തൂന ലി റബ്ബിഹിം സുജ്ജദൻ വ്വ ഖിയാമാ*(25:65)എന്നായി. അതായത് അവർ തങ്ങളുടെ റബ്ബിന്റെ തിരുസന്നിധിയിൽ നിന്നും സുജൂദു ചെയ്തും രാത്രികൾ കഴിച്ചുകൂട്ടി.(മൽഫൂദാത്ത് വാള്യം 9, പേജ് 145)

ഈ അവസ്ഥയാണ് നമ്മളും നമ്മുടെ ഉള്ളിൽ ഉണ്ടാക്കാൻ ശ്രമിക്കേണ്ടത്. അല്ലാതെ സുബ്ഹിയുടെ നേരത്തും എഴുന്നേല്ക്കാൻ മടി കാണിക്കുക എന്നതല്ല. ഹദ്റത്ത് അലി(റ) വിവരിക്കുന്നു:'നബി(സ)തിരുമേനി ജീവൻ വെടിയാൻ പോകുകയും ശ്വാസം മുട്ട് അനുഭവപ്പെടുകയും ചെയ്ത നേരത്ത് ചെയ്ത അവസാന വസിയ്യത്തും അവസാന സന്ദേശവും 'നമസ്കാരവും അടിമകളോടുള്ള കടമകളും ശ്രദ്ധിക്കണം' എന്നതായിരുന്നു.(സുനൻ ഇബ്നുമാജ കിതാബുൽവസായാ ഹദീഥ് 2698)

ഇതാണ് അല്ലാഹുവിനോടുള്ള കടമ നിറവേറ്റുന്നതിന്റേയും സൃഷ്ടികളോടുള്ള കടമ നിറവേറ്റുന്നതിന്റേയും നബി(സ)തിരുമേനിയുടെ അവസ്ഥ. ഒരു മുഅ്മിൻ എപ്പോഴും മുമ്പിൽ വെക്കേണ്ട നബി(സ)തിരുമേനിയുടെ അവസാനത്തെ ഉൽബോധനമായിരുന്നു അത്. നമ്മൾ മസീഹ് മൗഊദ്(അ)നെ വിശ്വസിച്ചതിന്റെ ഉദ്ദേശ്യവും അതുതന്നെയാണ്. ഇത് എപ്പോഴും നമ്മൾ മുമ്പിൽ വെക്കേണ്ടതാണ്. അല്ലാതെ അലസതകളിലും ഭൗതികമായ തിരക്കുകളിലും മുങ്ങി സ്വന്തം ജീവിതത്തിന്റെ ഉദ്ദേശ്യം മറക്കുക എന്നതല്ല.

പിന്നീടുള്ളത് അല്ലാഹുവിൽ സർവവും ഭരമേല്പിക്കുന്നതിന്റെ (തവക്കുലിന്റെ)അവസ്ഥയാണ്. ഇക്കാര്യത്തിലും നബി(സ)തിരുമേനിയുടെ മാതൃക ഉന്നതമാണ്. അല്ലാഹു പറഞ്ഞിരിക്കുന്നു: *വ തവക്കൽ അലല്ലാഹി വ കഫാ ബില്ലാഹി വക്കീലാ*(4:82) നീ അല്ലാഹുവിൽ ഭരമേല്പിക്കുകയും ചെയ്യുക. കാര്യനിർവാഹകനായി അല്ലാഹു മതി. അവിടത്തെ ജീവിതത്തിൽ എല്ലാ അവസരത്തിലും ഈ മാതൃക നമുക്ക് കാണാൻ കഴിയുന്നു. എന്നല്ല മരണരോഗാവസ്ഥയുടെ നേരത്തും നബി(സ)തിരുമേനിക്ക് തന്റെ ജീവിതത്തിൽ എപ്പോഴെങ്കിലും തവക്കുൽ ചെയ്യാത്ത അവസ്ഥ ഉണ്ടായിട്ടുണ്ടോ എന്ന ചിന്തയായിരുന്നു. അങ്ങനെ ഒരു അവസ്ഥയിൽ അല്ലാഹുവിന്റെ സന്നിധിയിൽ ഹാജരാകാൻ അവിടന്ന് ഇഷ്ടപ്പെട്ടിരുന്നില്ല. ഹദ്റത്ത് ആഇശ(റ) പറയുന്നു: നബി(സ) തിരുമേനി എന്റെ കൈയിൽ ഏഴോ എട്ടോ ദീനാർ തന്നു. അവസാനമുണ്ടായ രോഗാവസ്ഥയിൽ ചോദിച്ചു:ഞാൻ നിന്റെ കൈയിൽത്തന്ന ആ സ്വർണം നീ എന്താണ് ചെയ്തത്? അതെന്റെ കൈയിൽത്തന്നെയുണ്ടെന്ന് ഹദ്റത്ത് ആഇശ(റ) പറഞ്ഞു. 'ആഇശാ! അത് സ്വദഖ ചെയ്യുക' എന്ന് അപ്പോൾ അവിടന്ന് പറഞ്ഞു. അതിനുശേഷം ഹദ്റത്ത് ആഇശാ ഏതൊ തിരക്കിലായിപ്പോയി. പിന്നീട് നബി(സ)തിരുമേനിക്ക് ഓർമ വന്നപ്പോൾ ചോദിച്ചു: 'നീ അത് സ്വദഖ ചെയ്തുവോ?' ചെയ്തിട്ടില്ലെന്ന് ഹദ്റത്ത് ആഇശ അറിയിച്ചു. 'നീ ഇപ്പോൾത്തന്നെപോയി അതെടുത്ത് എന്റെ കൈയിൽത്തരിക' എന്ന് അവിടന്ന് പറഞ്ഞു. അവിടന്ന് ആ ദീനാർ വാങ്ങി തന്റെ കൈയിൽ വെച്ചു. എന്നിട്ടു പറഞ്ഞു:അല്ലാഹുവുമായിട്ടുള്ള കൂടിക്കാഴ്ചയ്ക്കുവേണ്ടി ദുൻയാവിൽനിന്ന് യാത്രയാകുന്ന നേരത്ത് ഈ ദീനാ

## കലാമുൽ ഇമാം:-

**സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: "അല്ലാഹുവിനോടുണ്ടാകേണ്ട സത്യസന്ധത, കൂറ്, ആത്മാർഥത, സ്നേഹം അല്ലാഹുവിലുള്ള സമർപ്പണം ഒന്നും ഇല്ലാതായിപ്പോയിരിക്കുന്നു."(മൽഫൂദാത്ത് വാള്യം 6 പേജ് 352)**

**ത്വാലിബെ ദുആ:**
**Members of lajna Imayillah,**
**Ahmadiyya jama'ath Mathottam (Kerala)**

## ഹദീസുന്നബ്‌വി(സ)

**നബി(സ)തിരുമേനി പറഞ്ഞു: 'പ്രവർത്തനങ്ങൾക്ക് പ്രതിഫലം നല്കുന്നത് ഉദ്ദേശ്യമനുസരിച്ച് മാത്രമാകുന്നു. ഓരോ മനുഷ്യനും അവനുദ്ദേശിച്ചതെന്തോ അതാണ് ലഭിക്കുക.' (ബുഖാരി, കിതാബുൽ വഹ്‌യ്, ഹദീഥ് നമ്പർ 1)**

**ത്വാലിബെ ദുആ:**
**Rahman Shakeer & Family**
**Ahmadiyya Jama-ath Karulai, Kerala.**

ർ തന്റെ കൈയിലുണ്ടെങ്കിൽ മുഹമ്മദിന് തന്റെ റബ്ബിൽ എന്തു തവക്കുലാണുള്ളത്? തുടർന്ന് നബി(സ)തിരുമേനി ആ ദീനാർ സ്വദഖ കൊടുത്തു."(അത്ത്വബഖാത്തുൽ കുബ്റാ വാല്യം 2, പേജ് 183, ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990)

പക്ഷേ, അവിടന്ന് മറ്റുള്ളവരെ ഉപദേശിച്ചത് ഇങ്ങനെയാണ്: 'ഞാൻ അല്ലാഹുവിന്റെ നബിയും അവന് പ്രിയപ്പെട്ടവനുമാണ്. എന്നോടുള്ള പെരുമാറ്റമാണ് ഞാൻ പറഞ്ഞത്. അല്ലാഹുവിൽ നിങ്ങളും തവക്കുൽ ചെയ്യുക. എന്നാൽ, നിങ്ങളുടെ മക്കളെ പട്ടിണിയിൽനിന്നും പരീക്ഷണങ്ങളിൽനിന്നും രക്ഷിക്കുന്നതിന് അവർക്കുവേണ്ടി നിങ്ങളുടെ പക്കൽ എന്തെങ്കിലും സ്വത്തുവകകളോ പണമോ വിട്ടുപോകുകയാണെങ്കിൽ മൂന്നിലൊന്നിനെക്കാൾ കൂടുതൽ വസ്വിയത്തു ചെയ്യാൻ നിങ്ങൾക്ക് അനുവാദമില്ല.' (സ്വഹീഹുൽ ബുഖാരി, കിതാബുൽ വസ്വായ, ഹദീഥ് 2742)

അല്ലാഹു ഇതുകൊണ്ടാണ് വിശുദ്ധ ഖുർആനിൽ അനന്തരാവകാശത്തിന്റെ മാർഗം വിശദീകരിച്ചു പറഞ്ഞിട്ടുള്ളത്. അതിനോടൊപ്പം നബി(സ)തിരുമേനി ഇങ്ങനേയും പറഞ്ഞു: 'മനുഷ്യപുത്രന്റെ മനസ്സിലെ ഓരോ താഴ്‌വരയിലും ഒരു മലയിടുക്ക് ഉണ്ടായിരിക്കും. സകല മനുഷ്യരുടേയും മനസ്സിൽ ഈ മലയിടുക്ക് ഉണ്ട്; ഒരു താഴ്‌വരയുണ്ട്. ആരുടെ മനസ്സാണോ ഈ എല്ലാ മലയിടുക്കിന്റേയും പിന്നാലെ ചേർന്നിരിക്കുന്നത് അല്ലാഹു അവനെ വകവെക്കുകയില്ല; അതായത് താഴ്‌വരയെയാണ് അവന്റെ നാശത്തിനു കാരണമായിത്തീരുന്നത്. ആരാണോ അല്ലാഹുവിൽ തവക്കുൽ ചെയ്യുന്നത് അല്ലാഹു അവനെ ആ എല്ലാ മലയിടുക്കുകളിൽനിന്നും രക്ഷിക്കുന്നതാണ്.' (സുനൻ ഇബ്നു മാജ, കിതാബുസ്സുഹ്ദ്, ഹദീഥ് 4166)

അതുകൊണ്ട് ഇസ്‌ലാം ഭൗതികജോലികൾ ചെയ്യാനും അനുവാദം നല്കുന്നു. പക്ഷേ, രാപ്പകൽ സ്വത്തുക്കൾ വാരിക്കൂട്ടുന്നതിനും ഭൗതികജോലികളിൽമാത്രം മുഴുകിയിരിക്കുന്നതിനേയുമാണ് വിലക്കുന്നത്. അടിസ്ഥാനപരമായി അതു പറയുന്നത് അല്ലാഹുവിനെ ആരാധിക്കുകയും അവനിൽ തവക്കുൽ ചെയ്യുകയും ചെയ്യാനാണ്. ഇതുണ്ടാകുമ്പോൾ ഭൗതികമായ ബുദ്ധിമുട്ടുകളിൽനിന്നും മനുഷ്യൻ രക്ഷപ്പെടുന്നതാണ്. നബി(സ)തിരുമേനി ഉമ്മത്തിനോടു അല്ലാഹുവിൽ തവക്കുൽ ചെയ്യാൻ ഉപദേശിച്ചുകൊണ്ടു പറഞ്ഞു: 'നിങ്ങൾ അല്ലാഹുവിൽ തവക്കുൽ ചെയ്യേണ്ട മുറയനുസരിച്ച് തവക്കുൽ ചെയ്യുകയാണെങ്കിൽ അവൻ നിങ്ങൾക്കു തീർച്ചയായും പക്ഷികൾക്കു കൊടുക്കുന്നതുപോലെ ജീവിതവിഭവം നല്കുന്നതായിരിക്കും; അവ വെറും വയറോടെ രാവിലെ പുറപ്പെട്ടുപോകുന്നു.വൈകുന്നേരം വയറുനിറച്ച് മടങ്ങിവരുന്നു.'(സുനൻ ഇബ്നു മാജ, കിതാബുസ്സുഹ്ദ്, ഹദീഥ് 4164)

ഇക്കാര്യം, അല്ലാഹുവിൽനിന്നു തന്നെയാണ് ജീവിതവിഭവം വരുന്നതെന്നതിലേക്ക് എപ്പോഴും നമ്മുടെ ശ്രദ്ധ കൊണ്ടുപോകുന്നതിനുവേണ്ടിയുള്ളതാണ്. ജീവിതവിഭവം കരസ്ഥമാക്കുന്നതിന് നമ്മുടെ ആരാധനകൾ ബലിയാക്കാൻ പാടില്ല. ജോലികളൊക്കെ നടക്കുകതന്നെ വേണം. പക്ഷേ, യഥാർഥ തവക്കുൽ അല്ലാഹുവിന്റെ സത്തയിലായിരിക്കണം. ജോലിക്കുവേണ്ടി ഇബാദത്തുകൾ ബലികഴിക്കരുത്. നബി(സ)തിരുമേനിയുടെ തവക്കുലിനെ കുറിച്ച് ഒരിടത്ത് ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: 'നബി(സ)തിരുമേനിയുടെ ജീവിതസംഭവങ്ങളിൽ കണ്ണോടിക്കുമ്പോൾ അവിടന്ന് അകവും പുറവും ഒരു പോലെയുള്ള ഉന്നതനും നിർമലനും അല്ലാഹുവിനുവേണ്ടി ജീവൻ ത്യാഗം സന്നദ്ധനും സൃഷ്ടികളെ ഭയപ്പെടുന്നതിൽനിന്നും അവരിൽ പ്രതീക്ഷ അർപിക്കുന്നതിൽനിന്നും തികച്ചും മുഖംതിരിക്കുന്ന വ്യക്തിയും അല്ലാഹുവിൽമാത്രം തവക്കുൽ ചെയ്യുന്ന ആളുമാണെന്ന് സുതരാം വ്യക്തമാകുന്നു. അക്കാര്യങ്ങളെയൊന്നും ഒട്ടും വകവെക്കാതെ അല്ലാഹുവിന്റെ അഭീഷ്ടത്തിലും ഇച്ഛയിലും ലയിക്കുകയും അതിൽ വിലയം പ്രാപിക്കുകയും ചെയ്തു. അതായത് തൗഹീദിന്റെ വിളംബരത്തോടെ തന്നിൽ എന്തെന്തല്ലാം കെടുതികൾ വന്നു വീഴുമെന്നതും മുശ്രിക്കീങ്ങളുടെ കൈയാൽ എന്തെന്തല്ലാം വിഷമവും ദുഖവും സഹിക്കേണ്ടിവരുമെന്നതുമൊന്നും അവിടന്ന് വകവെച്ചില്ല. മറിച്ച് എല്ലാ കഠിനമായ ബുദ്ധിമുട്ടുകളേയും വിഷമങ്ങളേയും തന്റെ ആത്മാവിന് അനുകൂലമാക്കിക്കൊണ്ട് യജമാനന്റെ കല്പന നിറവേറ്റി. മുജാഹദയ്ക്കും ഉൽബോധനത്തിനും ഉപദേശത്തിനും എന്തെല്ലാം നിബന്ധനകളാണോ ഉള്ളത് അതെല്ലാം പാലിച്ചു. ഭയപ്പെടുത്തുന്നവർക്ക് ഒരു വിലയും നല്കിയില്ല. നാം സത്യമായും പറയുന്നു, 'ഏതു നബിമാരുടെ ജീവിതസംഭവങ്ങൾ എടുത്തുനോക്കിയാലും ഇത്ര മാത്രം ഭയാനകമായ നാട്ടിൽ, ശത്രുക്കളുണ്ടായിട്ടും സ്ഥിരതയോടും സ്ഥൈര്യത്തോടുംകൂടിനിന്ന് ഈ രീതിയിൽ അല്ലാഹുവിൽ തവക്കുൽ ചെയ്ത് പരസ്യമായി ബഹുദൈവാരാധനയേയും സൃഷ്ടിപൂജിയേയും വിലക്കിയ ഒരാളെ കാണുകയില്ല.'(ബറാഹീനെ അഹ്മദിയ്യ റൂഹാനീ ഖസാഇൻ വാല്യം 1, പേജ് 111–112)ന

ഉൽകൃഷ്ട ഗുണങ്ങളിലൊന്നാണ് നന്ദി പ്രകടനം. ഈ സവിശേഷ ഗുണസംബന്ധമായി നബി(സ)തിരുമേനിയുടെ ഉത്തമമാതൃക എന്തായിരുന്നു. എങ്ങനെ നന്ദിയുള്ളവനാകണം എന്ന തിരച്ചിലിലായിരുന്നു എപ്പോഴും നബി(സ)തിരുമേനി. അല്ലാഹുവിനോടു ഏറ്റവുമധികം നന്ദിയുള്ളവനായിത്തീരണം. ഹദീഥിൽ വന്നിരിക്കുന്നു, ഈ ഉദ്ദേശ്യ സാഫല്യത്തിനായി അവിടന്ന് ദുആ ചെയ്യാറുണ്ടായിരുന്നു: 'എന്റെ പ്രിയപ്പെട്ട അല്ലാഹുവേ! എന്നെ നിന്നോടു നന്ദി പ്രകടിപ്പിക്കുന്നവനും ധാരാളമായി നിന്നെ സ്മരിക്കുന്നവനുമാക്കേണമേ!'(സുനൻ അബൂദാവൂദ്, കിതാബുൽ വിത്ർ ഹദീഥ് 1510)

ഒരു നിവേദനത്തിൽ ഈ പദങ്ങൾ അധികമായി വന്നിട്ടുണ്ട്. 'അല്ലാഹുവേ, എന്നെ നീ നിന്നോടു ഏറ്റവുമധികം നന്ദികാണിക്കുന്നവനും നിന്റെ ഉപദേശമനുസരിച്ച് ജീവിക്കുന്നവനും നിന്റെ വസ്വിയ്യത്ത് ഓർമിക്കുന്നവനുമാക്കേണമേ.'(മുസ്നദ് അഹ്മദ് ബിൻ ഹമ്പൽ വാല്യം 3, പേജ് 216, ഹദീഥ് 8087 മുസ്നദ് അബൂഹുറയ്റ(റ), പ്രസാധകർ ആലമുൽകുതുബ് ബേറൂത്ത് 1998)

എന്തൊരു വിനയാവസ്ഥയാണിത്! ദുൻയാവിലെ ഏറ്റവുമധികം നന്ദികാണിക്കുന്ന വ്യക്തി, തന്നെ ഏറ്റവുമധികം നന്ദികാണിക്കുന്നവനാക്കേണമേ എന്ന് ദുആ ചെയ്യുന്നു!

ഒരിക്കൽ നബി(സ)തിരുമേനി റൊട്ടിക്കഷണത്തിൽ ഈത്തപ്പഴം വെച്ചുകൊണ്ട് 'ഈ ഈത്തപ്പഴം ഈ റൊട്ടിക്കുള്ള കറിയാണ്' എന്നു പറഞ്ഞു തിന്നുകയായിരുന്നു. അവിടന്ന് അതിന് നന്ദികാണിക്കുകയായിരുന്നു.(സുനൻ അബൂദാവൂദ് കിതാബുൽ അത്ഇമ,ഹദീഥ് 3030)

മിക്കപ്പോഴും വിനാഗിരികൊണ്ടും അല്ലെങ്കിൽ വെള്ളത്തിൽമുക്കിയുമായിരുന്നു റൊട്ടി കഴിക്കാറുണ്ടായിരുന്നത്. അപ്പോഴും അല്ലാഹുവിനോടു നന്ദി പ്രകടിപ്പിക്കുമായിരുന്നു.(സ്വസീഹുൽ അഥ്ർ വ ജമീലുൽ യിബ്ർ മിൻ സീറത്തി ഖയ്റുൽ ബശ്ർ വാല്യം 1 പേജ് 254, മക് തബ റവാഇയുൽ മംലക്കത്തി, ജിദ്ദ 2010 അസ് അശ്ശാമില)

ഇക്കാലത്ത് നമ്മളിൽ അധികംപേരും നല്ല ഭക്ഷണം കിട്ടിയാലും ആയിരക്കണക്കിന് ഹാവഭാവങ്ങളാണ് കാണിക്കുന്നത്. ഭാര്യ നല്ല ഭക്ഷണം ഉണ്ടാക്കിയില്ലെന്ന് പറഞ്ഞ് വീടുകളിൽ ചില അസ്വാരസ്യങ്ങളുമുണ്ടാകുന്നു.

പിന്നീട് മക്കവിജയത്തിന്റെ അവസരത്തിൽ അവിടത്തെ വിനയത്തിന്റേയും നന്ദി പ്രകടനത്തിന്റേയും ഉദാഹരണം പാരമ്യതയിലെത്തുന്നു. നിവേദനങ്ങളിൽ വന്നിരിക്കുന്നു, അവിടന്ന് ദിത്ത്വൗൽ എന്ന് സ്ഥലത്തെത്തിയപ്പോൾ ചെമന്ന യമനീ തുണികൊണ്ട് തലപ്പാവ് കെട്ടി തന്റെ യാത്രാവാഹനത്തിൽ കയറി ഇരുന്നു. അല്ലാഹു തനിക്ക് വിജയം നല്കുകയും അന്തസ് നല്കുകയും ചെയ്തത് ഓർത്ത് നബി(സ)തിരുമേനി വിനയവും നന്ദിപ്രകനവുംകൊണ്ട് തന്റെ ശിരസ് എത്രമാത്രം കുനിച്ചുവെന്നാൽ അവിടത്തെ പരിശുദ്ധമായ കേശം യാത്രാവാഹനത്തിന്റെ ഒട്ടകക്കട്ടിലിൽ മുട്ടാൻപോകുന്നതുപോലെ തോന്നി.'(സീറത്തു ഇബ്നുഹിശാം, പേജ് 546, ദിക്റുൽഅസ്ബാബ്, പ്രസാധകർ ദാറു ഇബ്നുഹസം ബേറൂത്ത് 2009)

നബി(സ)തിരുമേനിയുടെ ഉപകാരസ്മരണയുടേയും കൃതജ്ഞതയുടേയും ഒരു മാതൃക ഇങ്ങനെ ലഭിക്കുന്നുണ്ട്. മക്കയിലെ മുസ്‌ലിമീങ്ങളുടെമേൽ അവിശ്വാസികൾ അക്രമം ചെയ്തപ്പോൾ മുസ്‌ലിമീങ്ങൾ ഹബ്ശയിലേക്ക് ഹിജ്റ ചെയ്യുകയും ഹബ്ശയിലെ രാജാവ് അവർക്ക് അഭയം നല്കുകയും ചെയ്തു. നജ്ജാശി രാജാവിന്റെ ഈ ഉപകാരത്തെ നബി(സ)തിരുമേനി എപ്പോഴും ഓർമവെച്ചു. നജ്ജാശിയുടെ സംഘം നബി(സ)തിരുമേനിയുടെ തിരുസന്നിധിയിൽ ഒരിക്കൽ ഹാജരായപ്പോൾ അവിടന്ന് അവരെ വരവേൽക്കാൻ സ്വയം എഴുന്നേറ്റുനിന്നു. സ്വഹാബത്ത് പറഞ്ഞു: യാ റസൂലല്ലാഹ്! അവരെ വരവേൽക്കാൻ ഞങ്ങൾ മതിയായവരാണ്. അവരുടെ ആതിഥ്യവും ഞങ്ങൾ വഹിക്കുന്നതാണ്. അങ്ങ് എന്തിനാണ് ബുദ്ധിമുട്ടുന്നത്? നബി(സ)തിരുമേനി പറഞ്ഞു: 'ഇവർ നമ്മുടെ സ്നേഹിതന്മാരോടു നല്ല നിലയിൽ പെരുമാറിയവരാണ്. ആദരവോടെ തങ്ങളോടൊപ്പം താമസിപ്പിച്ചു. അതുകൊണ്ട് അവരുടെ ഈ ഉപകാരത്തിന് ഞാൻതന്നെ പകരം നല്കേണ്ടതാണ്. (അസ്സീറത്തുൽ ഹൽബിയ്യ വാല്യം 3, പേജ് 72, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2002)

ഈ നാട്ടിൽ ഹിജ്റത്ത് ചെയ്തു വന്നവർക്കെല്ലാം ഇതിൽ പാഠമുണ്ട്. ഈ ഭരണകൂടങ്ങൾ നമുക്ക് ഇവിടങ്ങളിൽ അഭയം നല്കി. നമുക്കുവേണ്ടി എല്ലാ സൗകര്യങ്ങളും ഒരുക്കിത്തന്നു. അവരോടു നന്ദികാണിച്ചുകൊണ്ട് ഈ രാജ്യങ്ങളുടെ പുരോഗതിക്കുവേണ്ടി നിങ്ങളുടെ കഴിവുകൾ ഉപയോഗിക്കേണ്ടതാണ്. അവർക്ക് ഇസ്‌ലാമിന്റെ സുന്ദരമായ അധ്യാപനം വൈജ്ഞാനികമായ നിലയിൽ മാത്രമല്ല പ്രത്യുത കർമപരമായ നിലയിലും എന്താണെന്ന് കാണിച്ചുകൊടുക്കേണ്ടതാണ്. ഒരുതരത്തിലുള്ള നഷ്ടവും വരുത്താൻ പാടില്ല. അല്ലെങ്കിൽ അവരിൽനിന്ന് തെറ്റായമാർഗത്തിലൂടെ സാമ്പത്തികലാഭം കൈക്കലാക്കുകയുമരുത്. അനധികൃതമായി ഒരു സൗകര്യവും കരസ്ഥമാക്കരുത്. ഇക്കാര്യങ്ങൾ നല്ലവണ്ണം ഓർമ വെക്കുക. നബി(സ)തിരുമേനി മുഖേന നമുക്കു കിട്ടിയ ദീനിന്റേയും എപ്രകാരം നമുക്ക് എല്ലാ സൽസ്വഭാവങ്ങളുടെയും അഗാധതയുടേയും അതിന്റെ ഉത്തമമായ നിലവാരത്തിന്റേയും അറിവുണ്ടാകുകയും ചെയ്തുവോ അതിന് നന്ദി പ്രകടിപ്പിക്കേണ്ടതാണ്. ഇതു സംബന്ധമായി ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'ഒരു വിധത്തിലുള്ള ബുദ്ധിമുട്ടും അധ്വാനവും കൂടാതെ അവൻ പൂർണവും തികവുറ്റതുമായ വിശ്വാസങ്ങളുടെ വഴി തന്റെ നബികരീം(സ)മുഖേന നമുക്ക് കാണിച്ചുവെന്നത് അല്ലാഹുവിന്റെ അത്യുൽകൃഷ്ടമായി ഫള്‌ലാണ്.' ഒരുവിധ ബുദ്ധിമുട്ടും കൂടാതെ നമുക്ക് നേരായ മാർഗം കാണിച്ചുതന്നു. "നിങ്ങൾക്ക് ഇക്കാലത്ത് കാണിക്കപ്പെട്ട ഈ മർഗത്തിൽനിന്ന് ഒരുപാട് മതപണ്ഡിതന്മാർ ഇപ്പോഴും തള്ളപ്പെട്ടിരിക്കുകയാണ്. അതിനാൽ അല്ലാഹുവിന്റെ ഈ ഫള്‌ലിനും നിഅ്മത്തിനും നന്ദി കാണിക്കുക. സത്യഹൃദയത്തോടെ സൽക്കർമം ചെയ്യുക എന്നതാണ്

ആ നന്ദിപ്രകടനം. അത് ശരിയായ വിശ്വാസത്തിനുശേഷം രണ്ടാമത്തെ ഭാഗത്താണ് വരുന്നത്. സ്വന്തം കർമപരമായ അവസ്ഥയിൽനിന്ന് സഹായമെടുത്തു ദുആ ചെയ്യുക; ആ ശരിയായ വിശ്വാസങ്ങളിൽ ഉറപ്പിച്ചു നിറുത്തുന്നതിനും സൽക്കർമങ്ങൾ ചെയ്യാൻ തൗഫീഖ് കിട്ടുന്നതിനും!(മൽഫൂദാത്ത് വാള്യം 1 പേജ് 149–150)

ഇതാണ് ഒരു അഹ്മദിയുടെ നന്ദിപ്രകടനത്തിനുള്ള മാർഗം.

പിന്നീടുള്ള ഒരു ധാർമികഗുണം അമാനത്തുകൾ തിരിച്ചുകൊടുക്കുകയും കരാർ പാലിക്കുകയുമാണ്. അല്ലാഹു പറയുന്നു: *വല്ലദീനഹും ലിഅമാനാത്തിഹിം വ അഹ്ദിഹിം റാഊൻ* (അൽ മുഅ്മിനൂൻ:9)

ആ സത്യവിശ്വാസികൾ തങ്ങളുടെ അമാനത്തുകളേയും കരാറുകളേയും പാലിക്കുന്നവരുമാണ്. തങ്ങൾ എങ്ങനെയാണ് അത് പൂർത്തിയാക്കിക്കൊണ്ടിരിക്കുന്നതെന്നും എങ്ങനെയാണ് അതിന്റെ ഉന്നതമായ നിലവാരം നബി(സ)തിരുമേനി നമ്മുടെ മുമ്പിൽ തന്റെ മാതൃകയായി അവതരിപ്പിച്ചതെന്നും പരിശോധിച്ചുകൊണ്ടിരിക്കുന്നു.

നിവേദനത്തിൽ വരുന്നു മുസ്‌ലിം സൈന്യം ഖയ്ബർ വളഞ്ഞനേരത്ത് അവിടുത്തെ ഒരു യഹൂദി സർദാറിന്റെ മൃഗങ്ങളെ മേയ്ക്കുന്ന ജോലിക്കാരൻ മൃഗങ്ങളുമായി മുസ്‌ലിം സൈന്യത്തിന്റെ പ്രദേശത്തെത്തുകയും മുസ്‌ലിമാകുകയും ചെയ്തു. അയാൾ നബി(സ)തിരുമേനിയുടെ സന്നിധിയിൽ ഹാജരായി പറഞ്ഞു: യാ റസൂലല്ലാഹ്! ഞാനിപ്പോൾ മുസ്‌ലിമായി. ഞാൻ മടങ്ങിപ്പോകാൻ ആഗ്രഹിക്കുന്നില്ല. തിരിച്ചുപോയാൽ അവരെന്നെ ദ്രോഹിക്കും. ഈ ആടുകൾ എന്റെയടുത്തുണ്ട്. ഞാൻ അവയെ എന്തു ചെയ്യും? ഇത് യഹൂദിയുടെ ആടുകളാണല്ലോ? നബി(സ)തിരുമേനി പറഞ്ഞു: 'ആ ആടുകളുടെ മുഖം കോട്ടയുടെ നേരെ തിരിച്ചുനിറുത്തി തെളിച്ചുവിടുക. അവ സ്വയം അവയുടെ ഉടമസ്ഥന്റെ അടുക്കൽ എത്തിക്കൊള്ളും.' അങ്ങനെ തന്നെ സംഭവിക്കുകയും ചെയ്തു. കോട്ടക്കാർ ആ ആടുകളെ ഏറ്റെടുത്തു.(സീറത്തു ഇബ്നു ഹിശാം, പേജ് 517, പ്രസാധകർ ദാറു ഇബ്നു ഹസം. ബേറൂത്ത് 2009)

ഇതാണ് അമാനത്തിന്റേയും ദിയാനത്തിന്റേയും(വിശ്വസ്ഥതയുടേയും സത്യസന്ധതയുടേയും) ഉദാത്തമായ ഉദാഹരണം. യുദ്ധമാണ്. ശത്രുവിന്റെ സ്വത്ത് കൈയിൽവന്നു. പക്ഷേ, മുസ്‌ലിമായ ആൾക്ക് ആദ്യം നബി(സ)തിരുമേനി നല്കിയ പാഠം ഒരു മുസ്‌ലിമിന്റെ അമാനത്തിന്റേയും ദിയാനത്തിന്റേയും നിലവാരം വലിയ ഉദാത്തമായിരിക്കണമെന്നാണ്. ആ സ്വത്തിൽ നി ങ്ങൾക്ക് ഒരു അവകാശവുമില്ല. നമുക്കും അവകാശമില്ല. അതിനെ അതിന്റെ ഉടമസ്ഥനു മടക്കിക്കൊടുക്കുക. ഇക്കാലത്തെ വികസിത സമൂഹത്തിൽ യുദ്ധം നടന്നാൽ ലോകത്തൊരിടത്തും ഈ നിലവാരം കാണാൻ സാധിക്കുകയില്ല. ഇസ്‌ലാമിന്റെമേലും ഇസ്‌ലാമികാധ്യാപനങ്ങളുടെമേലും ആക്ഷേപം ഉന്നയിക്കുന്നവർതന്നെയാണ് ഏറ്റവും കൂടുതൽ ഈ വഞ്ചനയ്ക്ക് ഇരയാകുന്നവർ.

പിന്നീടുവരുന്നത് കരാർ പാലനമാണ്. നബി(സ)തിരുമേനി കരാർ പാലിക്കുന്ന ആളായിരുന്നുവെന്ന് പറയാൻ ശത്രുക്കളും നിർബന്ധിതരാണ്. ഹിർഖലിന്റെ ദർബാറിൽ അബൂസുഫിയാന് ഇന്നുവരെ മുഹമ്മദ് ഞങ്ങളുമായി കരാർ ലംഘിച്ചിട്ടില്ലെന്ന് സമ്മതിക്കേണ്ടിവന്നു. (സ്വഹീഹ് മുസ്‌ലിം കിതാബുൽ ജിഹാദ് വസ്സയ്ർ ഹദീഥ് 1773)

ഹുദയ്ബിയ്യ സന്ധിയുടെ അവസരത്തിൽ നിബന്ധനകൾ എഴുതി തയ്യാറാക്കുകയായിരുന്നു. അപ്പോൾ ചങ്ങലയിൽ ബന്ധിതനായ ഒരാൾ ഓടിവരുന്നു. മുസ്‌ലിമായ കാരണത്താൽ അയാളെ ചങ്ങലയ്ക്കിട്ടതാണ്. അയാളാണ് വന്ന് അഭയം തേടുന്നത്. പക്ഷേ, അയാളുടെ പിതാവ് മുസ്‌ലിമല്ല. അയാൾ അവിടയുണ്ട്. അയാൾ നബി(സ)തിരുമേനിയോടു പറയുന്നു, ഞങ്ങളുടെ ഒരാളും താങ്കൾക്കൊപ്പം പോരുകയില്ലെന്ന് ഇപ്പോൾ നമ്മൾ ഉടമ്പടി എഴുതിക്കഴിഞ്ഞിരിക്കുകയാണ്. അതുകൊണ്ട് അവനെ കൂടെ കൊണ്ടുപോകാൻ താങ്കൾക്കു സാധിക്കുകയില്ല. അയാളാണെങ്കിൽ നബി(സ)തിരുമേനിയുടെ അഭയത്തിൽ വരാൻ യാചിക്കുകയാണ്. താൻ അവിശ്വാസികൾക്ക് നല്കപ്പെടുമോ എന്നോർത്ത് അയാൾ ഉറക്കെ കരയുന്നുണ്ട്; തന്നെ അവർ ദ്രോഹിക്കും. അപ്പോൾ നബി(സ)തിരുമേനി പറഞ്ഞു:'അതേ! ഇപ്പോൾ ഉടമ്പടി എഴുതിക്കഴിഞ്ഞിരിക്കുന്നു.' വാസ്തവത്തിൽ ആ നേരത്ത് ഉടമ്പടി എഴുതി പൂർത്തിയായിരുന്നില്ല. ചില നിബന്ധനകൾ മാത്രമെ എഴുതിയിരുന്നുള്ളു. പക്ഷേ, ഒപ്പിടുന്നതിനു മുമ്പേ അവിടന്ന് പറഞ്ഞു: 'വലിയൊരുഉദ്ദേശ്യത്തിനുവേണ്ടി, ഈ ഉടമ്പടിയ്ക്കുവേണ്ടി താങ്കൾക്ക് ത്യാഗം ചെയ്യേണ്ടിവരും. അതുകൊണ്ട് താങ്കൾ മടങ്ങിപ്പോകുക.' പക്ഷേ, അതിനോടൊപ്പം ഇങ്ങനേയും പറഞ്ഞു: 'താങ്കൾ കുറച്ചു ദിവസം ക്ഷമിക്കുക. ഞാൻ താങ്കൾക്ക് സുവാർത്ത അറിയിക്കുകയാണ്. അല്ലാഹു താങ്കൾക്കുവേണ്ടി വിശാലത ഉണ്ടാക്കുന്നതാണ്.' അവിടന്ന് പറഞ്ഞു: 'ഈ ഉടമ്പടി കാരണത്താൽ ഞാൻ ഇന്ന് നിർബന്ധിതനാണ്, കാരണം നാം കരാർ ലംഘിക്കുകയില്ല.'(സീറത്ത് ഇബ്നു ഹിശാം പേജ് 504, പ്രസാധകർ ദാറു ഇബ്നുഹസം ബേറൂത്ത് 2009)

ആ മഹാത്മാവിന്റെ കരാറുകൾ പാലിക്കുന്നതിന്റെ നിലവാരം ഇതായിരുന്നു. ഇക്കാലത്തെ ഭൗതികഭരണകൂടങ്ങൾക്ക് അതിന്റെ അയലത്തുപോലും എത്താൻ സാധിക്കുകയില്ല. ഇന്ന് ഒരു ഉടമ്പടി ഉണ്ടാകുന്നു, നാളെ അത് തകർന്നടിയുന്നു. പക്ഷേ, ഇതിനോടൊപ്പം നമ്മുടെ സ്വന്തം കരാർപാലത്തിന്റെ നിലവാരമെന്താണെന്ന് നമ്മളും ആത്മപരിശോധന നടത്തേണ്ടതുണ്ട്. നിത്യജീവിതത്തിൽ നമുക്ക് നമ്മുടെ മാതൃക നോക്കേണ്ടതാണ്. കരാർപാലനം നമ്മൾ ചെയ്യുന്നുണ്ടോ എന്ന് നമ്മുടെ കുടുംബപരമായ ജീവിതത്തിലും മാതൃക നോക്കേണ്ടതുണ്ട്. നിബ(സ) തിരുമേനി കുടുംബജീവിതത്തിലും കരാർ പാലിക്കേണ്ടുന്നതിനെ കുറിച്ച് പറഞ്ഞു:'പുരുഷൻ തന്റെ ഭാര്യയിലേക്കും അവൾ അവനിലേക്കും ഇണങ്ങിച്ചേർന്ന് ലൈംഗിക ബന്ധം ആസ്വദിച്ച ശേഷം അവളുടെ രഹസ്യങ്ങൾ പരസ്യമാക്കുന്നവൻ, അന്ത്യദിനത്തിൽ അല്ലാഹുവിങ്കൽ സ്ഥാനത്തിൽ ഏറ്റം മോശപ്പെട്ടവനാകുന്നു.(സ്വഹീഹ് മുസ്‌ലിം, കിതാബുന്നിക്കാഹ്, ഹദീഥ് 1437)

എന്നാൽ, ചിലയാളുകൾ അങ്ങേയറ്റം നിന്ദ്യവും മ്ലേച്ഛവുമായ ഈ പ്രവൃത്തി ചെയ്തുവരുന്നതായാണ് ഈയിടെയായി നമ്മൾ കണ്ടുവരുന്നത്. വെറും പറയുകമാത്രമല്ല, പ്രത്യുത വാട്സാപ്പിലും മറ്റു മീഡിയാകളിലും മെസേജിലൂടേയും ടിറ്ററിലൂടേയും ഇക്കാര്യം പ്രചരിപ്പിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. അല്ലാഹുവിരോധിച്ച ഇത്തരം കാര്യം ചെയ്യുന്ന ഇവർ ഏറ്റവും വലിയ വഞ്ചകരാണ്. ഒറ്റയ്ക്കെവിടെയെങ്കിലും വെച്ച് ചെയ്യുകയാണെങ്കിൽത്തന്നെയും ഒരാൾക്ക് മറ്റൊരാളുടെ രഹസ്യം പരസ്യപ്പെടുത്താൻ ആർക്കും അവകാശമില്ല. ഇത് അല്ലാഹുവിന്റെ പിടിത്തത്തിൽ വരുന്ന കാര്യമാണ്. അല്ലാഹു ഇതിനെക്കുറിച്ച് ചോദിക്കുന്നതായിരിക്കും.

അത്തരമാളുകൾ തങ്ങളെ കുറിച്ച് ചിന്തിക്കേണ്ടതാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) കരാർ പാലിക്കേണ്ടുന്നതിനെക്കുറിച്ച് പറയുന്നു: തങ്ങളുടെ മനസ്സുകളെ എല്ലാ ഓരോ വൃത്തികേടുകളിൽനിന്ന് പരിശുദ്ധമാക്കുകയും കൂറു പുലർത്തുമെന്ന് ദൈവത്തോടു പ്രതിജ്ഞ ചെയ്യുകയും ചെയ്യുന്നവർ എത്രമാത്രം സൗഭാഗ്യരാണ്. കാരണം അതൊരിക്കലും പാഴാക്കപ്പെടുകയില്ല. അവരെ അല്ലാഹു നിന്ദിക്കുക എന്നത് സംഭാവ്യമല്ല. കാരണം അവർ അല്ലാഹുവിന്റേതാണ്; അല്ലാഹു അവരുടേയും. അവർ എല്ലാ ഓരോ ബലായുടെ നേരത്തും സംരക്ഷിക്കപ്പെടുന്നതാണ്. (കശ്തിയെ നൂഹ്, റൂഹാനീ ഖസാഇൻ വാള്യം 19, പേജ് 19–20)

അതിനാൽ അല്ലാഹുവിനോടു ആത്മാർഥമായി തങ്ങളെ കൂട്ടിച്ചേർത്താൽ പിന്നീട് അല്ലാഹുവിന്റെ കല്പനകളും പാലിക്കപ്പെടുന്നതായിരിക്കും. കുടുംബപരമായ പ്രതിജ്ഞകൾ മുതൽ പുറത്തുള്ള സമൂഹങ്ങളുടെ പ്രതിജ്ഞകൾവരെ പാലിക്കുന്നതായിരിക്കും. മറ്റു ബന്ധങ്ങളെ നിറവേറ്റുന്നതിലും ഈ നിയന്ത്രണം ഉണ്ടായിരിക്കുന്നതായിരിക്കും. എല്ലാ തരത്തിലുള്ള പ്രതിജ്ഞകളും അല്ലാഹുവിന്റെ തൃപ്തി മുന്നിൽവെച്ചുകൊണ്ട് നിയന്ത്രിക്കുന്നവർ എല്ലാവിധ നഷ്ടങ്ങളിൽ നിന്നും രക്ഷപ്പെടുന്നതായിരിക്കും. അല്ലാഹുവിന്റെ കല്പന കാരണത്താൽ നമ്മൾ പ്രതിജ്ഞകൾ പാലിക്കുന്നുണ്ട്. ഇത് ഒരു യഥാർഥ അഹ്മദിയുടെ മാർഗവും യഥാർഥ മുസ്‌ലിമിന്റെ മാർഗവും ആകേണ്ടതാണ്.

വിനയം എന്നത് ഒരു വലിയ സൽസ്വഭാവമാണ്. ഇതുസംബന്ധമായി അല്ലാഹു പറയുന്നു: *വ യിബാദുർറഹ്മാനില്ലദീന യംശൂന അലൽ അർളി ഹൗനൻ വ ഇദാ ഖാത്തബഹുമുൽ ജാഹിലൂന ഖാലൂ സാലാമൻ*(അൽഫുർഖാൻ:64)

പരമകാരുണികനായ അല്ലാഹുവിന്റെ ദാസന്മാർ ഭൂമിയിൽ ശാന്തരായി നടക്കുന്നവരാണ്. അവിവേകികൾ അവരുമായി നേരിട്ടാൽ അവർ സമാധാനം എന്നു പറഞ്ഞ് ഒഴിഞ്ഞുമാറുന്നതാണ് (25:64). അനാവശ്യകാര്യങ്ങൾ പറയുകയില്ല. ഇതുസംബന്ധമായി നബി(സ)തിരുമേനിയുടെ സ്വന്തം മാതൃക എന്തായിരുന്നു. ഹദ്റത്ത് ഉമർ(റ) വിവരിക്കുന്നു, നബി(സ)തിരുമേനി ഇങ്ങനെ പറയുന്നത് ഞാൻ കേട്ടു: 'ഈസബ്നുമർയമിനെ ചെയ്യുന്നതുപോലെ എന്നെ വളരെയധികം പുകഴ്ത്തരുത്. ഞാൻ അല്ലാഹുവിന്റെ സേവകനാണ്. നിങ്ങളെന്നെ അല്ലാഹുവിന്റെ ദാസനും റസൂലും എന്നു മാത്രം പറയുക.'(സ്വഹീഹുൽ ബുഖാരി, കിതാബു അഹാദീഥുൽഅമ്പയാഇ, ഹദീഥ് 3445)

ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരു അവസരത്തിൽ പറഞ്ഞു:നമ്മുടെ നബി(സ)തിരുമേനിയെക്കാളുപരി ലോകത്ത് ഒരു സമ്പൂർണ മനുഷ്യന്റേയും മാതൃക നിലവിലില്ല. ഖിയാമത്തുന്നാൾ വരെ ഉണ്ടാകുകയുമില്ല. പിന്നെ നോക്കുക, ആധിപത്യപരമായ ദിവ്യാത്ഭുതങ്ങൾ ലഭിച്ചിട്ടും ഹുദൂർ(സ)നോടൊപ്പം എപ്പോഴും ഇബാദത്തുതയാണുണ്ടായിരുന്നത്. ആവർത്തിച്ച് *ഇന്നമാ അന ബശ്റുൻമ്മിഥ്ലുക്കും*(കഹ്ഫ്:111) എന്നു പറഞ്ഞുകൊണ്ടേയിരുന്നു. എത്രത്തോളമെന്നാൽ തൗഹീദ് വാക്യത്തിൽ നബിയുടെ ദാസത്വം അംഗീകരിക്കേണ്ടത് നിർബന്ധ ഭാഗമാക്കപ്പെട്ടു. ഇതില്ലെങ്കിൽ മുസ്‌ലിം, മുസ്‌ലിമാകുകയില്ല. ചിന്തിക്കുക! വീണ്ടും ചിന്തിക്കുക!അതിനാൽ ഏതൊരു അവസ്ഥയിലാണ് തികവുറ്റ മാർഗദർശിയുടെ ജീവിതരീതി നമുക്ക് ഈ പാഠം നല്കിക്കൊണ്ടിരിക്കുന്നതെന്ന് നോക്കുക, അത്യുന്നതമായ പദവിയുടെ അടുത്തെത്തിയിട്ടും ദാസ്ത്വത്തിന്റെ സമ്മതം കൈയിൽനിന്ന് വിട്ടില്ല. അപ്പോൾ മറ്റാരെയെങ്കിലും കുറിച്ച് അങ്ങനെ വിചാരിക്കുന്നതും അത്തരം വിചാരം മനസ്സിൽ കൊണ്ടുവരുന്നതും നിരർഥവും പാഴ്‌വേലയുമാണ്.'(മൽഫൂദാത്ത് വാള്യം 1, പേജ് 117–118)

നബി(സ)തിരുമേനി ഒരിക്കൽ പറഞ്ഞു: 'ഒരിക്കൽ നബി(സ)തിരുമേനി തന്റെ വീട്ടുവാതിൽക്കൽ ഒരു വഴക്കുകേട്ടു. അവിടന്ന് അവരുടെയടുക്കലേക്ക് പുറപ്പെട്ടു. അവിടന്ന് പറഞ്ഞു: ഞാനൊരു മനുഷ്യൻ മാത്രമാണ്. എന്റെ അടുത്തു ചിലപ്പോൾ ആവലാതിക്കാർവരും. അവരിൽ ചിലർ ചിലരെക്കാൾ വാക്ക് സാമർഥ്യമുള്ളവരായിരിക്കും. അപ്പോൾ അവർ പറഞ്ഞത് സത്യമാണെന്നു ഞാൻ ധരിച്ചിട്ട് അവർക്കനു

കൂലമായി ഞാൻ വിധിക്കും. വാസ്തവത്തിലോ ഒരു മുസ്‌ലിമിന്റെ അവകാശം മറ്റു വല്ലവനും വിട്ടുകൊടുത്തുകൊണ്ട് ഞാൻ വിധികല്പിക്കുവാൻ ഇടവന്നുപോയെങ്കിൽ അത് അഗ്നിയുടെ ഒരു കഷണം മാത്രമാണ്. അത് അവൻ സ്വീകരിക്കുകയോ ഉപേക്ഷക്കുകയോ ചെയ്തുകൊള്ളട്ടെ.(സ്വഹീഹുൽ ബുഖാരി കിതാബുശ്ശഹാദാത്ത് ഹദീഥ് നമ്പർ 2680)

പക്ഷേ, ആരാണോ തെറ്റായ വിധിപറയിപ്പിക്കാൻ ശ്രമിക്കുന്നത് അവർ ഭയപ്പെടേണ്ട സ്ഥലമാണിത്. കുടുംബ ജീവിതത്തിലും അവിടത്തെ വിനയത്തിന്റേയും ഭാര്യയെ സഹായിക്കുന്നതിന്റേയും അവസ്ഥ എന്തായിരുന്നുവെന്നാൽ ഹദ്റത്ത് ആഇശാ(റ) പറയുന്നു: നബി(സ)തിരുമേനി തന്റെ ഭാര്യയെ വീട്ടുജോലികളിൽ സഹായിക്കാറുണ്ടായിരുന്നു. അവിടന്ന് സ്വയം തുണി കഴുകുമായിരുന്നു. വീട് അടിച്ചുവാരുമായിരുന്നു. ഒട്ടകത്തെ കെട്ടുമായിരുന്നു. വെള്ളം കൊണ്ടുവരുന്ന മൃഗങ്ങൾക്ക് തീറ്റ ഇട്ടുകൊടുക്കുമായിരുന്നു. ആടുകളെ കറക്കുമായിരുന്നു. തന്റെ വ്യക്തിഗതമായ ജോലിയും സ്വന്തം ചെയ്യുമായിരുന്നു. സേവകരെക്കൊണ്ട് എന്തെങ്കിലും ജോലി ചെയ്യിക്കുകയാണെങ്കിൽ അവരെ സഹായിക്കുമായിരുന്നു. അവരുമായി ചേർന്ന് മാവുവരെ കുഴയ്ക്കുമായിരുന്നു. ചന്തയിൽനിന്ന് തന്റെ സാധനം സ്വയം ഏറ്റിക്കൊണ്ടുവരുമായിരുന്നു.' (അശ്ശിഫാഉ ബി തഅ്‌രീഫി ഹുഖൂഖുൽ മുസ്തഫാ പേജ് 176, ഹദീഥ് 271, 272, 273, പ്രസാധകർ ജാഇസത്തു ദബിദൗലിയ്യത്തി ലിൽഖുർആനിൽകരീം 2013)(വസാഇലുൽ വുസ്വൂൽ ഇലാ ശമാഇലിർറസൂൽ, വാള്യം 1, പേജ് 241, ദാറുൽമിൻഹാജ് ജിദ്ദ ഹിജ്റ 1425, അസ് അശ്ശാമില)

ഇക്കാലങ്ങളിൽ ചില ഭാർത്താക്കന്മാർ അഹങ്കാരം കാണിക്കുന്നു. തുണികൾ സമയത്തു കഴുകിയില്ലെങ്കിൽ വീട്ടിൽ വഴക്കുണ്ടാകുന്നു. വാസ്തവത്തിൽ ഇപ്പോൾ കൈകൊണ്ടു കഴുകേണ്ടതില്ല. വാഷിംഗ് മെഷീൻ വീട്ടിലുണ്ട്. അയാൾക്കുതന്നെ വാഷിംഗ് മെഷീനിൽ തുണികൾ ഇടാവുന്നതെയുള്ളു. പക്ഷേ, അത്ര ബുദ്ധിമുട്ടുപോലും സഹിക്കാൻ തയ്യാറല്ല. ചൂലുകൊണ്ടു അടിച്ചുവാരേണ്ട ആവശ്യമില്ല. എല്ലായിടത്തും ഹൂവറു(hoover)ണ്ട്. സുഖമായി hoover ചിലിപ്പിക്കാവുന്നതേയുള്ളു. പക്ഷേ, അവിടേയും ഹാവഭാവം ഉണ്ടാകുന്നു. ഇക്കാരണത്താൽ വീടുകളിൽ കലഹമുണ്ടാകുന്നു. അതിനാൽ അഹ്മദിയായിക്കൊണ്ടു നമ്മൾ നമ്മുടെ മാതൃക കാണിക്കേണ്ടതാണ്.

നബി(സ)തിരുമേനിയുടെ പുറത്തുള്ള ജീവിതം നോക്കുക. അതിലും അവിടത്തെ ഉന്നത മാതൃക സമാനകളില്ലാത്തതാണ്. അത് വിവരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: അഹങ്കാരി അല്ലാഹുവിന്റെ സിംഹാസനത്തിൽ ഇരിക്കാൻ ആഗ്രഹിക്കുന്നു. ആ വൃത്തികെട്ട സ്വഭാവത്തിൽനിന്ന് എപ്പോഴും അഭയം തേടുക. അല്ലാഹുവിന്റെ എല്ലാ വാഗ്ദാനങ്ങളും നിങ്ങളോടൊപ്പമുണ്ടെങ്കിലും നിങ്ങൾ എളിമ കൈക്കൊള്ളുക. എളിമ കൈക്കൊള്ളുന്നവൻതന്നെയാണ് അല്ലാഹുവിന്റെ പ്രിയപ്പെട്ടവനാകുന്നത്. നോക്കൂ! നമ്മുടെ നബി(സ)തിരുമേനിയുടെ വിജയങ്ങൾ മുൻകഴിഞ്ഞ പ്രവാചകന്മാരിൽ അതിനു ഉദാഹരണം കിട്ടാത്തതാണെങ്കിലും അദ്ദേഹത്തിന് അല്ലാഹു എന്തെന്തെല്ലാം വിജയങ്ങൾ പ്രദാനം ചെയ്തുവോ അവിടന്ന് അത്രയും എളിമ കൈക്കൊണ്ടുപോയി.

ഒരിക്കൽ നടന്ന സംഭവമാണ്, ഒരാൾ അവിടത്തെ സന്നിധിയിൽ പിടിച്ചുകൊണ്ടുവരപ്പെട്ടു. അയാൾ ഒരുപാട് വിറയ്ക്കുകയും പേടിക്കുകയും ചെയ്തിരുന്നതായി നബി(സ)തിരുമേനി കണ്ടു. എന്നാൽ, അയാൾ അടുത്തു വന്നപ്പോൾ അവിടന്നു അങ്ങേയറ്റം മൃദുലതയോടും കരുണയോടുംകൂടി ചോദിച്ചു, താങ്കളെന്തിനാണ് ഇങ്ങനെ ഭയപ്പെടുന്നത്? ഞാനും താങ്കളെപ്പോലൊരു മനുഷ്യനാണ്. വൃദ്ധയുടെ മകനാണ്. (മൽഫൂദാത്ത് വാള്യം 10, പേജ് 258)

പിന്നീടൊരു അവസരത്തിൽ നബി(സ)തിരുമേനിയുടെ വിനയവും എളിമയും പ്രതിപാദിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞു: 'പൊങ്ങച്ചത്തിൽനിന്നും അഹങ്കാരത്തിൽനിന്നും അഹന്തയിൽനിന്നും വിട്ടു നില്ക്കേണ്ടതാണ്. വിനയവും എളിമയും സ്വായത്തമാക്കേണ്ടതാണ്. നോക്കൂ, നബി(സ)തിരുമേനി യഥാർഥത്തിൽ വലിയ അംഗീകരിക്കപ്പെട്ട മഹാത്മാവായിരുന്നു. അദ്ദേഹത്തിന്റെ വിജയത്തിന്റേയും വണക്കത്തിന്റേയും ഒരു മാതൃക വിശുദ്ധ ഖുർആനിലുണ്ട്. എഴുതിയിരിക്കുന്നു, ഒരു അന്ധൻ അദ്ദേഹത്തിന്റെ അടുക്കൽ വന്നു വിശുദ്ധ ഖുർആൻ പഠിക്കാറുണ്ടായിരുന്നു. ഒരു ദിവസം മക്കയിലെ നേതാക്കന്മാരും നഗരത്തിലെ മന്ത്രിമാരും കൂടിയിരിക്കുകയായിരുന്നു. അവിടന്ന് അവരുമായി സംസാരത്തിൽ മുഴുകി. സംസാരത്തിൽ തിരക്കിലായ കാരണത്താൽ കുറച്ചു സമയം താമസിച്ചിതുകൊണ്ട് ആ അന്ധൻ എഴുന്നേറ്റു പൊയ്ക്കളഞ്ഞു. ഇതൊരു നിസാരകാര്യമായിരുന്നു. അല്ലാഹു അതു സംബന്ധമായി സൂറത്തിറക്കി. അപ്പോൾ നബി(സ)തിരുമേനി അദ്ദേഹത്തിന്റെ വീട്ടിൽപോയി. അയാളെ കൂടെക്കൊണ്ടുവന്ന് തന്റെ പരിശുദ്ധ ചാദുർ വിരിച്ച് ഇരുത്തി.'

അവിടന്ന് പറയുന്നു: ആരുടെ മനസ്സുകളിലാണോ ദൈവമഹത്ത്വം ഉണ്ടാകുന്നത് അവർക്ക് നിർബന്ധമായും വിനയനും എളിമയുള്ളവനുമാകേണ്ടി വരുമെന്നതാണ് യഥാർഥ കാര്യം. കാരണം അവർ അല്ലാഹുവിന്റെ സ്വയംപര്യാപ്തതയിൽ പേടിച്ചും വിറച്ചുമിരിക്കുന്നു:

*ആനാൻ കെഃ ആരിഫ് തർ അൻദ് തർസാൻ തർ*(കൂടുതൽ അറിയുന്നവനാണ് ഭയപ്പെടുന്നത്.)

എപ്രകാരം അല്ലാഹു സൂക്ഷ്മമായ കാര്യങ്ങളെ വിലമതിക്കുന്നവനാണോ അതേപ്രകാരം ന്യൂനതകൾ തിരയുന്നവനുമാണ്. ഏതെങ്കിലും പ്രവൃത്തികൊണ്ട് വെറുക്കുന്നവനായാൽ നിമിഷംകൊണ്ട് എല്ലാ പ്രപഞ്ചവും അവസാനിച്ചു. അതുകൊണ്ട് ഇക്കാര്യങ്ങളിൽ ചിന്തിക്കേണ്ടതാണ്. അതായത് അവ ഓർമ വെക്കുകയും പ്രവൃത്തിക്കുകയും ചെയ്യുക.'(മൽഫൂദാത്ത് വാള്യം 10, പേജ് 343–344)

നബി(സ)തിരുമേനി നമുക്ക് നല്കിയിട്ടുള്ള ഉപദേശം തീർച്ചയായും നമ്മൾ ചെയ്യാനുള്ളതാണ്. അവിടത്തെ ഉപദേശങ്ങൾ നമ്മെ ചിന്തിപ്പിക്കുന്നതാകേണ്ടതാണ്. നബി(സ)തിരുമേനി ഒരിടത്തു പറഞ്ഞു:നിങ്ങളിലാരും തന്നെ നിങ്ങളുടെ കർമങ്ങൾകൊണ്ട് മോക്ഷം പ്രാപിക്കുകയില്ല. സ്വഹാബത്ത് ചോദിച്ചു: അല്ലാഹുവിന്റെ റസൂലേ അങ്ങും? നബി(സ)തിരുമേനി പറഞ്ഞു, അതേ ഞാനും എന്റെ കർമങ്ങൾകൊണ്ട് മോക്ഷം പ്രാപിക്കുകയില്ല. പക്ഷേ, അല്ലാഹു എന്നെ തന്റെ കാരുണ്യത്തിന്റെ തണലിൽ എടുക്കുന്നതായിരിക്കും. പിന്നീട് അവിടന്ന് പറഞ്ഞു: നിങ്ങൾ നേരെയാകുക. ശരീഅത്തിന്റെ സമീപത്തിരിക്കുക. രാവിലേയും വൈകുന്നേരവും രാത്രിയുടെ യാമങ്ങളിലും ഇബാദത്തു ചെയ്യുക. മധ്യമനില കൈക്കൊള്ളുക. നിങ്ങൾ നിങ്ങളുടെ ഉദ്ദേശ്യങ്ങൾ പ്രാപിക്കുന്നതായിരിക്കും. ഇബാദത്തു ചെയ്യുക. മധ്യമവഴി സ്വീകരിക്കുക.'(മുസ്നദ് അഹ്മദ് ബിൻ ഹമ്പൽ വാള്യം 3, പേജ് 753, ഹദീഥ് 10988, മുസ്നദ് അബൂ ഹുറയ്റ(റ), പ്രസാധകർ ആലമുൽകുതുബ്, ബേറൂത്ത് 1998)

മധ്യമനില എല്ലാ കാര്യങ്ങളിലും നിർബന്ധമാണ്. ഭൗതികതയിൽ പതിക്കരുത്. ഭൗതികതയിൽനിന്ന് അനുവദനീയമായതെടുക്കാൻ അല്ലാഹു പറഞ്ഞിരിക്കുന്നു; പക്ഷേ, മധ്യമനില കൈക്കൊള്ളേണ്ടതാണ്. ദൈവത്തെ മറക്കരുത്. അല്ലാഹുവിനോടുള്ള ആരാധനയുടെ കടമ നിർവഹിക്കുന്നിടത്ത് അതിലേക്ക് ശ്രമിക്കുക. തൊഴിലുകളിലേക്ക് ശ്രദ്ധിക്കുക. അതിനോടുള്ള കടമ നിറവേറ്റാൻ ശ്രമിക്കുക. പക്ഷേ, ഭൗതികത അല്ലാഹുവിനോടുള്ള കടമ നിറവേറ്റുന്നതിനെ തിരാകാൻ പാടില്ല. ദുൻയാവിനുമേൽ ദീനിനു മുൻഗണന ഉണ്ടായിരിക്കേണ്ടതാണ്. ഇതുണ്ടാകുമ്പോൾ അവിടന്ന് പറഞ്ഞു:നിങ്ങൾ നിങ്ങളുടെ ലക്ഷ്യം പ്രാപിക്കുന്നതായിരിക്കും. അല്ലാഹുവിന്റെ കരുണ നിങ്ങൾക്ക് ലഭിക്കുന്നതായിരിക്കും. അല്ലാഹുവിന്റെ ഫള്ൽ നിങ്ങൾക്ക് കിട്ടുന്നതായിരിക്കും. എവിടെയാണോ നബി(സ)തിരുമേനിയുടെ വിനയം പ്രകടമാകുന്നത് അവിടെ അല്ലാഹുവിന്റെ ഇംഗിതത്തിന്റേയും ഭയത്തിന്റേയും പ്രകടനവും ഉണ്ടായിക്കൊണ്ടിരിക്കുന്നു. പറഞ്ഞു: എന്റെ അവസ്ഥ ഇതാകുമ്പോൾ നിങ്ങൾ എത്രമാത്രം അല്ലാഹുവിനെ തൃപ്തിപ്പെടുത്താനും അവന്റെ കരുണ ചോദിക്കുന്നതിനും ചിന്തിക്കേണ്ടതാണ്. ഇത് അല്ലാഹുവിന്റെ കരുണയും കൃപയും തന്നെയാണ് അല്ലാഹുവിന്റെ ഉപഹാരങ്ങൾക്ക് അനന്തരാവകാശികളാക്കുന്നത്. നമുക്കറിയില്ല ഏതു മാർഗത്തിലൂടെയാണ് സ്വീകരിക്കപെടുന്നതെന്ന്. അതുകൊണ്ട് ആ കരുണയും കൃപയും കരസ്ഥമാക്കുന്നതിന് നമ്മുടെ ആരാധനകളിലേക്കും ഉന്നതമായ സ്വഭാവങ്ങളിലേക്കും നമ്മൾ ശ്രദ്ധിക്കേണ്ടതാണ്.

ബാഹ്യാവസ്ഥയും മനുഷ്യന്റെ മുഖത്തെ ലക്ഷണങ്ങളും അവന്റെ സ്വഭാവങ്ങളെ പ്രതിബിംബിപ്പിക്കുന്നു. ഇതു സംബന്ധമായി സ്വഹാബത്ത് നബി(സ)തിരുമേനിയെ കുറിച്ച് എങ്ങനെയാണ് വിവരിക്കുന്നത്. ഹദ്റത്ത് ബറാഅ് ബിൻ ആസിബ്(റ) വിവരിക്കുന്നു: 'നബി(സ)തിരുമേനി ജനങ്ങളിൽ ഏറ്റവും കൂടുതൽ സൗന്ദര്യവാനും ഉൽകൃഷ്ട സ്വഭാവമുള്ള വ്യക്തിയുമായിരുന്നു. (സ്വഹീഹുൽബുഖാരി, കിതാബുൽ മനാഖിബ്, ബാബു സ്വിഫത്തുന്നബി(സ), ഹദീഥ് 3549)

രൂപലാവണ്യമുള്ളവരാണെങ്കിൽ അഹങ്കാരമുണ്ടാകുന്നു. നബി(സ)തിരുമേനി ഇങ്ങനെ ദുആ ചെയ്യുമായിരുന്നു: 'അല്ലാഹുവേ എപ്രകാരം നീ എന്നെ രൂപലാവണ്യമുള്ളവനാക്കിയോ അതേപ്രകാരം സൽസ്വഭാവിയും ആക്കേണമേ.' (മുസ്നദ് അഹ്മദ് ബിൻ ഹമ്പൽ വാള്യം 8, പേജ് 286, ഹദീഥ് 25736, മുസ്നദ് ആഇശാ(റ), പ്രസാധകർ ആലമുൽകുതുബ് ബേറൂത്ത് 1998)

ഞാൻ ഇപ്പോൾ വിവരിച്ചത് നബി(സ)തിരുമേനിയുടെ ജീവിതത്തിലെ ചില വശങ്ങളാണ്. അതിൽനിന്ന് അവിടത്തെ ജീവിതത്തിന്റെ മനോഹാരിത തെളിമയാർന്ന നിലയിൽ കാണാൻ കഴിയുന്നു. പക്ഷേ, 'എന്റെ ജീവിതം എന്റെ സ്വഭാവങ്ങൾ എന്റെ ആരാധനയുടെ നിലവാരം നിനക്കും നിന്റെ സൃഷ്ടികൾക്കും എപ്പോഴും ഇഷ്ടപ്പെടുന്നതാക്കേണമേ എന്ന് അല്ലാഹുവിനോടു നബി(സ)തിരുമേനി ചെയ്യാറുണ്ടായിരുന്ന ദുആ വിനയമായിരുന്നു.

പിന്നീടൊരു സ്വഹാബി സാക്ഷ്യം പറയുന്നു: ഞാൻ നബി(സ)തിരുമേനിയെക്കാൾ കൂടുതൽ ആരുടേയും മുഖം പ്രസന്നമായി കണ്ടിട്ടില്ല. പുഞ്ചിരിക്കുന്നതായും കണ്ടിട്ടില്ല.(സുനനുത്തിർമിദി, അബ്വാബുൽ മനാഖിബ്, ഹദീഥ് 3641)

നബി(സ)തിരുമേനിയുടെ വ്യക്തിത്വത്തെ കുറിച്ച് ഉമ്മു മഅ്ബദ്(റ) പറയുന്നു: 'നബി(സ)തിരുമേനിയെ ദൂരത്തുനിന്ന് കാണുമ്പോൾ ജനങ്ങളിൽ ഏറ്റവും സൗന്ദര്യവാനുള്ള ആളാണ്. അടുത്തുനിന്ന് കാണുമ്പോൾ അങ്ങേയറ്റം മാധുര്യമുള്ള സംസാരവും ഉദാത്തമായ സ്വഭാവമുള്ള ആളും.'(മുസ്തദർക് അലസ്സ്വഹീഹയ്ൻ ലിൽഹാക്കിമി, വാള്യം 3, പേജ് 10–11, കിതാബു ൽ ഹിജ്റത്ത്, ഹദീഥ് 4274, ദാറുൽ കുതുബുൽ ഇൽമിയ്യ് ബേറൂത്ത് 2002)

ഹദ്റത്ത് അലി(റ) പറയുന്നു: നബി(സ)തിരുമേനി ജനങ്ങളിൽ ഏറ്റവുമധികം വിശാലഹൃദയനായിരുന്നു. സംസാരത്തിൽ ജനങ്ങളിൽ ഏറ്റവുമധികം സത്യസന്ധനായിരുന്നു. അവരിൽ ഏറ്റവുമധികം സൗന്ദര്യവാനായിരുന്നു. സാമൂഹികമായ കാര്യങ്ങളിലും സൽപെരുമാറ്റത്തിലും

ഏറ്റവുമധികം ആദരണീയനായിരുന്നു; ബഹുമാന്യനായിരുന്നു. (സുനനുത്തിർമിദി, അബ്‌വാബുൽ മനാഖിബ്, ഹദീഥ് 3638)

നബി(സ)തിരുമേനിയുടെ ഉൽകൃഷ്ടസ്വഭാവങ്ങളുടെ നിരവധി ഉദാഹരണങ്ങളുണ്ട്. അവിടത്തെ ഉൽകൃഷ്ട സ്വഭാവങ്ങളുടെ ഏതു വശമെടുത്താലും അത് അദ്ദേഹത്തിൽ പൂർണമായും തുറന്ന നിലയിലും കാണാൻ കഴിയും. ഈ മാതൃക സ്വായത്തമാക്കാനാണ് അല്ലാഹു നമ്മളോടു കല്പിച്ചിട്ടുള്ളത്. നമ്മൾ ലോകത്തിന് ഇസ്‌ലാമിന്റേയും നബി(സ)തിരുമേനിയുടേയും യഥാർഥ മുഖം കാണിക്കാനാഗ്രഹിക്കുന്നെങ്കിൽ അവിടത്തെ മാതൃകയുടെ എല്ലാവശവും മുന്നിൽ വെച്ചുകൊണ്ട്, നമ്മുടെ വാക്കും പ്രവൃത്തിയും കൊണ്ട് അതു കാണിക്കേണ്ടിവരും. അപ്പോഴാണ് നമുക്ക് അല്ലാഹു ഇക്കാലത്ത് ദീനിന്റെ പ്രചാരണത്തിന് നിയോഗിച്ചയച്ച മസീഹ് മൗഊദിന്റെ ബയ്അത്തിൽ വന്നതിന്റെ കടമ നിർവഹിക്കാൻ കഴിയുന്നത്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരിടത്ത് നബി(സ)തിരുമേനിയുടെ ഉൽകൃഷ്ട സ്വഭാവം വിവരിച്ചുകൊണ്ട് പറയുന്നു: 'ഹദ്റത്ത് മൂസായെക്കാൾ ആയിരക്കണക്കിന് മടങ്ങ് അധികമായിട്ടാണ് വിശുദ്ധ ഖുർആനിൽ ഹദ്റത്ത് ഖാത്തമുൽ അമ്പിയാ(സ)യുടെ ഉൽകൃഷ്ട സ്വഭാവങ്ങൾ വിവരിച്ചിട്ടുള്ളത്. കാരണം എല്ലാ നബിമാരിലും വിവിധ രീതിയിൽ കണ്ടിരുന്ന സകല ഉൽകൃഷ്ട സ്വഭാവങ്ങളും സമ്മേളിച്ചിട്ടുള്ള ആളായിരിക്കും ഹദറത്ത് ഖാത്തമുൽ അമ്പിയാ എന്ന് അല്ലാഹു പറഞ്ഞിരിക്കുന്നു. ഇപ്രകാരംതന്നെ നബി(സ) തിരുമേനിയെ കുറിച്ച് പറഞ്ഞു:**ഇന്നക്ക ലഅലാ ഖുലുഖിൻ അളീം**(അൽഖലം:5) നീ മഹത്തായ ധാർമികഗുണങ്ങളുള്ളവൻ തന്നെയാണ്. അളീം എന്ന പദംകൊണ്ട് ഏതെങ്കിലും വസ്തുവിനെ പ്രശംസിച്ചാൽ അത് അറേബ്യൻ ഭാഷാരീതിയനുസരിച്ച് ആ വസ്തുവിന്റെ പരമമായ അവസ്ഥയിലേക്ക് സൂചന നല്കുന്നതായിരിക്കും. ഉദാഹരണത്തിന് ഈ വൃക്ഷം അളീം ആണെന്ന് പറഞ്ഞാൽ, അതിന്റെ ഉദ്ദേശ്യം ഒരു മരത്തിന് എത്രമാത്രം ഉയരവും വണ്ണവും വിസ്താരവും ഉണ്ടാകാമോ അത്രയും ആ മരത്തിനുണ്ടെന്നാണ്. അങ്ങനെതന്നെയാണ് ഈ ആയത്തിന്റെ അർഥവും. എത്രത്തോളം ഉൽകൃഷ്ടസ്വഭാവങ്ങളും ധാർമിക ഗുണങ്ങളും ഒരു മനുഷ്യന് കരസ്ഥമാക്കാൻ കഴിയുമോ ആ എല്ലാ ഉൽകൃഷ്ട ധാർമിക ഗുണങ്ങളും സമ്പൂർണമായ നിലയിൽ മുഹമ്മദീ ആത്മാവിൽ അടങ്ങിയിരിക്കുന്നു. ഇതിനെക്കാളുപരി ഒരാളെ സ്തുതിക്കാൻ സാധിക്കുകയില്ല.(ബറാഹീനെ അഹ്മദിയ്യ, ഭാഗം 4, റൂഹാനീ ഖസാഇൻ വാല്യം 1, പേജ് 606, അടിക്കുറിപ്പിന് അടിക്കുറിപ്പ് നമ്പർ 3)

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ആര് തന്റെ സത്തകൊണ്ടും, സവിശേഷഗുണങ്ങൾകൊണ്ടും കർമങ്ങൾകൊണ്ടും പ്രവൃത്തികൾകൊണ്ടും തന്റെ ആത്മീയവും പരിശുദ്ധവുമായ ശക്തികളുടെ ഉജ്ജ്വലമായി പ്രവഹിക്കുന്ന നദിയെകൊണ്ടും സമ്പൂർണ ശ്രേഷ്ഠതയുടെ മാതൃക വൈജ്ഞാനികമായും കർമപരമായും സത്യസന്ധമായും ദൃഢഗാഢമായും കാണിക്കുകയും സമ്പൂർണമനുഷ്യനെന്ന് പറയപ്പെടുകയും ചെയ്തുവോ.....ആ മനുഷ്യൻ എല്ലാവരെക്കാളും പരിപൂർണനും തികവുറ്റവനുമായ മനുഷ്യനും സമ്പൂർണനബിയുമായി സമ്പൂർണമായ അനുഗ്രഹങ്ങളോടുകൂടി വന്നു. അദ്ദേഹം മുഖേന ആത്മീയമായ പുനർജന്മവും പുനരുഥാന ദിനവും കാരണത്താൽ ലോകത്തിന്റെ ആദ്യത്തെ ഖിയാമത്ത് പ്രകടമായി. മൃതപ്രായരായ ഒരു ലോകംതന്നെ അദ്ദേഹത്തിന്റെ വരവോടെ ജീവിച്ചു. അത് അനുഗൃഹീത നബി ഹദ്റത്ത് ഖാത്തമുൽ അമ്പിയാ, ഇമാമുൽ അസ്ഫിയാ, ഖത്തമുൽമുർസലീൻ, ഫഖ്റുന്നബിയ്യീൻ ജനാബ് മുഹമ്മദു മുസ്തഫാ സല്ലല്ലാഹു അലയ്ഹിവസല്ലമാണ്. അല്ലയോ പ്രിയപ്പെട്ട അല്ലാഹുവേ! ഈ പ്രിയപ്പെട്ട നബിയുടെമേൽ പ്രാരംഭകാലംമുതൽ ഇന്നുവരെ ആരുടേയും മേൽ നീ ചൊരിഞ്ഞിട്ടില്ലാത്ത റഹ്മത്തും സലാമും ചൊരിഞ്ഞാലും. ഈ മഹാനായ നബി ലോകത്തു വന്നില്ലായിരുന്നെങ്കിൽ, പിന്നെ യൂനുസ്, അയ്യൂബ്, മർയമിന്റെ മകൻ മസീഹ്, മലാക്കി, യഹ്‌യാ തുടങ്ങി എത്രത്തോളം ചെറിയ ചെറിയ നബി ലോകത്തുവന്നുവോ-അവരെല്ലാവരും അല്ലാഹുവിന്റെ സമീപസ്ഥരും സുമുഖരും അല്ലാഹുവിന് പ്രിയപ്പെട്ടവരുമായിരുന്നെങ്കിലും അവരുടെ സത്യസാക്ഷ്യത്തിനുമേൽ നമ്മുടെ കൈയിൽ ഒരു തെളിവുമുണ്ടാകുമായിരുന്നില്ല. ഈ ആളുകളും ലോകത്ത് സത്യവാന്മാരായി മനസ്സിലാക്കപ്പെട്ടുവെന്നത് ഈ നബിയുടെ ഔദാര്യമാണ്.

*അല്ലാഹുമ്മ സല്ലി വ സല്ലിം വ ബാരിക് അലയ്ഹി വ ആലിഹീ വ അസ്ഹാബിഹീ അജ്മയീൻ വ ആഖിറു ദഅ്‌വാനാ അനിൽമ്മ ജീദ്.* (അത്മാമുൽഹുജ്ജ, റൂഹാനീ ഖസാഇൻ വാല്യം 8, പേജ് 308)

ആ സമ്പൂർണ നബിയുടെ ഉമ്മത്തിൽ വന്നതിന്റെ കടമ നിറവേറ്റുന്നവരായിത്തീരാൻ അല്ലാഹു നമുക്ക് തൗഫീഖ് നല്കുമാറാകട്ടെ. ആ മനോഹരവും നിർമലവുമായ മുഖകമലം ലോകത്തിന്റെ മുമ്പിൽ സമർപിച്ച് ലോകത്തിലെ ഇരുട്ടിനെ അകറ്റുന്നവരാകട്ടെ. അല്ലാഹു നമുക്കതിന് തൗഫീഖ് നല്കുമാറാകട്ടെ. ആമീൻ. ഇനി ദുആ ചെയ്യുക(അൽഫള്ൽ ഇന്റർനാഷണൽ പത്രം 13-8-2019)

(- പേജ് 4ൽ നിന്ന്)

രിഷ്കരണം തിരുമേനിയുടെ മാത്രം സവിശേഷമായ ഒരു നേട്ടമാകുന്നു. അവിടന്ന് മൃഗപ്രായരായ, കിരാതരായ ഒരു ജനവിഭാഗത്തിനു മനുഷ്യത്വം പഠിപ്പിച്ചു. അല്ലെങ്കിൽ അദ്ദേഹം മൃഗസമാനരെ മനുഷ്യരാക്കി മാറ്റിയെന്നു പറയാം. പിന്നെ, ആ മനുഷ്യരെ വിജ്ഞരാക്കി. വിജ്ഞരായ മനുഷ്യരെ അവിടന്ന് ദൈവമനുഷ്യരാക്കി മാറ്റുകയും ആത്മീയചൈതന്യം അവരിൽ ഊതിനിറയ്ക്കുകയും സത്യദൈവവുമായി അവരെ അടുപ്പിക്കുകയും ചെയ്തു. അവർ ദൈവമാർഗത്തിൽ ആടുമാടുകളെപോലെ അറുത്തിടപ്പെട്ടു. എറുമ്പുകളെപോലെ കാലടികൾക്കടിയിൽ ചതച്ചരയ്ക്കപ്പെട്ടു. എങ്കിലും, അവർ സത്യവിശ്വാസം കൈവെടിഞ്ഞില്ല. എല്ലാ കഷ്ടപ്പാടുകളിലും വിപത്തുകളിലും അവർ മുന്നോട്ടു കാൽവെച്ചു. ചുരുക്കത്തിൽ, നമ്മുടെ നബിനായകർ(സ) ആത്മീയത സ്ഥാപിച്ചുറപ്പിക്കുന്നതിൽ രണ്ടാം ആദം ആയിരുന്നു. എന്നല്ല, യഥാർഥ ആദം അവിടന്നുതന്നെ ആയിരുന്നു എന്നു പറയണം. അവിടത്തെ ജീവിതത്തിൽ കുട്ടിക്കാലം തുടങ്ങിയുള്ള സകല മാനുഷിക അനുഗ്രഹങ്ങളും പരിപൂർണതയെ പ്രാപിച്ചിരുന്നു. സകല സൽഭാവങ്ങളും അവിടത്തെ ജീവിതത്തിൽ സക്രിയമാവുകയും മനുഷ്യപ്രകൃതിയിലെ ഒരു ശാഖയും നിഷ്ക്രിയമല്ലാതിരിക്കയും ചെയ്തു. കാലാതീതത്വംകൊണ്ടു മാത്രമല്ല, പ്രവാചകത്വത്തിന്റെ സകലപൂർണതകളും തിരുമേനിയിൽ അവസാനിച്ചതുകൊണ്ടും തിരുമേനിയിൽ 'ഖിത്മെ നുബുവ്വത്ത്' സംഭവിച്ചു. തിരുനബി(സ) ദൈവികഗുണങ്ങളുടെ സമ്പൂർണ്ണ പ്രതിരൂപം ആയിരുന്നു. ആകയാൽ, തിരുമേനിയുടെ ശരീഅത്ത് പ്രതാപഗുണങ്ങളുടെയും സൗന്ദര്യഗുണങ്ങളുടെയും രണ്ടിന്റേയും വാഹകം ആയിരുന്നു. തിരുമേനിയുടെ രണ്ടു നാമങ്ങൾ അതായതു, മുഹമ്മദ് എന്നും അഹ്മദ് എന്നമുള്ള നാമങ്ങൾ ഇതേ ഉദ്ദേശ്യം ഉൾക്കൊണ്ടിട്ടുള്ളതത്രെ. തിരുമേനിയുടെ നുബുവ്വത്തിന്റെ സാകല്യത്തിൽ ഒരു വശത്തും ലോഭമില്ല. മറിച്ച്, അതു ആരംഭം മുതൽക്കേ ലോകത്തിനു മുഴുവനുമായിട്ടുള്ള തത്രെ."(ലക്ച്ചർ സിയാൽക്കോട്ട്, റൂഹാനീ ഖസാഇൻ വാല്യം 20, പേജ് 206)

## നബി(സ)തിരുമേനിയുടെ മൃഗങ്ങളോടു ദയ

- മൃഗങ്ങളെ ചീത്തവിളിക്കരുത്.
- തീകൊണ്ടു പൊള്ളിച്ച് മൃഗങ്ങൾക്ക് അടയാളമിടരുത്.
- മൃഗങ്ങളുടെ മുഖത്തടിക്കരുത്.
- ഒരു മൃഗത്തിനുമീതെ രണ്ടിലേറെയാളുകൾ യാത്രചെയ്യരുത്.
- പക്ഷിക്കുഞ്ഞുങ്ങളെ അവയുടെ കൂട്ടിൽനിന്ന് വേർപെടുത്തരുത്.
- ഉറുമ്പുകളെന്നല്ല ഒരു ജീവിയേയും തീകൊണ്ട് കൊല്ലരുത്.
- ആടുകളെ ചെവിയിൽപിടിച്ച് വലിച്ചുകൊണ്ടുപോകരുത്.
- മദീനയിൽ ഒരു അൻസാരിയുടെ തോട്ടത്തിൽ നബി(സ)ചെന്നപ്പോൾ അവിടെ ഉണ്ടായിരുന്ന ഒരു ഒട്ടകം നബിയോടു പരാതിപ്പെട്ടു. മൃഗങ്ങളോടു ദാക്ഷിണ്യം കാണിച്ചില്ലെങ്കിൽ നാളെ ദൈവസവിധത്തിൽ മറുപടി നല്കേണ്ടിവരുമെന്ന് നബി(സ) അയാളെ ശക്തമായി താക്കീതു ചെയ്തു.

**'അല്ലാഹുവിന്റെ കാരുണ്യത്തെ ആകർഷിച്ചെടുക്കുന്നതിനും മലക്കുകളുടെ വലയത്തിനുള്ളിൽ വരുന്നതിനും, നമ്മളിൽ ഓരോരുത്തരും വിശുദ്ധഖുർആൻ പഠിക്കുകയും അത് മനസ്സിലാക്കുകയും നമ്മുടെ മക്കളെ പഠിപ്പിക്കുകയും നിത്യവും ഖുർആൻ പാരായണം ചെയ്യാൻ അവരെ ഉപദേശിക്കുകയും ചെയ്യേണ്ടത് നിർബന്ധമാണ്.' (ഖുത്ബാത്തെ മസ്റൂർ, വാല്യം 3, പേജ് 565)**

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**ത്വാലിബെ ദുആ:**
**M.K. Abdul Azeez & Family, Ahmadiyya Jama-ath Mannarkad(Kerala)**

**കള്ളം പറയുന്നതിൽ നിന്നും അതുപോലുള്ള പ്രവൃത്തികളിൽനിന്നും വിമുക്തനാകാത്ത ഒരാൾ തന്റെ ആഹാരപാനീയങ്ങൾ ഉപേക്ഷിക്കുന്നതുകൊണ്ട് അല്ലാഹുവിന് യാതൊരു കാര്യവുമില്ല. (ബുഖാരി)**

# നബിﷺതിരുമേനി ദൈവദൂതന്മാരിൽ ശ്രേഷ്ഠൻ എന്ന നിലയിൽ

## ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)

(സയ്യിദുനാ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന്റെ തഫ്സീറെ കബീറിൽനിന്ന് സൂറത്തുൽ കൗഥറിന്റെ (വാള്യം:10) വ്യാഖ്യാനത്തിൽ എഴുതിയിട്ടുള്ളതാണ് ഈ ലേഖനം. അവിടന്ന് കൗഥറിന്റെ വ്യാഖ്യാനത്തിൽ നബി (സ)തിരുമേനിയുടെ നുബുവ്വത്തിന്റെ ശ്രേഷ്ഠതകൾ വിവരിച്ചിട്ടുള്ളത് വായനക്കാരുടെ മുമ്പിൽ അവതരിപ്പിക്കുകയാണ്. (എഡിറ്റർ)

സയ്യിദുനാ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: (കൗഥർ എന്നതിന്റെ)ആദ്യത്തെ അർഥം സമ്പൂർണമായ നുബുവ്വത്തിന്റെ ഉന്നതനില ലഭിക്കുകയും അത് ധാരാളമായി ലഭിക്കുകയും ചെയ്യുക എന്നതാണ്. ഈ വിഷയത്തിന്റെ വിസ്താരത്തിന് ഒരു പരിധിയുമില്ല. അല്ലാഹുവിനല്ലാതെ മറ്റാർക്കും അതിനെ തികവുറ്റ നിലയിൽ വിവരിക്കാൻ സാധ്യവുമല്ല. പക്ഷേ, ഉദാഹരണമെന്ന നിലയിൽ കുറച്ചുകാര്യങ്ങൾ വിവരിക്കാൻ കഴിയുന്നതാണ്. ഇതു സംബന്ധമായി ഏറ്റവുമാദ്യം നമ്മൾ നോക്കേണ്ടത് നബി(സ)തിരുമേനിയുടെ വാദമെന്തായിരുന്നുവെന്നാണ്. കാരണം ആരുടെയെങ്കിലും വിശേഷഗുണങ്ങളെ അറിയുന്നതിന് അത് അനിവാര്യമാണ്; അദ്ദേഹത്തിന്റെ വാദത്തെ കുറിച്ച് അറിയുക. ഉദാഹരണത്തിന് ഒരാൾ നമ്മുടെ അടുത്തുവന്ന് താൻ ഏറ്റവും വലിയ ഉസ്താദാണെന്ന് പറയുന്നുവെന്നിരിക്കട്ടെ. അപ്പോൾ നമ്മൾ നോക്കുന്നത് ഉസ്താദ് ആകുന്നതിനുള്ള എല്ലാ നിബന്ധനകളും ആ വ്യക്തിയിലുണ്ടോ ഇല്ലേ എന്നാണ്. ആ നിബന്ധനകൾ മറ്റുള്ളവരെ അപേക്ഷിച്ച് അയാളിൽ അധികമായി കാണുന്നുണ്ടെങ്കിൽ അദ്ദേഹം ഏറ്റവുംവലിയ ഉസ്താദാണെന്ന് നമ്മൾ സമ്മതിക്കും. ഇനി ആരെങ്കിലും താൻ ഏറ്റവും വലിയ ഉസ്താദാണെന്ന് പറയുകയും, താങ്കളിൽ എന്തെല്ലാം ശ്രേഷ്ഠതകളാണ് ഉള്ളതെന്ന് ചോദിക്കുമ്പോൾ, ഉദാഹരണത്തിന് അയാൾ താൻ ഏറ്റവുമധികം മുട്ടകൾ കഴിക്കുന്നയാളാണെന്ന് പറയുകയാണെങ്കിൽ ഓരോ വ്യക്തിയും അയാളെ വിഡ്ഢിയായി മനസ്സിലാക്കുന്നതായിരിക്കും. അല്ലെങ്കിൽ വ്യായാമം കൂടുതൽ ചെയ്യുന്നുവെന്നും, മീറ്റിംഗുകൾ കൂടുതൽ സംഘടിപ്പിക്കുന്നുവെന്നും പറയുകയുമാണെങ്കിൽ എല്ലാവരും അയാൾ പറയുന്നത് കേട്ട് ചിരിക്കുന്നതായിരിക്കും. എന്നാൽ, താൻ വലിയ ഫൈൽമാനാണെന്നും താൻ ഒരുപാടു ഭക്ഷണം കഴിക്കാറുണ്ടെന്നും, ഭാരം കൂടുതൽ എടുക്കാറുണ്ടെന്നും വ്യായാമം കൂടുതൽ ചെയ്യുന്നുവെന്നും പലരീതിയിലുള്ള ശാരീരിക അഭ്യാസ വും കാണിക്കുന്നുവെന്നും പറഞ്ഞാൽ ശരിയാണ് അയാൾ പറയുന്നതെന്ന് നമ്മൾ പറയും. പിന്നീട് നമ്മൾ അയാളോടു 'കെന്റി'ന്റെ തത്ത്വം അറിയുമോ? എന്നൊന്നും ചോദിക്കുകയില്ല. ഇനി നമ്മൾ അങ്ങനെ ചോദിക്കുകയാണെങ്കിൽ തനിക്ക് തത്ത്വശാസ്ത്രവുമായി എന്തുബന്ധമെന്ന് അയാൾ ഇങ്ങോട്ടു ചോദിക്കും. എന്നല്ല തത്ത്വ ശാസ്ത്രത്തിന്റെ അടിസ്ഥാനത്തിലല്ല താൻ ഫൈൽവാനാണെന്ന് വാദിച്ചതെന്ന് അയാൾ പറയും.

താൻ ഏറ്റവും വലിയ ആളാണെന്ന് മുഹമ്മദ് നബി(സ)തിരുമേനി പറയുമ്പോൾ നമ്മൾ നോക്കേണ്ടത് അവിടത്തെ വാദമെന്തെന്നാണ്. അദ്ദേഹത്തിന്റെ വാദത്തിൽ ആരൊക്കെയാണ് പങ്കാളിയെന്നാണ്; അവരുമായി നബി(സ)തിരുമേനിയെ തട്ടിച്ചുനോക്കാനും അവിടന്ന് യഥാർഥ ത്തിൽ വലിയവനാണോ എന്ന് അറിയാനും! ഈ വീക്ഷണത്തിലൂടെ നബി(സ)തിരുമേനിയുടെ വാദമെന്തായിരുന്നുവെന്ന നമ്മൾ ചിന്തിക്കുമ്പോൾ, നമുക്ക് വിശുദ്ധ ഖുർആനിൽ ഈ ആയത്ത് കാണാൻ കഴിയും:

*ഇന്നാ അർസൽനാ ഇലയ്ക്കും റസൂലൻ ശാഹിദൻ അലയ്ക്കും കമാ അർസൽനാ ഇലാ ഫിർഔന റസൂലാ* (അൽ മുസമ്മിൽ :73)

ഫിർഔന്റെ അടുക്കലേക്ക് നാം ഒരു ദൂതനെ അയച്ചതുപോലെ നിങ്ങൾക്ക് മേൽനോട്ടക്കാരനായി നിങ്ങളിലേക്ക് ഒരു ദൂതനെ നാം അയച്ചിരിക്കുന്നു. ലോകത്ത് എത്ര നബിമാർ കഴിഞ്ഞുകടന്നിട്ടുണ്ടോ അവരിൽ പ്രശസ്തരായവർ മൂസാ പരമ്പരയിലെ നബിമാർ തന്നെയാണ്. ഹദ്റത്ത് ശ്രീകൃഷ്ണന്റേയും ഹദ്റത്ത് ശ്രീരാമന്റേയും പ്രവാചകത്വത്തെ മറ്റു മുസ്‌ലിമീങ്ങൾ വിശ്വസിക്കുന്നില്ല; ഞങ്ങൾ വിശ്വസിക്കുന്നുണ്ട്. പക്ഷേ, ഞങ്ങളുടെ പക്കൽ അവരുടെ ചരിത്രം സുരക്ഷിതമായിട്ടില്ല. അവരുടെ അധ്യാപനങ്ങളെന്തായിരുന്നുവെന്നതിനെ കുറിച്ച് നമുക്കൊരറിവുമില്ല. ഗീത മാത്രമാണ് ഹദ്റത്ത് ശ്രീകൃഷ്ണന്റേതാണെന്ന് സൂചിപ്പിക്കുന്നത്. അതിലും പൊതുവെ യുദ്ധങ്ങളുടേയും ചരിത്രസംഭവങ്ങളുടേയും കാര്യങ്ങളാണുള്ളത്. അദ്ദേഹത്തിന്റെ വാദത്തിന്റെ വിശദീകരണം അതിൽനിന്ന് ലഭിക്കുന്നില്ല. ഏതായാലും ഇസ്റായേലി നബിമാരുടെ ചരിത്രം ഒരു പരിധിവരെ സുരക്ഷിതമാണ്. അവരുടെ നേതാവ് ഹദ്റത്ത് മൂസാ(അ)ആയിരുന്നു. അല്ലാഹു നബി(സ)തിരുമേനിയോടു പറയുന്നു: നീയും മൂസായെപ്പോലെ നബിയാണ്. അതായത് ഹദ്റത്ത് മൂസാ(അ), നബി(സ)തിരുമേനി ഉൾപ്പടെ ആ ഇനത്തിൽപ്പെട്ടവരായിരുന്നു. ഹദ്റത്ത് മൂസാ(അ)യ്ക്ക്നല്കപ്പെട്ട നുബുവ്വത്തിന്റെ ശ്രേഷ്ഠതകളെക്കാൾ കൂടുതൽ മുഹമ്മദു റസൂലുല്ലായ്ക്ക് ശ്രേഷ്ഠതകൾ കിട്ടി എന്ന് സ്ഥാപിതമായാൽ തീർച്ചയായും നബി(സ) തിരുമേനിക്ക് കൗഥർ കിട്ടിയതും സ്ഥാപിതമാകുന്നതായിരിക്കും. കാരണം ഹദ്റത്ത് മൂസായും മുഹമ്മദു റസൂലുല്ലായും ഒരേയൊരു ഇനത്തിൽനിന്നുള്ളവരാണെന്നു മാത്രമല്ല അല്ലാഹു പറഞ്ഞത്, അവിടത്തെ ശ്രേഷ്ഠതകൾ ഹദ്റത്ത് മൂസാ(അ)യുടെ ശ്രേഷ്ഠതകളുടെ സാദൃശ്യമാണെന്നു മാത്രമല്ല പറഞ്ഞത് പ്രത്യുത അല്ലാഹു പറയുന്നു, *ഇന്നാ അഅ്ത്വയ്നാക്കൽ കൗഥർ* എന്തൊരു സാധനമാണോ മുഹമ്മദ് റസൂലുല്ലായ്ക്ക് കിട്ടിയത് അതു മറ്റുള്ളവരെക്കാളുപരിയാണ്. അതായത് മൂസാ(അ)ന്റെ ശ്രേഷ്ഠതകളും നിബ(സ)തിരുമേനിക്ക് ലഭിച്ചു; അതിനെക്കാൾ കൂടതുൽ ലഭിച്ചു. ഇനി നമ്മൾ നോക്കുന്നത് ഹദ്റത്ത് മൂസാ(അ)യുമായി ബന്ധപ്പെട്ട എന്തെല്ലാം വലിയ സംഭവങ്ങളാണുണ്ടായതെന്നാണ്. പിന്നീട് അവയെ ഹദ്റത്ത് മുഹമ്മദു റസൂലുല്ലായുടെ സംഭവങ്ങളുമായി താരതമ്യം ചെയ്ത് നോക്കാം. നബി(സ)തിരുമേനിക്ക് അല്ലാഹു ഏതേതെല്ലാം രീതിയിൽ കൗഥർ നല്കി എന്നു നമുക്ക് മനസ്സിലാകുന്നതിന് അതു സംബന്ധമായുള്ള ഹദ്റത്ത് മൂസായുടെ അവസ്ഥകളിൽ ചിന്തിക്കേണ്ടതാണ്:

1. ഹദ്റത്ത് മൂസാ(അ) ദൈവവചനം പ്രചരിപ്പിക്കുന്നതിനും ജനങ്ങൾക്ക് ആത്മീയജ്ഞാനങ്ങൾ പഠിപ്പിക്കുന്നതിനും വേണ്ടിയാണ് ആഗതനായിരുന്നത്. ബാഹ്യമായ ജ്ഞാനങ്ങൾ ആ പ്രവൃത്തിയിൽ വളരെ സഹായകരമാണെന്നത് നേരായകാര്യമാണ്. എഴുത്തും വായനയും അറിയുന്നയാൾക്ക് അറിവു പഠിപ്പിക്കുന്ന ജോലി വളരെ എളുപ്പമായിരിക്കും. ഹദ്റത്ത് മൂസായെ(അ) നബിയാക്കിയപ്പോൾ, അദ്ദേഹം വിദ്യാഭ്യാസമുള്ള ആളായിരുന്നു. വിശുദ്ധ ഖുർആനിൽനിന്നും തൗറാത്തിൽനിന്നും അവ രണ്ടിൽനിന്നും ഇത് അറിയാൻ കഴിയുന്നുണ്ട്. ഹദ്റത്ത് മൂസാ(അ) യ്ക്ക് നബിമാരുടെ ജോലി നല്കപ്പെട്ടപ്പോൾ ഭൗതികമായ ആയുധം അദ്ദേഹത്തിന്റെ കൈയിലുണ്ടായിരുന്നു. അതായത് അദ്ദേഹം എഴുത്തും വായനയും പഠിച്ചയാളായിരുന്നു. അദ്ദേഹത്തിന് തന്നിൽ അർപിതമായ ജോലി നന്നായി ചെയ്യാൻ കഴിയുമായിരുന്നു. പക്ഷേ, മുഹമ്മദ്(സ)യ്ക്ക് അതേ ജോലി ഏല്പിച്ചപ്പോൾ അദ്ദേഹത്തിന് എഴുത്തും വായനയും അറിയുമായിരുന്നില്ല. എന്നാൽ, നിരക്ഷരനായിരുന്നിട്ടും അവിടന്ന് ഹദ്റത്ത് മൂസായോക്കാൾ കൂടുതൽ വിജയം കരസ്ഥമാക്കി. ഇത് ഹദ്റത്ത് മൂസാനബിയുടെമേൽ നബി(സ)തിരുമേനിക്കു ലഭിച്ച വളരെ വലിയൊരു ശ്രേഷ്ഠതയാണ്.

2. ഹദ്റത്ത് മൂസാ(അ) സംസ്കാരമുള്ള ഒരു ജനതയിലാണ് നിയോഗിക്കപ്പെട്ടത്. അദ്ദേഹം ഈജിപ്തിൽ വന്നപ്പോൾ അക്കാലത്ത് മിസ്രി ജനത(ഈജിപ്ഷ്യൻ ജനത) ഉൾകൃഷ്ട ജനതയായി മനസ്സിലാക്കപ്പെട്ടിരുന്നു. ബനൂ ഇസ്റായീലും അവരോടൊപ്പം താമസിച്ചിരുന്നു. അതുകൊണ്ട് ഇസ്റായീലി ജനതയും എഴുത്തും വായനയും അറിയുന്നവരായിരുന്നു. അവർ സംസ്കാരമുള്ളവരും വിദ്യാസമ്പന്നരുമായിരുന്നു. സംസ്കാരമുള്ള ആളുകൾ മതപരമായ കാര്യങ്ങൾ പഠിപ്പിക്കുക എന്നത് കൂടുതൽ എളുപ്പമായിരിക്കും. അവരിൽ വ്യവസ്ഥിതി സ്ഥാപിക്കുന്നതും അവരുടെ ഉള്ളിൽ സംഘടിതാത്മാവുണ്ടാക്കുന്നതും മറ്റുള്ളവരെ അപേക്ഷിച്ച് വളരെ സുഗമമാണ്. എന്നാൽ, മുഹമ്മദു റസൂലുല്ലാഹി(സ) സംസ്കാരമില്ലാത്ത ഒരു ജനതയിലാണ് ആഗതരായത്. ഭൗതികമായ അറിവുകൾ അവർക്ക് ഒട്ടുംതന്നെ ഉണ്ടായിരുന്നില്ല. ഹദ്റത്ത് ഉമർ(റ)ന്റെ കാലത്തെ ഒരു സംഭവമുണ്ട്. മുസ്‌ലിമീങ്ങൾ കിസ്റായുമായി യുദ്ധം ചെയ്തുകൊണ്ടിരുന്നപ്പോൾ ഒരിക്കൽ കിസ്റാ ദർബാറിലുള്ളവരോടു പറഞ്ഞു: 'നിങ്ങൾ അവരെ എന്റെയടുത്ത് കൊണ്ടുവരിക. നിങ്ങൾ അവരോടു നല്ലനിലയിൽ പെരുമാറുന്നില്ലെന്നാണ് മനസ്സിലാകുന്നത്. ഞാൻ അവർക്കു പണം നല്കുന്നതായിരിക്കും. അവർ സന്തോഷിച്ച് മടങ്ങിപ്പോകുകയും ചെയ്യും!' അങ്ങനെ കിസ്റാ ഇസ്ലാമിക സൈന്യത്തിന്റെ ജേർണലിന് തന്റെ അടുക്കൽ നിങ്ങളുടെ സംഘത്തെ അയക്കാൻ സന്ദേശം അയച്ചു. ആ സംഘം കിസ്റായുടെ ദർബാറിൽ വന്നപ്പോൾ കിസ്റാ പറഞ്ഞു: 'നിങ്ങൾ അപരിഷ്കൃതരും ശവംതീനികളുമാണ്. മാലിന്യങ്ങൾ ഭുജിക്കുന്നവരാണ്. രാജാക്കന്മാരുമായി നിങ്ങൾക്ക് എന്തു ബന്ധമാണുള്ളത്? ഞാൻ നിങ്ങൾക്ക് പണം തരികയാണ്. നിങ്ങൾ തിരിച്ചുപോയി അത് ചെലവു ചെയ്യുക. വീടുകളിൽ സുഖമായി കഴിയുക. നിങ്ങൾ തിരിച്ചുപോകാൻ തയ്യാറാണെങ്കിൽ നിങ്ങളുടെ എല്ലാ ഓഫീ

സർമാർക്കും ഈരണ്ട് അശ്റഫിയും ഓരോ പട്ടാളക്കാരനും ഒരു അശ്റഫിയും വീതം തരുന്നതാണെന്ന് ഞാൻ വാഗ്ദാനം ചെയ്യുന്നു. കിസ്റാ തന്റെ കാര്യം പറഞ്ഞ് അവസാനിപ്പിച്ചപ്പോൾ സംഘത്തിന്റെ നേതാവ്– അദ്ദേഹം ഒരു സ്വഹാബിയായിരുന്നു–മറുപടി നല്കി: താങ്കൾ എന്തൊന്ന് പറഞ്ഞുവോ അത് ശരിയാണ്. ഞങ്ങൾ യഥാർഥത്തിൽ അങ്ങനെയായിരുന്നു. ഞങ്ങൾ അപരിഷ്കൃതരും ശവംതീനികളുമായിരുന്നു. ഞങ്ങൾ മാലിന്യങ്ങൾ തിന്നാറുണ്ടായിരുന്നു. ഞങ്ങൾ അനാഥരോടു മോശമായി പെരുമാറാറുണ്ടായിരുന്നു. ഞങ്ങൾ ഞങ്ങളുടെ മാതാക്കളെ വിവാഹം കഴിച്ചിരുന്നു. ഞങ്ങളുടെ ഉള്ളിൽ ഈ എല്ലാ കുഴപ്പങ്ങളുമുണ്ടായിരുന്നു. പക്ഷേ, അല്ലാഹു ഞങ്ങളിലേക്ക് ഒരു ദൂതനെ അയച്ചു. അദ്ദേഹത്തെ ഞങ്ങൾ വിശ്വസിച്ചു. അതുകൊണ്ട് ഇപ്പോൾ ഞങ്ങളുടെ അവസ്ഥ മറ്റൊന്നാണ്. ഇപ്പോൾ ഞങ്ങൾ ആദ്യമെയുള്ള ആ ആളുകളല്ല. ഇത്തരം അത്യാഗ്രഹങ്ങളിൽ വീഴുന്നവരല്ല. ഞങ്ങളുടേയും നിങ്ങളുടേയുമിടയിൽ യുദ്ധം തുടങ്ങിക്കഴിഞ്ഞിരിക്കുകയാണ്. ഇനി ഇതിന്റെ വിധി യുദ്ധമൈതാനത്തായിരിക്കും; അശ്റഫികളും പ്രലോഭനങ്ങളും കൊണ്ടായിരിക്കുകയില്ല. ഒന്നുകിൽ ഞങ്ങൾ നിങ്ങളെ കൊല്ലും അല്ലെങ്കിൽ ഞങ്ങൾ സ്വയം രണാങ്കണത്തിൽ പോരാടി വീരമൃത്യുവരിക്കുന്നതായിരിക്കും.' ഇതുകേട്ട രാജാവ് ഒരു ഉദ്യോഗസ്ഥനോടു ഒരു ചാക്കു മണ്ണു കൊണ്ടുവരാൻ പറഞ്ഞു. അയാൾപോയി മണ്ണുമായി വന്നു. അല്പം മുന്നോട്ടു വരാൻ ആ സ്വഹാബിയോടു കിസ്റാ പറഞ്ഞു. ആ മൺചാക്കെടുത്ത് അയാളുടെ തലയിൽ വെക്കാൻ രാജാവ് ജോലിക്കാരനോടു പറഞ്ഞു. ആ സ്വഹാബിവര്യന് അതുവേണമമെങ്കിൽ നിഷേധിക്കാമായിരുന്നു. പക്ഷേ, അദ്ദേഹം വളരെ ഭവ്യതയോടെ തലകുനിച്ച് ആ മൺചാക്ക് തലയിലേറ്റി! കിസ്റാ അവരോടു പൊയ്ക്കൊള്ളാൻ പറഞ്ഞു; ഈ മണ്ണ് നിങ്ങളിലിടുന്നു, നിങ്ങൾക്കു ഒന്നുംതരാൻ ഞാൻ തയ്യാറല്ല കിസ്റാ പറഞ്ഞു! ആ സ്വഹാബി ഉടൻതന്നെ അവിടെനിന്ന് ചാടിയിറങ്ങിക്കൊണ്ട് തന്റെ കൂട്ടുകാരോടു പറഞ്ഞു: 'നമുക്ക് പോകാം, രാജാവ് സ്വയംതന്നെ ഇറാന്റെ മണ്ണ് നമുക്ക് തന്നിരിക്കുകയാണ്.' അയാൾ അന്യാരാധകനായിരുന്നു. അന്യാരാധകർ എപ്പോഴും സംശയാലുക്കളായിരിക്കും. അയാൾ ഈ വാക്കുകൾകേട്ട് വിറകൊണ്ടു. ഓടിപ്പോയി അവരെ മടക്കിക്കൊണ്ടുവരാൻ രാജാവ് കല്പനയിട്ടു. എന്നാൽ, ആ മുസ്‌ലിം സംഘം തങ്ങളുടെ കുതിരപ്പുറത്തേറി വളരെ ദൂരം താണ്ടിക്കഴിഞ്ഞിരുന്നു.

ചുരുക്കിപ്പറഞ്ഞാൽ ഹദ്റത്ത് മൂസാ(അ) ഏതൊരു ജനതയിലും രാജ്യത്തുമാണോ പ്രവൃത്തിച്ചത് ആ രാജാവും ജനതയും വളരെ സംസ്കാരസമ്പന്നരായിരുന്നു. അവരുടെ പുരാതവസ്തുക്കൾ ലഭിക്കുന്നുണ്ട്. അവയിൽനിന്ന് ഇക്കാര്യം അറിയാൻ കഴിയുന്നു. അക്കാലഘട്ടത്തിലെ കെട്ടിടങ്ങൾ നോക്കുക. ഇക്കാലത്തെ കെട്ടിടങ്ങൾ അവയ്ക്കുമുമ്പിൽ ഒന്നുംതന്നെയല്ലെന്ന് മനസ്സിലാകും. ശാസ്ത്രത്തെ നോക്കുക. അവർ മൃതശരീരങ്ങളെ ലേപനം ചെയ്ത് എങ്ങനെ സൂക്ഷിച്ചിരുന്നുവെന്നാൽ ഇപ്പോഴും അവർ ജീവിച്ചിരിക്കുന്നവരായി തോന്നുന്നു. ഞാൻ രണ്ടു മമ്മികൾ നേരിൽ കണ്ടിട്ടുണ്ട്. അവയുടെ മീതെ നിന്ന് തുണിമാറ്റിയാൽ അവർ ഉറങ്ങുകയാണെന്ന് തോന്നും; കുറച്ചു മെലിഞ്ഞിട്ടുണ്ടെന്ന് മാത്രം! അങ്ങനെ ചെയ്യാൻ യൂറോപ്യൻകാർ ഇന്നുവരെ ശ്രമിച്ചുകൊണ്ടിരിക്കുന്നുണ്ട്. എന്നാൽ, അതിൽ വിജയിക്കാൻ കഴിഞ്ഞിട്ടില്ല. ഇപ്പോൾ അവർ മമ്മികളിൽനിന്ന് അതിൽ പുരട്ടിയ വസ്തുക്കളെടുത്ത് analysis ചെയ്തിരിക്കുന്നു. അവരുടെ ലേപനമാണെങ്കിൽ 10, 12 വർഷംവരെ മാത്രമെ നില്ക്കുന്നുള്ളു. പക്ഷേ, ഈജിപ്ഷ്യൻ മമ്മികൾ ആയിരക്കണക്കിന് വർഷമായ സുരക്ഷിതമായിരിക്കുന്നു; 3400 വർഷം! എന്നല്ല അതിനെക്കാൾ പഴക്കമുള്ള മൃതശരീരങ്ങളും ഇതുവരെ സുരക്ഷിതമാണ്. അത് എത്രമാത്രം വലിയ പുരോഗതിയാണ്. അതിനെ നേരിടാൻ ഇക്കാലത്തെ ജനങ്ങൾക്കും സാധ്യമല്ല. പിന്നെ ഈജിപ്ഷ്യൻ ജനതയിൽ സ്വർണംകൊണ്ടുള്ളകൊത്തുപണി അങ്ങേയറ്റം മികച്ചതാണ്. അവരുടെ പുരോഗതിക്കുള്ള വ്യക്തമായി അടയാളമാണ്. ഇതിൽനിന്ന് ഈജിപ്ഷ്യൻ ജനതയോടൊപ്പം കഴിഞ്ഞിരുന്ന ആളുകൾ എത്രമാത്രം സംസ്കാര സമ്പന്നരും അഭിവൃദ്ധി നേടിയവരുമായിരുന്നുവെന്ന് കണക്കാക്കാൻ കഴിയും. അതിനാൽ ഹദ്റത്ത് മൂസാ(അ) സംസ്കാരസമ്പന്നരായവരെയാണ് പ്രയോജനപ്പെടുത്തിയിരുന്നത്; അവർ ഭൗതിക വിദ്യഭ്യാസമുള്ളവരായിരുന്നു. എന്നാൽ, മുഹമ്മദു റസൂലുല്ലാഹി(സ), തങ്ങളുടെ മാതാക്കളെ എങ്ങനെ ആദരിക്കണമെന്നുപോലും അറിയാത്ത ജനങ്ങളെയാണ് പ്രയോജനപ്പെടുത്തിയത്. അവർ തങ്ങളുടെ മാതാക്കളെ വിവാഹംവരെ കഴിച്ചിരുന്നു. മറ്റു കുറവുകളും അവരിലുണ്ടായിരുന്നു. എന്നിട്ടും അവിടന്ന് തന്റെ ജോലിയിൽ പൂർണ വിജയം നേടി; ഹദ്റത്ത് മൂസായെക്കാൾ കൂടുതൽ വിജയംവരിച്ചു.

3. ഹദ്റത്ത് മൂസാ(അ)യ്ക്ക് നുബുവ്വത്ത് കിട്ടിയപ്പോൾ അദ്ദേഹം അല്ലാഹുവിനോടു പറഞ്ഞു: 'ഇതു വളരെ വലിയ ജോലിയാണ്; എന്നെക്കൊണ്ട് തനിച്ച് ഇത് കഴിയുകയില്ല. എനിക്കു സഹായിയായി ഒരാളെ നിശ്ചയിച്ചുതരിക.' പിന്നീട് അദ്ദേഹം പറഞ്ഞു: *'വജ്അല്ലീ വസീറൻ മ്മിൻ അഹ്‌ലീ'*(20:2) ആ സഹായി എനിക്ക് എന്റെ ബന്ധുക്കളിൽനിന്നുതന്നെ കിട്ടേണ്ടതാണ്. ഹദ്റത്ത് മൂസാ(അ)ന്റെ ബോധം നോക്കുക, അല്ലാഹുവിൽനിന്ന് അദ്ദേഹത്തിന് നുബുവ്വത്ത് പദവി നല്കപ്പെട്ടപ്പോൾ അദ്ദേഹം പറഞ്ഞു: എനിക്കീ ജോലി ചെയ്യാൻ കഴിയുകയില്ല. അല്ലാഹു അദ്ദേഹത്തെ ഒരു ജോലി ഏല്പിക്കുന്നു, അദ്ദേഹം അത് നിഷേധിക്കുന്നു. ഇതു വിനയത്തിന്റെ പ്രകടനമായിരുന്നുവെന്ന് ഞങ്ങൾ സമ്മതിക്കുന്നു. എന്നാൽ, വിനയത്തിനും എന്തെങ്കിലും അതിരുണ്ടാകണം. താങ്കൾ ഫിർഔന്റെ അടുക്കൽ പോകുക എന്ന് അല്ലാഹു ആവർത്തിച്ച് അദ്ദേഹത്തോടു പറഞ്ഞു. എന്നാൽ, തൗറാത്തിൽനിന്ന് മനസ്സിലാകുന്നത് അദ്ദേഹം നിഷേധാത്മകമായ മറുപടിയാണ് നല്കിയതെന്നാണ്. പിന്നീട് അദ്ദേഹം തനിക്കൊരു സഹായിയെ ചോദിക്കുന്നു. നിർബന്ധിക്കുന്നു. തരികയാണെങ്കിൽ അത് തന്റെ കുടുംബത്തിൽനിന്നുള്ള ആളായിരിക്കണമെന്ന് പറയുന്നു. ഇതു വിളിച്ചോതുന്നത് ഹദ്റത്ത് മൂസാ(അ) അല്ലാഹുവിന്റെ കല്പന ഉണ്ടായിട്ടും തന്റെ ജോലിയിൽ ഭൗതികവസ്തുക്കളുടെ സഹായം തേടിയെന്നാണ്. ഇതിനെതിരിൽ ഹദ്റത്ത് മുഹമ്മദു റസൂലുല്ലാഹ്(സ)–അദ്ദേഹം നുബുവ്വത്തിന്റെ കാലത്തുനിന്ന് എത്ര ദൂരെയായിരുന്നു. മൂസാനബിയുടെ അടുത്തകാലത്തുതന്നെയായിരുന്നു ഹദ്റത്ത് ഇബ്റാഹീം(അ), ഹദ്റത്ത് ഇസ്ഹാഖ്(അ), ഹദ്റത്ത് യഅ്ഖൂബ്(അ), ഹദ്റത്ത് യൂസുഫ്(അ) തുടങ്ങി പല നബിമാരും കഴിഞ്ഞികടന്നത്. എന്നാൽ, ഹദ്റത്ത് മുഹമ്മദു റസൂലുല്ലായ്ക്ക് 2500 വർഷം മുമ്പേയാണ് ഹദ്റത്ത് ഇബ്റാഹീം(അ)ഉം ഹദ്റത്ത് ഇസ്മായീൽ(അ)ഉം വന്നത്. അതിനുശേഷം അദ്ദേഹത്തിന്റെ ജനതയിൽ ഒരു നബിയും വന്നിരുന്നില്ല. എന്നാൽ, അവിടത്തെ മഅ്രിഫത്ത് അഥവാ ദൈവജ്ഞാനം നോക്കുക, അദ്ദേഹത്തിന്റെ അടുക്കൽ മലക്കു വരുന്നു. ആ മലക്ക് പറഞ്ഞു: *'ഇഖ്റഅ്.'* നീ വായിക്കുക എന്നാണ് അതിനർഥം. നബി(സ)തിരുമേനി പറഞ്ഞു: *'മാ അന ബി ഖാരിയിൻ.'* എനിക്ക് എഴുത്തും വായനയും അറിയില്ല. ഇതിന്റെ അർഥം ഒരു ഗ്രന്ഥവും അവിടന്ന് പഠിക്കണമായിരുന്നുവെന്നല്ല. ആ ഗ്രന്ഥം വായിക്കുക എന്നു അദ്ദേഹത്തോടു പറയാൻ ജിബ്രീൽ(അ)ന്റെ കൈയിൽ ഒരു ഗ്രന്ഥവും ഉണ്ടായിരുന്നില്ല. ഏതൊങ്കിലും അസ്തിത്വം ഗ്രന്ഥമൊന്നുമില്ലാതെവന്ന് വായിക്കാൻ പറഞ്ഞാൽ അതിന്റെ അർഥം എന്തൊന്നാണോ ഞാൻ പറയുന്നത് അതേറ്റു പറഞ്ഞുകൊണ്ടുപോകുക എന്നാണ്. അദ്ദേഹത്തോടു മലക്ക് വായിക്കുക എന്നു പറഞ്ഞപ്പോൾ അതിന്റെ ഉദ്ദേശ്യം അല്ലയോ മനുഷ്യാ! (ആ നേരത്ത് അവിടന്ന് നബിയല്ലായിരുന്നു)എന്തൊന്നാണോ ഞാൻ പറയുന്നത് താങ്കൾ അതേറ്റു പറഞ്ഞുകൊണ്ടുപോകുക. പക്ഷേ, അദ്ദേഹം പറയുന്നു: മാ അന ബിഖാരിയിൻ ഞാൻ എഴുത്തും വായനയും പഠിച്ചിട്ടുള്ളവനല്ല. ഇതായിരുന്നു നബി(സ)തിരുമേനിയുടെ വിനയം. തന്നെ ഏതോ ജോലി ഏല്പിക്കാൻ പോകുകയാണെന്ന് അദ്ദേഹം മനസ്സിലാക്കിയിരുന്നു. എന്നാൽ, അല്ലാഹു മഹിമാവിലാസമുള്ളവനാണ്; താൻ എളിയ ദാസനും. ആ ജോലി ചെയ്യാൻ തനിക്ക് സാധിക്കാതെ വരുമായിരിക്കാം. അതുകൊണ്ട് അവിടന്ന് പറഞ്ഞു, എനിക്ക് എഴുത്തും വായനയും അറിയില്ല. മലക്ക് വീണ്ടും നബി(സ)തിരുമേനിയോടു പറഞ്ഞു: 'ഇഖ്റഅ്' നീ വായിക്കുക. അവിടന്ന് വീണ്ടും പറഞ്ഞു: മാ അന ബിഖാരിയിൻ ഞാൻ എഴുത്തും വായനയും പഠിച്ചിട്ടുള്ളവനല്ല. തുടർന്ന് മൂന്നാം പ്രാവശ്യവും മലക്ക് പറഞ്ഞു:' 'ഇഖ്റഅ്' നീ വായിക്കുക.' അങ്ങനെ വായിക്കാൻ തുടങ്ങി. ഇതായിരുന്നു വിനയം. മൂസാ(അ)യെ പോലെ ആ മഹാത്മാവ് നിഷേധിച്ചുകൊണ്ടുപോയില്ല. അല്ലാഹു ഈ കാര്യം തന്നെ ഏല്പിക്കാനാണ് ആഗ്രഹിക്കുന്നതെന്ന് മനസ്സിലായപ്പോൾ അവിടന്ന് അവന്റെ കല്പന ക്ഷണത്തിൽ അംഗീകരിച്ചു. ഇന് നിഷേധിക്കുക എന്നത് മര്യാദകേടാണെന്ന് മനസ്സിലാക്കുകയും ചെയ്തു. പിന്നീട് തനിക്കേതെങ്കിലും സഹായിയെ വേണമെന്ന് അവിടന്ന് പറഞ്ഞില്ല. പറഞ്ഞു: ദൈവേച്ഛ ഇതാണെങ്കിൽ, ഞാൻ അത് വഹിക്കണമെന്നാണെങ്കിൽ ഞാൻ സ്വയം ആ ഭാരം വഹിക്കുന്നതാണ്. ഇതാണ് നബി(സ)തിരുമേനിയുടെ സ്ഥാനത്തെ സ്പഷ്ടമാക്കുന്ന അവിടത്തെ ശ്രേഷ്ഠത. മൂസാ(അ)യെ ഒരു ചെറിയ ജോലി ഏല്പിച്ചപ്പോൾ അദ്ദേഹം സഹായിയെ


**അമീറുൽ മുഅ്മിനീന്റെ ഉപദേശം:–**

'ഖലീഫ ജമാഅത്തിന്റെ പരിഷ്ക്കരണത്തിന് എന്തെങ്കിലും പറഞ്ഞാൽ അതേറ്റെടുക്കുകയും ജമാഅത്തംഗങ്ങളുടെ മുമ്പിൽ അത് ആവർത്തിക്കുകയും ചെയ്യുക. മന്ദബുദ്ധിയിൽ മന്ദബുദ്ധിയായവനുപോലും അതു മനസ്സിലാകാനും ദീനിൽ ശരിയായ നിലയിൽ നടക്കാനുള്ള വഴിപ്രാപിക്കാനും അതാവർത്തിക്കുക. ആവർത്തിക്കുക, ആവർത്തിക്കുക!'
(ഖുത്ബാത്തെ മഹ്മൂദ് വാല്യം 18 പേജ് 214 – 215)
(ഖുത്ബ ജുമുഅ 29 – 5 – 2015)

**ത്വാലിബെ ദുആ:**
**Ahmadiyya Muslim Jama'at Palluruthy, Ernakulam dist:**

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:–**

നമ്മുടെ ആരാധനകളുടെ പുരോഗതിതന്നെ നമുക്ക് വിജയങ്ങൾ പ്രദാനം ചെയ്യുന്നതാണ്. അതുകൊണ്ടുതന്നെ ഇത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. ജമാഅത്ത് മുഴുവൻ ഇതു സംബന്ധമായി വളരെ തീവ്രമായ ശ്രദ്ധ ചെലുത്തേണ്ട ആവശ്യമുണ്ട്. (ജുമുഅ ഖുത്ബ 27 – 1 – 2017)

**ത്വാലിബെ ദുആ:**
**Abdul Hameed Koya Ameer Ahmadiyya Jama'ath Kannur Town, Kerala**

ചോദിച്ചു. എന്നാൽ, നബി(സ)തിരുമേനിയെ അതിനെക്കാൾ എത്രയോ വലിയ ജോലി ഏല്പിച്ചപ്പോൾ താൻ തനിയെ ഈ ജോലി നിറവേറ്റുമെന്ന് പറഞ്ഞു. അവിടന്ന് വിജയകരമായ നിലയിൽ ആ ജോലി നിറവേറ്റി. ഹദ്റത്ത് മൂസായുടെമേൽ അവിടന്ന് കരസ്ഥമാക്കിയ എത്രവലിയ ശ്രേഷ്ഠതയാണിത്.

4. ഹദ്റത്ത് മൂസാ (അ) തന്റെ നാട്ടിൽനിന്ന് പുറപ്പെടുകയും ഫിർഔൻ അദ്ദേഹത്തെ പിന്തുടരുകയും ചെയ്തപ്പോൾ അദ്ദേഹത്തിന്റെ ജനത അങ്ങേയറ്റം പരിഭ്രമിച്ചുപോയെന്ന് വിശുദ്ധ ഖുർആനിൽനിന്ന് സ്ഥാപിതമാകുന്നു. ഇനി ഫിർഔന്റെ പിടിത്തത്തിൽനിന്ന് രക്ഷയില്ലെന്ന് അവർ മനസ്സിലാക്കി. അവർ അലറിക്കൊണ്ട് ഹദ്റത്ത് മൂസായോടു *ഇന്നാ ലമുദ്റക്കൂൻ*(26:62) നമ്മളിതാ പിടിക്കപ്പെടുന്നുവെന്ന് അവർ പറഞ്ഞു. അപ്പോൾ ഹദ്റത്ത് മൂസാ(അ) അവരോടു പറഞ്ഞു: *കല്ലാ ഇന്ന മയിയ റബ്ബീ സയഹ്ദീൻ*(26:63) ഒരിക്കലുമില്ല, എന്റെ നാഥൻ എന്റെ കൂടെത്തന്നെയുണ്ട്. അവൻ നമ്മെ ശത്രുക്കളുടെ ആക്രമണങ്ങളിൽനിന്ന് രക്ഷിക്കുന്നതാണ്. അങ്ങനെ അല്ലാഹു അവരെ സുരക്ഷിതരാക്കിവെക്കുകയും തൻരെ സൈന്യത്തോടൊപ്പം സമുദ്രത്തിൽ മുങ്ങുകയും ചെയ്തു.

ഇപ്രകാരം നബി(സ)തിരുമേനി ഹിജ്റത്തിന്റെ നേരത്ത് മക്കയിൽനിന്ന് പുറപ്പെടുകയും ഥൗർ ഗുഹയിൽ അഭയം തേടുകയും ചെയ്തു. ശത്രുക്കൾ കാലടികൾകണ്ട് കൃത്യമായി വിവരം നല്കുന്ന ഒരു വിദഗ്ദന്റെ സഹായത്തോടെ നബിയെ പിന്തുടർന്ന് നബി(സ)തിരുമേനിയും ഹദ്റത്ത് അബൂബക്കറും ഒളിച്ചിരിക്കുന്ന ആ ഗുഹാമുഖത്തെത്തി. ആ നേരത്ത് അയാൾ പറഞ്ഞു, മുഹമ്മദ്(സ) തീർച്ചയായും ഈ ഗുഹയിൽ ഒളിച്ചിരിപ്പുണ്ട്. അയാൾ ഈ ഗുഹയിലില്ലെങ്കിൽ ആകാശത്ത് പോയിരിക്കുന്നു. ശത്രു അവരോടു എത്രമാത്രം അടുത്തായിരുന്നുവെന്നാൽ കൂടെയുണ്ടായിരുന്ന ഹദ്റത്ത് അബൂബക്കർ പരിഭ്രമിച്ചുപോയി. അദ്ദേഹം പറഞ്ഞു: യാ റസൂലല്ലാഹ്! ശത്രുക്കൾ എത്രമാത്രം അടുത്തെത്തിയിരിക്കുന്നുവെനന്നാൽ അവർ അല്പം കുനിഞ്ഞു നോക്കിയാൽ നമ്മെ കാണുന്നതാണ്. നബി(സ)തിരുമേനി ആ നേരത്ത് വളരെ സമാധാനത്തോടെ പറഞ്ഞു, അബൂബക്കർ എന്തിനാണ് പരിഭ്രമിക്കുന്നത്, *ഇന്നല്ലാഹ മഅനാ*(9:40) അല്ലാഹു നമ്മോടൊപ്പമുണ്ട്. അവൻ നമ്മെ സഹായിക്കുന്നതാണ്. അങ്ങനെ ശത്രുക്കൾ നബി(സ)തിരുമേനി ഉണ്ടായിരുന്ന കൃത്യമായ ആ സ്ഥലത്ത് എത്തിയിട്ടും അവർ നിരാശരും നഷ്ടപ്പെട്ടവരുമായി മടങ്ങിപ്പോയി. അവരെ പിടിക്കുന്നതിൽ ശത്രുക്കൾ പരാജിതരായി. ഹദ്റത്ത് മൂസായും, അല്ലാഹു തന്നോടൊപ്പമുണ്ടെന്നും അവൻ നമ്മെ സഹായിക്കുമെന്നും പറഞ്ഞിരുന്നു. റസൂലുല്ലാഹിസ)യും അല്ലാഹു നമ്മോടൊപ്പമുണ്ട് അവൻ നമ്മെ സഹായിക്കുമെന്ന് പറഞ്ഞിരുന്നു. എന്നാൽ, ചിന്തിക്കുകയാണെങ്കിൽ ഹദ്റത്ത് മൂസാ(അ)ന്റെ ശത്രുക്കൾ നശിച്ചത് എങ്ങനെയായിരുന്നുവെന്നാൽ ശത്രുക്കൾ ഇപ്പോഴും പറയുന്നത് മൂസായും അദ്ദേഹത്തിന്റെ ജനതയും സമുദ്രം മറി കടന്നത് വേലിയേറ്റ നേരത്തായിരുന്നുവെന്നാണ്. വേലിയേറ്റ സമയം വന്നപ്പോൾ ഫിർഔനും അയാളുടെ ആളുകളും മുങ്ങിപ്പോയി. അതിൽ അമാനുഷികമായി എന്തുകാര്യമാണുള്ളത്? എന്നാൽ, റസൂലുല്ലാഹി(സ)നെ അല്ലാഹു എങ്ങനെയാണ് രക്ഷിച്ചതെന്നാൽ ശത്രു അവിടത്തെ കാൽ ചുവടുകളുടെ അടയാളം നോക്കി നോക്കി ഥൗർ ഗുഹയിലെത്തി. എന്നിട്ടും അവർക്ക് അദ്ദേഹത്തെ കാണാൻ കഴിഞ്ഞില്ല. വാസ്തവത്തിൽ അവരുടെ വിശ്വസ്തനായ കാലിപാടുകൾനോക്കി വഴികാണിക്കുന്നയാൾ അവരുടെ കൂടെ ഉണ്ടായിരുന്നു. നബി(സ) തിരുമേനി ഇതിൽ ഒളിച്ചിരിപ്പുണ്ടെന്ന് അയാൾ പറയുകയും ചെയ്തു. അദ്ദേഹം ഇവിടെ ഇല്ലെങ്കിൽ ആകാശത്തേക്ക് പോയി. അയാൾ ഇത്രമാത്രം ശക്തമായി അവരോടു പറഞ്ഞിട്ടും കുനിഞ്ഞുനോക്കാൻ അവർക്ക് തൗഫീഖ് കിട്ടിയില്ല. അവർ പരാജിതരായി മടങ്ങിപ്പോയി.

അതിനുശേഷം നബി(സ)തിരുമേനിയെ അറസ്റ്റു ചെയ്യുന്നതിനുവേണ്ടി മക്കയിലെ അവിശ്വാസികൾ നൂറു ഒട്ടകം ഇനാം പ്രഖ്യാപിച്ചു. ഇത് എത്രമാത്രം വലിയ സമ്മാനമായിരുന്നുവെന്നാൽ അത് കരസ്ഥമാക്കുന്നതിനുവേണ്ടി അറബികൾ നാലുപാടും ഓടി. മുഹമ്മദിനെ എവിടെയെങ്കിലും കണ്ടുമുട്ടിയാൽ നൂറു ഒട്ടകം കിട്ടുമെന്ന് അവർ വിചാരിച്ചു. വീട്ടുകാര്യങ്ങളെല്ലാം നല്ല നിലയിൽ നടന്നുപോകും. അക്കാലത്തെ നോക്കുമ്പോൾ നൂറു ഒട്ടകം വളരെ വലിയ സമ്മാനമായിരുന്നു. ഇക്കാരലത്ത് സർക്കാർ കുറ്റവാളികളെ പിടിക്കുന്നതിനുവേണ്ടി അഞ്ചായിരമോ ആറായിരമോ രൂപയാണ് സമ്മാനം പ്രഖ്യാപിക്കുന്നത്. അക്കാലത്തെ കണക്കനുസരിച്ച് നൂറു ഒട്ടകത്തിന്റെ വില കണക്കാക്കിയാൽ കുറഞ്ഞത് ഇന്നത്തെ അറുപതിനായിരമോ എഴുപതിനായിരമോ രൂപയായിരിക്കും. ചുരുക്കിപ്പറഞ്ഞാൽ അതൊരു വലിയ സമ്മാനമായിരുന്നു. അത് കരസ്ഥമാക്കുന്നതിനുവേണ്ടി ധാരാളമാളുകൾ പുറത്തിറങ്ങി. പക്ഷേ, യാദൃച്ഛികമായി ഒരു വ്യക്തി നബി(സ)തിരുമേനി മദീനമുനവ്വറയിലേക്കു പോകുന്ന ആ വഴിയിൽ എത്തി. ആ വ്യക്തി നബിയെ കണ്ടു. അദ്ദേഹത്തെ പിടിക്കുന്നതിൽ താൻ തീർച്ചയായും വിജയിക്കുമെന്ന് അയാൾ കരുതി. അയാൾ അടുത്തെത്തിയപ്പോൾ അയാളുടെ കുതിര വീണു. മുട്ടുവരെ മണ്ണിൽ പൂണ്ടുപോയി. അയാൾ അറേബ്യയുടെ പഴയ സമ്പ്രദായമനുസരിച്ച് അമ്പെടുത്ത് ശകുനം നോക്കാൻ തുടങ്ങി; മുന്നോട്ടുപോകുന്നത് ഗുണമാണോ ദോഷമാണോ എന്നറിയാൻ. പോകരുതെന്നാണ് ശകുനം പറഞ്ഞത്. എന്നാൽ, ഒട്ടകം നൂറാണ് കിട്ടാൻ പോകുന്നത്! അയാൾ അത് വകവെച്ചില്ല. പിന്നീട് കാലിന്റെ ഉപ്പുകുറ്റികൊണ്ട് ചവുട്ടി കുതിരയെ തെളിച്ച് അടുത്തെത്തി. പക്ഷേ, കുതിര വീണ്ടും വീണു. ഇപ്രാവശ്യം വയറുവരെയാണ് മണ്ണിൽ പൂണ്ടത്. അയാൾ പരിഭ്രമിച്ച് മറ്റെന്തോ കാര്യമുണ്ടെന്ന് മനസ്സിലാക്കി. അങ്ങനെ നബി(സ)തിരുമേനിയുടെ തിരുസന്നിധയിൽ അങ്ങേയറ്റം മര്യാദയോടെ ഹാജരായി. അയാൾ പറഞ്ഞു: ഞാൻ അഭയം ആഗ്രഹിക്കുന്നു. അങ്ങ് അല്ലാഹുവിന്റെ നബിയാണെന്ന് ഇപ്പോൾ എനിക്കു മനസ്സിലായി. ഞാൻ അങ്ങയെ പിന്തുടർന്നാണ് വന്നത്. എന്നാൽ, ഇപ്പോൾ തിരിച്ചുപോകുകയാണ്. അങ്ങ് അല്ലാഹുവിന്റെ സത്യവാനായ നബിയാണെന്ന് എനിക്കു ബോധ്യമായിരിക്കുന്നു. അങ്ങ് അല്ലാഹുവിന്റെ സത്യവാനായ നബി ആയതുകൊണ്ട് അങ്ങ് ഒരുനാൾ എന്തായാലും വിജയം വരിക്കുന്നതായിരിക്കും. അതുകൊണ്ട് ഞാനാഗ്രഹിക്കുന്നത് അങ്ങയ്ക്ക് അല്ലാഹു വിജയം നല്കുമ്പോൾ എന്നോടു നല്ലരീതയിൽ പെരുമാറുമെന്ന് എനിക്ക് കടലാസിൽ എഴുതിത്തന്നാലും. നബി(സ)തിരുമേനി ആ നേരത്ത് ഹദ്റത്ത് അബൂബക്കറിനോടു എഴുതിക്കൊടുക്കാൻ പറയുകയും അദ്ദേഹം അല്ലാഹു മുസ്ലിമീങ്ങൾക്കു വിജയം നല്കുമ്പോൾ ഈ വ്യക്തിയോടു നല്ല രീതിയിൽ പെരുമാറുന്നതായിരിക്കുമെന്ന് എഴുതിക്കൊടുക്കുകയും ചെയ്തു. മുഹമ്മദു റസൂലുല്ലാ(സ)യുമായി ബന്ധപ്പെട്ട് ഹദ്റത്ത് മൂസായെപോലെ കേവലം ഒരു സംഭവമല്ല ഉണ്ടായത്. നബി(സ)തിരുമേനിയെ പിടിക്കാൻ ശത്രുക്കൾ രണ്ടുതവണയാണ് ശ്രമിച്ചത്. രണ്ടുതവണയും അവർ പരാജയപ്പെടുകയും ചെയ്തു. പിന്നീട് ഫിർഔൻ തന്റെ സൈന്യത്തോടൊപ്പം മൂസായെ പിന്തുടർന്നപ്പോൾ ഫിർഔൻ അദ്ദേഹത്തെ കണ്ടു. എന്നാൽ, മുഹമ്മദു റസൂലുല്ലായുടെ ശത്രുവിന് അടുത്തെത്തിയിട്ടും അദ്ദേഹത്തെ കാണാൻ കഴിഞ്ഞില്ല. രണ്ടാമത്തെ തവണ ശത്രു നബിതിരുമേനിയെ പിടിക്കാനാഗ്രഹിച്ചപ്പോൾ ആ നേരത്തും അവർ പരാജയപ്പെട്ടു. പരാജയപ്പെട്ടുവെന്ന് മാത്രമല്ല, പ്രത്യുത അയാൾ നബിതിരുമേനിയുടെ ശ്രേഷ്ഠത അംഗീകരിക്കുകയും ചെയ്ത്. പിന്നീട് ഹദ്റത്ത് മൂസാ(അ)ന്റെ ശത്രുവായ ഫിർഔന് അല്ലാഹുവിനെ കാണാൻ കഴിഞ്ഞത് വെള്ളത്തിൽ മുങ്ങിത്താഴുമ്പോഴാണ്. അപ്പോൾ അയാൾ പറഞ്ഞു: ഞാൻ മൂസായുടേയും ഹാറൂന്റേയും ദൈവത്തിൽ വിശ്വസിച്ചിരിക്കുന്നു. അതിനുള്ള മറുപടിയായി അല്ലാഹു പറയുന്നു, നീ അവസാന നേരത്ത് വിശ്വസിച്ചു. ഇനി നിനക്ക് മോക്ഷം നല്കാൻ സാധ്യമല്ല. എന്നാൽ, നിന്റെ ശരീരത്തെ മറ്റുള്ളവർക്ക് നീ ഗുണപാഠമാകാൻ ഞാൻ രക്ഷിക്കുന്നതായിരിക്കും. എന്നാൽ, നബി(സ)തിരുമേനിയെ പിടിച്ചുകെട്ടാനിറങ്ങി പുറപ്പെട്ട ശത്രു ജീവനോടെ ഇരുന്നു. തന്റെ ജീവിതത്തിൽ നബി(സ)തിരുമേനി സത്യവാനായ നബിയാണെന്ന് അംഗീകരിച്ചു. താങ്കൾക്കു വിജയമുണ്ടാകുമ്പോൾ തന്നോടു നല്ല രീതിയിൽ പെരുമാറുമെന്ന് അയാൾ എഴുതിവാങ്ങിയിരുന്നു. അല്ലാഹു നബി(സ)തിരുമേനിയുടെ വിജയകാലംവരെ അയാൾക്ക് ആയുസ്സു നല്കി. മുസ്ലിമീങ്ങൾ അയാളോടി നല്ലരീതിയിൽ പെരുമാറി. മൂസായുടെ മേൽ നബി(സ)തിരുമേനിക്ക് കരസ്ഥമായ എത്ര വലിയ ശ്രേഷ്ഠതയാണിത്.

5. ഹദ്റത്ത് മൂസായും ഹദ്റത്ത് നബി(സ)തിരുമേനിയും തമ്മിൽ ഒരു വ്യത്യാസം ഇങ്ങനേയുമുണ്ട്. ഹദ്റത്ത് മൂസാ(അ)ന്റെ ശത്രു നശിച്ചൊടുങ്ങി. എന്നാൽ, ശത്രു നശിച്ചതിനുശേഷം അദ്ദേഹത്തിന്റെ നാട്ടിൽ അദ്ദേഹത്തിന് വിജയമുണ്ടായില്ല. ഹദ്റത്ത് മൂസായ്ക്ക് പിന്നീട് ആ രാജ്യത്ത് ആധിപത്യം കിട്ടിയെന്ന് ചില അജ്ഞരായ ഉലമാ പറയുന്നുണ്ടെന്നത് ശരിതന്നെ. ഒരു ആയത്തിന് തെറ്റായ അർഥംകൊടുത്തുകൊണ്ടാണ് അവർ ഇങ്ങനെ പറയുന്നത്. പക്ഷേ, അതിന് തെളിവുകളൊന്നുമില്ല. ഖുർആനിൽനിന്നോ ബൈബിളിൽനിന്നോ ഇതു തെളിയുന്നുമില്ല. അദ്ദേഹത്തിന് ഈജിപ്തിന്റെമേൽ വിജയം കരസ്ഥമായിരുന്നുവെന്ന് അങ്ങനെയങ്ങ് പറഞ്ഞു

## അല്ലാഹുവിന്റെ കലാം

***"അല്ലയോ ജനങ്ങളേ! നിങ്ങളേയും നിങ്ങൾക്കു മുമ്പേയുള്ളവരേയും സൃഷ്ടിച്ച നിങ്ങളുടെ നാഥനെ നിങ്ങൾ ആരാധിക്കുവിൻ; നിങ്ങൾ രക്ഷപ്പെടുന്നതിനുവേണ്ടി.'(2:22)***

**ത്വാലിബെ ദുആ**
**M.P.Haneef Ahmad**
**Ahmadiyya Jama-ath Koodali, Kerala.**

## കലാമുൽ ഇമാം:-

**'ഈ ലോകത്ത് ദൈവത്തെ കാണാൻ ഭാഗ്യം സിദ്ധിച്ചിട്ടില്ലാത്തവൻ അന്ത്യനാളിലും അന്ധകാരത്തിലായിരിക്കും. അല്ലാഹു പറയുന്നു: 'ഈ ലോകത്ത് കുരുടനായവൻ പരലോകത്തും കുരുടനായിരിക്കും.' (കിതാബുൽ ബരിയ്യ പേജ് 47)**

**ത്വാലിബെ ദുആ:**
**C. Shameem Ahmad**
**Ahmadiyya Jama-ath Calicut, Kerala.**

വിടുന്നതുകൊണ്ട് എന്താകാനാണ്? വിശുദ്ധ ഖുർആനിൽനിന്ന് സ്ഥാപിതമാകുന്ന സംഭവമിതാണ്. അദ്ദേഹം വനങ്ങളിൽ ചുറ്റിക്കറങ്ങി നടന്നു. തന്റെ ലക്ഷ്യസ്ഥാനം ഒരു ദീർഘകാലം വരെ പ്രാപിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞില്ല. എന്നാൽ, നബി(സ)തിരുമേനിയുടെ ശത്രുക്കൾ പരാജയപ്പെട്ടപ്പോൾ അവരുടെ രാജ്യം അദ്ദേഹത്തിന്റെ കീഴിൽവന്നു. ഇത് മൂസായുടെമേലുള്ള അദ്ദേഹത്തിന്റെ ശ്രേഷ്ഠതയാണ്.

6. ഹദ്റത്ത് മൂസായോടു അദ്ദേഹത്തിന്റെ ജനത പറഞ്ഞു: *ഇദ്ഹബ് അൻത വ റബ്ബുക്ക ഫഖാത്തിലൻ ഇന്നാ ഹാഹുനാ ഖായിദൂൻ*(5:25) (അതു കൊണ്ട് നീയും നിന്റെ റബ്ബുംപോയി അവരോടു യുദ്ധം ചെയ്യുക. ഞങ്ങൾ ഇവിടെ ഇരുന്നുകൊള്ളാം).അപ്പോൾ അല്ലാഹു പറഞ്ഞു: മൂസാ! നിന്റെ ജനത വളരെ വലിയ ധിക്കാരമാണ് കാണിച്ചത്. ഈ ധിക്കാരം കാരണത്താൽ നാം അവർക്ക് വാഗ്ദാനം നല്കിയ ഈ വിജയം നിഷേധിക്കുകയാണ്.നീ പോകുക. 40 വർഷംവരെ വനങ്ങളിൽ അലഞ്ഞുതിരിഞ്ഞു നടന്നുകൊള്ളുക. നിങ്ങളുടെ പാപങ്ങൾക്കു മാപ്പു ചോദിക്കുക. പിന്നീട് അല്ലാഹു നിങ്ങൾക്കു മാപ്പു നല്കുന്നതായിരിക്കും. അങ്ങനെ ഹദ്റത്ത് മൂസായ്ക്ക് 40 വർഷംവരെ വനങ്ങളിൽ അലഞ്ഞുതിരിഞ്ഞു നടന്നതിനുശേഷമാണ് 'കൻആൻ' ലഭിച്ചത്. പക്ഷേ, മുഹമ്മദു റസൂലുല്ലായുടെ ജനതയ്ക്ക് അവിടന്ന് വഫാത്തായി 12 വർഷത്തിനുള്ളിൽത്തന്നെ സംസ്കാരസമ്പന്നമായ സകലലോകത്തും ഭരണം കിട്ടി. ഇത് ഹദ്റത്ത്, മുഹമ്മദ് റസൂലുല്ലായ്ക്ക് മൂസായുടെമേൽ ലഭിച്ച വലിയൊരു ശ്രേഷ്ഠതയാണ്.

7. മറ്റൊരു പ്രത്യേകത നബി(സ)തിരുമേനിക്ക് ഹദ്റത്ത് മൂസായുടെമേൽ ലഭിച്ചത് ഇതാണ്: ഹദ്റത്ത് മൂസായുടെ പരമ്പര അവസാനിച്ചുപോയി. എന്നാൽ, നബി(സ)തിരുമേനിയുടെ പരമ്പര ഒരിക്കലും അവസാനിച്ചു പോകുകയില്ല. മൂസവി പരമ്പര ഹദ്റത്ത് ഈസാ(അ)യുടെ കാലംവ രെ നിലനിന്നുവെന്നതിൽ സംശയമൊന്നുമില്ല. എന്നല്ല അതിനുശേഷം പേരിനുമാത്രമാണെങ്കിലും മുഹമ്മദു റസൂലുല്ലായുടെ കാലംവരേയും അതെത്തി. ഹദ്റത്ത് ഈസായുടെ വഫാത്തിന് കുറച്ചുകാലം കഴിഞ്ഞപ്പോൾത്തന്നെ ഹദ്റത്ത് ഈസാ(അ), ഹദ്റത്ത് മൂസായെക്കാൾ ശ്രേഷ്ഠനാണെന്ന് ആളുകൾ പറയാൻ തുടങ്ങി. എന്നല്ല അവർ ഈസായെ ദൈവപുത്രനെന്ന് തീരുമാനിച്ചു. പക്ഷേ, മുഹമ്മദു റസുലുല്ലായുടെ പരമ്പര ഒരിക്കലും അവസാനിക്കുകയില്ല. ഖിയാമത്തുനാൾവരെ തുടർന്നുകൊണ്ടുപോകും!

8. ഹദ്റത്ത് മൂസാ(അ)യുടെ അവസാന ഖലീഫ അതായത് മസീഹ് നാസിരിയുടെ ജമാഅത്ത് അദ്ദേഹത്തിന് മറുപടി നല്കുകയും ഹദ്റത്ത് മൂസാ(അ)യുടെ ശ്രേഷ്ഠത നിഷേധിക്കുകയും ചെയ്തു. ഹദ്റത്ത് മൂസായുടെ ചില വാക്യങ്ങൾ ദ്വയാർഥമുൾക്കൊണ്ടിരുന്നതുകൊണ്ട് ജനങ്ങൾ തെറ്റു ധരിച്ചതാണ് അതിനു കാരണം. അങ്ങനെയാണ് അവർ മൂസായെ തള്ളിക്കളഞ്ഞത്. എന്നാൽ, മുഹമ്മദീ ജമാഅത്തിന്റെ അവസാന ഖലീഫയായ നമ്മുടെ ജമാഅത്തിന്റെ സ്ഥാപകർ ഹദ്റത്ത് മസീഹ് മൗഊദ്(അ) എന്തെങ്കിലും പറഞ്ഞിട്ടുണ്ടെങ്കിൽ അത് ഇതായിരുന്നു:

*വൊ ഹെ മെ ചീസ് കിയാ ഹൂം*
*ബസ് ഫയ്സല യഹീ ഹെ*

അങ്ങാണ്! ഞാനൊരു തുച്ഛനത്രെ.
മതിമതി, വിധിയിതു തന്നെയല്ലോ!

അതായത് എനിക്കുകിട്ടിയ ശ്രേഷ്ഠതകളെല്ലാം മുഹമ്മദു റസൂലുല്ലായുടെ ദാസത്വംകൊണ്ടാണ് ലഭിച്ചത്. ഞാനദ്ദേഹത്തിന് സമാനനാണെന്ന് ഒരിക്കലും ധരിച്ചുപോകരുത്. തന്നെ ദൈവത്തിന്റെ പുത്രനാണെന്ന് ഹദ്റത്ത് ഈസാ പറഞ്ഞുവെന്ന് അദ്ദേഹത്തെ കുറിച്ച് പറയുന്നു. എന്നാൽ, നമ്മുടെ ജമാഅത്തിന്റെ സ്ഥാപകരും ഹദ്റത്ത് മുഹമ്മദു റസൂലുല്ലായുടെ അവസാന ഖലീഫ അങ്ങേയറ്റം വിനയത്തോടെ പറുന്നു:

വൊ ഹെ മെ ചീസ് കിയാ ഹൂം
ബസ് ഫയ്സല യഹീ ഹെ

അങ്ങാണ്! ഞാനൊരു തുച്ഛനത്രെ.
മതിമതി, വിധിയിതു തന്നെയല്ലോ!

അതായത് എനിക്ക് എന്റെ യജമാനരായ മുഹമ്മദു റസൂലുല്ലായുടെ ഉന്നതസ്ഥാനവുമായി എന്തു ബന്ധം! ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഒരു പദ്യമുണ്ട്, അതിൽ ആളുകൾ ആക്ഷേപം ഉന്നയിക്കാറുണ്ട്. പക്ഷേ, നമുക്കതിൽ ആസ്വാദനമാണുണ്ടാകുന്നത്. അവിടന്ന് പറയുന്നു:

*ഇബ്നുമർയം കെ ദിക്ർ കൊ ഛോഡോ*
*ഉസ് സെ ബഹുത്തർ ഗുലാമെ അഹ്മദ് ഹെ*

ഇതിലാണ് തന്നെ ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇബ്നുമർയമിനെക്കാൾ ശ്രേഷ്ഠനെന്ന് സ്വയം പറഞ്ഞിരിക്കുന്നുവെന്ന് ആളുകൾ ആക്ഷേപം ഉന്നയിക്കുന്നത്. വാസ്തവത്തിൽ അവിടന്ന് തന്നെ ഇബ്നു മർയമിനെക്കാൾ ശ്രേഷ്ഠനെന്ന് പറഞ്ഞിട്ടില്ല. മറിച്ച് അഹ്മദിന്റെ ദാസനെ(ഗുലാമെ അഹ്മദ്)യാണ് ശ്രേഷ്ഠനെന്ന് പറഞ്ഞിട്ടുള്ളത്. ഇവ രണ്ടും തമ്മിൽ വളരെ വലിയ വ്യത്യാസമുണ്ട്. ഇവിടെ അഹ്മദു കൊണ്ടുള്ള ഉദ്ദേശ്യം മുഹമ്മദു റസൂലുല്ലായാണ്. അവിടന്ന് പറയുന്നു: ഈസാ(അ)യെക്കാൾ മുഹമ്മദ് റസുലുല്ലായുടെ ദാസനും വലിയവനാണ്. ആരുടെ ദാസനാണോ ഹദ്റത്ത് ഈസായെക്കാൾ വലിയ ആളാകുന്നത്, ശ്രേഷ്ഠനാകുന്നത് അദ്ദേഹം സ്വയം അതിനെക്കാൾ എത്രയോ വലിയ ശ്രേഷ്ഠനായിരിക്കും!

ചുരുക്കിപ്പറഞ്ഞാൽ ഹദ്റത്ത് മൂസാ(അ)യുടെ മേൽ മുഹമ്മദ് റസൂലുല്ലായ്ക്കുള്ള മറ്റൊരു ശ്രേഷ്ഠത ഇങ്ങനേയുമുണ്ട്. മൂസവി പരമ്പരയിലെ അവസാന ഖലീഫയുടെ ജമാഅത്ത് തങ്ങളു ടെ ജമാഅത്തിന്റെ സ്ഥാപകനായ ഹദ്റത്ത് ഈസായെ അതിശ്രേഷ്ഠനാക്കി. എന്നാൽ, ഹദ്റത്ത് മുഹമ്മദ് റസൂലുല്ലായുടെ അവസാനത്തെ ഖലീഫ തന്റെ യജമാനന്റെ മഹിമാവിലാസത്തേയും മഹത്ത്വത്തേയും നിലനിറുത്തി. 'താനെന്തൊന്ന് പ്രാപിച്ചുവോ അതെല്ലാം റസൂലുല്ലാഹി(സ)യുടെ അനുഗ്രഹത്തിൽനിന്നാണ്' എന്ന് അദ്ദേഹം ശക്തമായി പ്രഖ്യാപിച്ചു.

9. ഹദ്റത്ത് മൂസാ(അ)യ്ക്കുശേഷം വന്നിട്ടുള്ള പ്രവാചകന്മാരെല്ലാം സ്വതന്ത്ര പ്രവാചകന്മാരായിരുന്നു; പുതിയ ശരീഅത്ത് അവർ കൊണ്ടുവന്നിരുന്നില്ലെങ്കിലും! നുബുവ്വത്ത് സ്ഥാനം അവർക്ക് നേരിട്ട് കരസ്ഥമായതാണ്. മൂസവി അധ്യാപനം ആരെയെങ്കിലും നുബുവ്വത്തിന്റെ സ്ഥാനം വരെ എത്തിക്കാൻ പര്യാപ്തമായിരുന്നില്ല. എന്നാൽ, നബി(സ)തിരുമേനിക്ക് മൂസാ(അ)യുടെ മേലുള്ള ശ്രേഷ്ഠത അവിടത്തെ അനുധാവനം ചെയ്യുന്നയാൾ നബിയാകട്ടെ, അവിടത്തെ അനുഗ്രഹത്തോടെ നബിയാകാൻ പോകുന്നവരാകട്ടെ അവർക്കെന്തൊന്ന് കിട്ടിയാലും അത് മുഹമ്മദീ അനുഗ്രഹത്തിൽനിന്ന് മാത്രമായിരിക്കും കിട്ടുക. ഹദ്റത്ത് ഈസാ(അ) ഹദ്റത്ത് മൂസാ(അ)ന്റെ പിൻഗാമിയായിരുന്നു. എന്നാൽ, നുബുവ്വത്തിന്റെ സ്ഥാനത്ത് അദ്ദേഹം നേരിട്ടാണ് എത്തിയത്. ആരെയെങ്കിലും നുബുവ്വത്തിന്റെ സ്ഥാനംവരെ എത്തിക്കാനുള്ള സവിശേഷത മൂസാ(അ)യുടെ അധ്യാപനങ്ങൾക്കുണ്ടായിരുന്നില്ല. എന്നാൽ, വിശുദ്ധ ഖുർആനിൽ ഈ സവിശേഷത കാണാം. അതനുസരിച്ച് പ്രവർത്തിക്കുന്നതുകൊണ്ട് മനുഷ്യന് നുബുവ്വത്തിന്റെ സ്ഥാനത്തും എത്തിച്ചേരാവുന്നതാണ്. എന്നാൽ, അയാൾ മുഹമ്മദു റസൂലുല്ലായെ അനുധാവനം ചെയ്യുന്നയാളും വിശുദ്ധ ഖുർആന്റെ സേവകനുമായിരിക്കും.

10. ഹദ്റത്ത് മൂസാ(അ)യ്ക്ക് വടി കിട്ടി. അത് ചിലപ്പോൾ പാമ്പാകുമായിരുന്നു, അത് കടിക്കുന്ന വസ്തുവാണ്. എന്നാൽ മുഹമ്മദ് റസൂലുല്ലാഹ്(സ)ന് ഖുർആന്റെ വാളാണ് ലഭിച്ചത്; അതെപ്പോഴും കാരുണ്യം തന്നെയായിരുന്നു. വിശുദ്ധ ഖുർആനിൽ പറയുന്നു: *വ ജാഹിദ്ഹും ബിഹീ ജിഹാദൻ കബീറൻ*(25:53) നീ വിശുദ്ധ ഖുർആൻ കൈയിലേന്തിക്കൊണ്ടും അതുമായി ജിഹാദു ചെയ്തും മുന്നോട്ടുപോകുക. ഭൗതികായുധങ്ങളുടെ യുദ്ധങ്ങൾ നിസാരമാണ്. പെട്ടെന്ന് അത് അവസാനിച്ചുപോകുന്നു. എന്നാൽ, വിശുദ്ധ ഖുർആൻ എങ്ങനെയുള്ള വാളാണെന്നാൽ അതു ശത്രുക്കൾക്കെതിരിൽ എന്നെന്നും പ്രയോജനപ്പെടുന്നതാണ്. അതിന്റെ ഫലങ്ങൾ കാരുണ്യത്തിന്റെ രൂപത്തിൽത്തന്നെ പ്രകടമാകുന്നു. ഇക്കാരണത്താലാണ് നബി(സ)തിരുമേനിയെ ആവർത്തിച്ച് *'റഹ്മത്തുൻല്ലിൽ ആലമീൻ'* എന്നു പറഞ്ഞിട്ടുള്ളത്. ശിക്ഷയ്ക്കും പ്രതികാരത്തിനുംമേൽ അലിവിനും സ്നേഹത്തിനും മുൻഗണന നല്കപ്പെട്ടിട്ടുള്ളതാണ് അവിടന്ന് നല്കിയ അധ്യാപനവും. ഉദാഹരണത്തിന് നിങ്ങളുടെ ചെകിടത്ത് അടിച്ചാൽ നിങ്ങളും ചെകിടത്ത് അടിക്കുക എന്നും, നിങ്ങളുടെ കണ്ണു ചൂഴ്ന്നെടുത്താൽ എടുത്തവന്റെ കണ്ണു നിങ്ങളും ചൂഴ്ന്നെടുക്കുക എന്നും നിങ്ങളുടെ പല്ല് പൊട്ടിച്ചാൽ നിങ്ങളും പല്ലു പൊട്ടിക്കുക എന്നുമായിരുന്നു മൂസാ(അ)യുടെ അധ്യാപനങ്ങൾ! എന്നാൽ, നിങ്ങൾ എന്തു നിലപാടു സ്വീകരിക്കുകയാണെങ്കിലും ചിന്തിച്ചും ആലോചിച്ചും അവസ്ഥകൾ നോക്കിയും സ്വീകരിക്കണമെന്ന് ഇസ്‌ലാം പറയുന്നു. മാപ്പാക്കുന്നതാണ് ഗുണകരമെങ്കിൽ മാപ്പു നല്കുക; നിങ്ങളുടെ ശത്രുവിന് മാപ്പു നല്കുക. അയാളെ ശിക്ഷിക്കാൻ നിർബന്ധിക്കരുത്. നിങ്ങളുടെ ഉദ്ദേശ്യം അയാളെ നന്നാക്കിയെടുക്കുക, പരിഷ്കരിച്ചെടുക്കുക എന്നതായിരിക്കണം. പ്രതിക്രിയ ആയിരിക്കരുത്.

11. ഹദ്റത്ത് മൂസാ(അ)യ്ക്ക് കൈകൾ വെളുത്തതായി തീർന്ന ദിവ്യാത്ഭുതം നല്കപ്പെട്ടു. അങ്ങനെ അദ്ദേഹത്തിന്റെ കൈ ഇടയ്ക്കിടെ തിളങ്ങാറുണ്ടായിരുന്നു. പക്ഷേ, അല്ലാഹു മുഹമ്മദു റസൂലുല്ലായെ, *സിറാജുൻമ്മുനീർ*(33:47) എന്നു പറഞ്ഞിരിക്കുന്നു. സൂര്യൻ മുഴുവനായും പ്രകാശിക്കുന്നു; അതിന്റെ ഏതെങ്കിലും ഒരു ഭാഗമല്ല. ഹദ്റത്ത് മൂസാ(അ)ന്റെ കൈ മാത്രമാണ് വിളങ്ങിയിരുന്നത്. എന്നാൽ, നബി(സ)തിരുമേനിയുടെ ശരീരം മുഴുവൻ പ്രശോഭിതമായിരുന്നു. സൂര്യൻ എപ്പോഴും പ്രകാശം നല്കിക്കൊണ്ടിരിക്കുന്നു; എപ്പോഴെങ്കിലുമല്ല. പക്ഷേ, ഹദ്റത്ത് മൂസായുടെ കൈ ഇടയ്ക്കിടെയാണ് വിളങ്ങിയിരുന്നത്. അതായത് നബി(സ)തിരുമേനി എല്ലാ കാര്യത്തിലും മാർഗദർശിയായിരുന്നു. എപ്പോഴും അവിടത്തെ മാർഗദർശനം നിലനില്ക്കുന്നതായിരുന്നു. അല്ലാതെ ചിലപ്പോൾ തുടങ്ങുകയും ചിലപ്പോൾ അവസാനിക്കുകയും ചെയ്യുന്നതായിരുന്നില്ല.

12. ഹദ്റത്ത് മൂസാ(അ) ഇസ്റാഈൽ സന്തതികൾക്കുവേണ്ടി മാത്രം അയക്കപ്പെട്ടതായിരുന്നു. പക്ഷേ, മുഹമ്മദു റസസൂലുല്ലാ(സ)യെ സംബന്ധിച്ച് അല്ലാഹു പറയുന്നു: *വ മാ അർസൽനാക്ക ഇല്ലാ കാഫത്തൻല്ലിന്നാസി*(34:29)നാം നിന്നെ മാനവരാശിയെ മുഴുവൻ ഒരു കൈയിൽ ഒരുമിച്ചുകൂട്ടുന്നതിനുവേണ്ടി അയച്ചിരിക്കുന്നു. ഇതും നബി(സ)തിരുമേനിയുടെ ശ്രേഷ്ഠതയ്ക്കും മികവിനുമുള്ള തെളിമയാർന്ന തെളിവാണ്.

## നൂറുൽ ഇസ്‌ലാംവകുപ്പിന്റെ പ്രവർത്തന സമയം:

രാവിലെ 9 മണിമുതൽ രാത്രി 11 മണിവരെ.
വെള്ളിയാഴ്ച ദിവസം അവധിയായിരിക്കും.

**1800 3010 2131**

ഈ ടോൾഫ്രീ നമ്പറിൽ വിളിച്ച് താങ്കൾക്ക് അഹ്മദിയ്യ ജമാഅത്തിനെക്കുറിച്ച് കാര്യങ്ങൾ മനസ്സിലാക്കാവുന്നതാണ്.

# നബി(സ)തിരുമേനിയുടെ കുട്ടിക്കാലം

## ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ)ന്റെ തൂലികയിലൂടെ

**ആരംഭകാല ജീവിതം:**

അനുഗൃഹീതമായ ജനനം; ആമിനായുടെ പ്രകാശത്തിന്റെ വെളിപ്പെടൽ അടുത്തടുത്ത് വരികയായിരുന്നു. അവർ ശിഅ്ബ് ബനീഹാശിമിലാണ് താമസിച്ചിരുന്നത്. ആ മഹതി മരിച്ചുപോയ തന്റെ ഭർത്താവിന്റെ ഓർമയെ ജീവിപ്പിക്കുന്ന കുഞ്ഞ് ലോകത്തിന്റെ വെളിച്ചത്തിൽ വരുന്നതും കാത്തിരിക്കുകയായിരുന്നു; വിഷമമേറ്റ മനസ്സിന് സമാധാനത്തിനും സൗഖ്യത്തിനും നിമിത്തമാകാൻ! അങ്ങനെ അസ്ഹാബുൽഫീൽ സംഭവത്തിന് 25 ദിവസം കഴിഞ്ഞ് റബീഉൽ അവ്വൽ 12ന് ക്രിസ്താബ്ദം 570 ആഗസ്ത് 20 ന് ആധുനിക ഗവേഷണത്തിന്റെ അടിസ്ഥാനത്തിൽ റബീഉൽ അവ്വൽ മൂന്ന് ക്രിസ്താബ്ദം 571 ഏപ്രിൽ 20ന് തിങ്കളാഴ്ച്ച പ്രഭാതനേരത്ത് നബി(സ)തിരുമേനി ജനിച്ചു. ആനപ്പട സംഭവത്തിന്റെ ഇത്രയടുത്തുണ്ടായ നബി(സ)തിരുമേനിയുടെ ജനനം, ഒരു ദൈവിക സൂചന ഉൾക്കൊള്ളുന്നുണ്ട്. എപ്രകാരം അല്ലാഹു കഅ്ബക്കെതിരിലുണ്ടായ ആ ബാഹ്യമായ ആക്രമണത്തെ ശോചനീയ നിലയിൽ പരാചയപ്പെടുത്തിയോ, അതേപ്രകാരം ദൈവിക ദീനിന്നെതിരിൽ മിഥ്യാപൂജയുടെ തല ഞെരിക്കുക. വിശുദ്ധ ഖുർആനിൽ ആനപ്പടയുടെ ആക്രമണത്തെക്കുറിച്ച് പറഞ്ഞിട്ടുള്ളതും ബാഹ്യമായി ജനിച്ചയുടനെ ആമിന അബ്ദുൽമുത്ത്വലിബിനെ വിവരം അറിയിച്ചു. അദ്ദേഹം കേട്ടപാടെ സന്തോഷാവേശത്താൽ ആമിനയുടെ അടുത്ത് ഓടിയെത്തി. ആമിന അദ്ദേഹത്തിന് കുട്ടിയെ നല്കി. താൻ ഒരു സ്വപ്നത്തിൽ ഇവന്റെ പേര് മുഹമ്മദ് എന്നു കണ്ടിരുന്നുവെന്നും അവർ പറഞ്ഞു. അബ്ദുൽ മുത്ത്വലിബ് കുഞ്ഞിനെ കൈകളിലെടുത്ത് കഅ്ബ മന്ദിരത്തിൽ കൊണ്ടുപോയി അല്ലാഹുവിന് നന്ദി പ്രകടിപ്പിച്ചു. കുട്ടിക്ക് 'മുഹമ്മദ്' എന്നു പേരിട്ടു; അർഥം "വളരെ സ്തുത്യർഹൻ." പിന്നീട് കുഞ്ഞിനെ തിരിച്ചു കൊണ്ടുവന്ന് സന്തോഷത്തോടുകൂടി ഉമ്മയെ ഏല്പിച്ചു.

ചരിത്രകാരന്മാർ നബി(സ)തിരുമേനിയുടെ ജനനത്തെ സംബന്ധിച്ച് ചില അത്ഭുതകരമായ സംഭവങ്ങൾ എഴുതിയിരിക്കുന്നു. ഉദാഹരണത്തിന് ആ നേരത്ത് ഇറാന്റെ രാജാവായ കിസ്റായുടെ കൊട്ടാരത്തിൽ ശക്തമായ ഭൂകമ്പമുണ്ടായി. അതിലെ 14 ശരറാന്തൽ താഴെ വീണു. നൂറ്റാണ്ടുകൾ മുതൽക്കേ പൊലിയാതെ കത്തിജ്ജ്വലിച്ചുകൊണ്ടിരുന്നതും പേർഷ്യൻ അഗ്നിയാരാധകന്മാർ ആരാധിച്ചു വന്നിരുന്നതുമായ തീ പൊലിഞ്ഞു പോയി. ചില നദികളും തടാകങ്ങളും വറ്റിവരണ്ടു. നബിതിരുമേനിയുടെ സ്വന്തം വീട്ടിലും പല വർണങ്ങളിലുള്ള അകൃത്യങ്ങൾ വെളിപ്പെട്ടു, തുടങ്ങിയവ...

എന്നാൽ, ഈ നിവേദനങ്ങൾ പൊതുവെ ദുർബലമാണ്. ഇങ്ങനെയും നിവേദനങ്ങളുണ്ട്. ഇത് ശരിയാണെന്ന് തോന്നുന്നുമുണ്ട്; അവിടന്ന് ജനിച്ച കാലത്ത് ആകാശത്ത് അസാധാരണമാം വിധം കൊള്ളിമീൻ ഉണ്ടായതായി കണ്ടിരുന്നു. ഇപ്രകാരം തന്നെ നബി(സ) തിരുമേനി ചേലാകർമം ചെയ്യപ്പെട്ട നിലയിലാണ് ജനിച്ചതെന്നും ഒരു നിവേദനമുണ്ട്. ഇത് ശരിയാണെങ്കിൽ അത്ഭുതപ്പെടാനൊന്നുമില്ല. കാരണം ചിലനേരങ്ങളിൽ കുട്ടികളിൽ ഇത്തരത്തിൽ പ്രകൃത്യാലുള്ള കാര്യങ്ങൾ കാണപ്പെട്ടിട്ടുണ്ട്. മറ്റൊരു കാര്യം ആ മഹാത്മാവിന്റെ മുതുകിൽ ഇടതുഭാഗത്ത് ഒരു മാംസത്തിന്റെ പൊങ്ങി നില്ക്കുന്ന കഷ്ണം പ്രകൃത്യാൽതന്നെയുണ്ടായിരുന്നു. അതു പൊതുവെ മുസ്‌ലിമീങ്ങളിൽ ഖത്തമുന്നുബുവ്വത്ത് അതായത് നുബുവ്വത്തിന്റെ മുദ്ര എന്ന പേരിൽ പ്രസിദ്ധമാണ്.

**പാലു കുടിയും കുട്ടിക്കാലവും:**

മക്കയിലെ മാന്യ കുടുംബങ്ങളിൽ ഒരു പതിവുണ്ടായിരുന്നു. മാതാക്കൾ തങ്ങളുടെ കുഞ്ഞുങ്ങൾക്ക് സ്വയം മുല കൊടുക്കുമായിരുന്നില്ല. പ്രത്യുത പൊതുവെ കുട്ടികളെ നാട്ടിൻപുറങ്ങളിൽ താമസിക്കുന്ന ധാത്രിമാരെ ഏല്പിക്കുകയായിരുന്നു പതിവ്. വനത്തിലെ തുറന്ന അന്തരീക്ഷത്തിൽ താമസിച്ച് കുട്ടികൾ ആരോഗ്യവാന്മാരും ശക്തരും ആകുന്നതിനും വ്യക്തവും സാഹിത്യ സമ്പുഷ്ടവുമായ ഭാഷ പഠിക്കുന്നതിനുമായിരുന്നു ഇങ്ങനെ ചെയ്തിരുന്നത്.

നബി(സ)തിരുമേനിയെ തുടക്കത്തിൽ അവിടത്തെ മാതാവും ഥുവയ്ബത്തുൽ അസ്‌ലമിയ്യയും മുലകൊടുത്തിരുന്നു. ഥുവയ്ബ നബി(സ)തിരുമേനിയുടെ പിതൃവ്യൻ അബൂലഹബിന്റെ അടിമസ്ത്രീയായിരുന്നു. ഇവളെ അബൂലഹബ് തന്റെ സഹോദരപുത്രന്റെ യതീമായ കുട്ടിയുടെ ജനനത്തിന്റെ സന്തോഷത്താൽ സ്വതന്ത്രയാക്കിയതാണ്. ഈ ഥുവയ്ബ ഹദ്റത് ഹംസയ്ക്കും മുലകൊടുത്തിരുന്നു. ഇപ്രകാരം നബി(സ)തിരുമേനിയുടെ പിതൃവ്യനായ ഹദ്റത്ത് ഹംസയും മുലകുടിബന്ധത്തിൽ അവിടത്തെ സഹോദരനായി. ഥുവയ്ബയുടെ ഈ കുറച്ചു ദിവസത്തെ സേവനം നബി(സ)തിരുമേനി ഒരിക്കലും മറന്നില്ല. അവർ ജീവിച്ചിരുന്ന കാലമത്രയും അവിടന്ന്(സ) അവരെ സഹായിച്ചുകൊണ്ടിരുന്നു. അവർ മരിച്ചതിനുശേഷവും അവരുടെ ആരെങ്കിലും ബന്ധുക്കളുണ്ടോ എന്ന് അന്വേഷിക്കുമായിരുന്നു. എന്നാൽ, ഇല്ല എന്നാണ് മനസ്സിലായത്. ഥുവയ്ബക്കുശേഷം നബി(സ)തിരുമേനിയെ സ്ഥിരമായി നോക്കുന്നതിന് ഹലീമ വശം ഏല്പിച്ചു. അവർ ഹവാസിൻ ഗോത്രത്തിന്റെ ഒരു ശാഖയായ ബനൂസഅ്ദ് കുടുംബത്തിലെ അബൂ അയ്ബിന്റെ മകളായിരുന്നു. അവർ മറ്റു സ്ത്രീകളോടൊപ്പം മക്കയിൽ ധാത്രി എന്ന നിലയിൽ ഏതെങ്കിലും കുട്ടിയെ കിട്ടുമോ എന്ന് തിരക്കി വന്നതായിരുന്നു. അനാഥനായ ഒരു കുട്ടിയെ കൂടെ കൊണ്ടുപോകുന്നതിൽ ഹലീമ ആദ്യം സന്തോഷവതിയായിരുന്നില്ല. കാരണം പിതാവ് ജീവിച്ചിരിക്കുന്ന ഏതെങ്കിലും കുട്ടിയെ കിട്ടണമെന്നായിരുന്നു അവർ ആഗ്രഹിച്ചിരുന്നത്; കൂടുതൽ പാരിതോഷികവും ആദരവും കിട്ടുമല്ലോ. ആരംഭത്തിൽ അവർ നബി(സ)തിരുമേനിയെ കൊണ്ടുപോകാൻ മടിച്ചു. എന്നാൽ, മറ്റു കുട്ടികളെയൊന്നും കിട്ടാതെയും അവരോടൊപ്പം വന്ന എല്ലാ സ്ത്രീകൾക്കും കുട്ടികളെ കിട്ടുകയും ചെയ്തപ്പോൾ കാലിയായ കൈയുമായി മടങ്ങുന്നതിനെക്കാൾ, ഏതെങ്കിലും കുട്ടിയുമായി പോകുന്നതാണ് നല്ലതെന്ന് അവർ മനസ്സിലാക്കി മുഹമ്മദിനെ കൊണ്ടുപോകുകയായിരുന്നു. പക്ഷേ, താൻ കൂട്ടിക്കൊണ്ടുവന്ന കുഞ്ഞിന്റെ നക്ഷത്രം വളരെ ഉയർന്നതാണെന്ന് പെട്ടെന്നുതന്നെ ഹലീമയ്ക്ക് മനസ്സിലായി. ഹലീമ തന്നെ നിവേദനം: 'നബി(സ)തിരുമേനി വരുന്നതിനുമുമ്പേ ഞങ്ങൾക്ക് വളരെ ബുദ്ധിമുട്ടുള്ള കാലമായിരുന്നു. എന്നാൽ, അവിടന്ന് വന്നതോടുകൂടി ഈ ബുദ്ധിമുട്ടുകളെല്ലാം ഐശ്വര്യത്തിലേക്ക് വഴിമാറുകയും ഞങ്ങളുടെ എല്ലാ കാര്യത്തിലും ബർക്കത്ത് കാണാൻ തുടങ്ങുകയും ചെയ്തു. ഹലീമയുടെ മകന്റെ പേര് അബ്ദുല്ലാഹ് എന്നായിരുന്നു. നബി(സ)തിരുമേനിയോടൊപ്പം പാലു കുടിച്ചിരുന്നത് ആ മകനായിരുന്നു. അവനൊരു മൂത്ത സഹോദരിയുണ്ടായിരുന്നു. അവരുടെ പേര് 'ശെയ്മ' എന്നായിരുന്നു. അവൾ നബി(സ)തിരുമേനിയെ നല്ലവണ്ണം നോക്കിയിരുന്നു. രണ്ടു വർഷത്തിനുശേഷം മുലകുടിപ്രായം പൂർത്തിയായപ്പോൾ പതിവനുസരിച്ച് ഹലീമ നബിയേയും കൂട്ടി മക്കയിൽ വന്നു. ഹലീമ എത്രമാത്രം നബിയെ സ്നേഹിച്ചിരുന്നുവെന്നാൽ ഉമ്മയിൽ നിന്ന് അനുവാദം വാങ്ങി ആ കുട്ടിയെ തിരിച്ചുകൊണ്ടു പോകണമെന്ന് അവർ ആഗ്രഹിച്ചു. അങ്ങനെ ഹലീമ ആ കുട്ടിയെ കുറച്ചു നാളത്തേക്കുകൂടി തന്റെകൂടെ തമസിക്കാൻ വിടണമെന്നും താൻ അവനെ എല്ലാ വിധത്തിലും നോക്കുന്നതാണെന്നും പറഞ്ഞ് നിർബന്ധം പിടിച്ചു. ആമിന ആദ്യം നിഷേധിച്ചുവെങ്കിലും അവരുടെ നിർബന്ധം കണ്ട് മക്കയിലെ വെള്ളത്തേക്കാളും വായുവിനേക്കാളും നല്ലതാണ് നാട്ടിൻ പുറത്തേതെന്ന് വിചാരിച്ച് സമ്മതിച്ചു. ആ ദിനങ്ങളിൽ മക്കയിലെ വെള്ളവും വായുവും അൽപം മോശവുമായിരുന്നു. ഹലീമ കുട്ടിയേയുംകൊണ്ട് സന്തോഷത്തോടെ തന്റെ വീട്ടിലേക്ക് മടങ്ങിപ്പോയി. അതിനുശേഷം ഏകദേശം 4 വയസ്സുവരെ അവിടന്ന് ഹലീമയുടെ അടുത്തു താമസിച്ചു. ബനൂസഅ്ദ് ഗോത്രത്തിലെ ആൺകുട്ടികളോടും പെൺകുട്ടികളോടുമൊപ്പം കളിച്ചും ചിരിച്ചും മുഹമ്മദ് വളർന്നു. ഈ ഗോത്രക്കാരുടെ ഭാഷ പ്രത്യേകമായ നിലയിൽ വ്യക്തവും സാഹിത്യ സമ്പുഷ്ടവുമായിരുന്നു. നബി(സ)തിരുമേനിയും ഈ ഭാഷ പഠിച്ചു.

ഹലീമ നബിയെ സ്വപുത്രനെപോലെ വാത്സല്യപൂർവം വളർത്തി. ഗോത്രത്തിലെ എല്ലാ ആളുകളും നബിയെ സ്നേഹദൃഷ്ടിയോടെ നോക്കിയിരുന്നു. പക്ഷേ, നബിക്ക് 4 വയസ്സായപ്പോൾ ഒരു സംഭവമുണ്ടായി ഇക്കാരണത്താൽ ബീബി ഹലീമ പേടിച്ചുപോയി. നബിയെ തിരിച്ചുകൊണ്ടുവന്ന് മാതാവിനെ ഏല്പിച്ചു. ആ സംഭവം ചരിത്രത്തിൽ ഇങ്ങനെ രേഖപ്പെടുത്തിയിരുന്നു: ഒരിക്കൽ നബി(സ) തന്റെ മുലകുടി ബന്ധുവായ സഹോദരനോടൊപ്പം കളിക്കുകയായിരുന്നു. വലിയവരാരും കൂടെ ഉണ്ടായിരുന്നില്ല. ക്ഷണത്തിൽ വെള്ള വസ്ത്രധാരികളായ രണ്ടുപേർ വരികയും നബിയെ പിടിച്ച് നിലത്തുകിടത്തുകയും നെഞ്ചും വയറും കീറുകയും ചെയ്തു. ഈ ദൃശ്യംകണ്ട് നബിയുടെ മുലകുടിബന്ധമുള്ള സഹോദരൻ അബ്ദുല്ലാഹ് ബിൻ ഹാരിഥ് ഓടിപ്പോയി തന്റെ മാതാപിതാക്കളെ വിവരം അറിയിക്കുകയും ചെയ്തു. തന്റെ ഖുറയ്ശി സഹോദരനെ രണ്ടാളുകൾ പിടിക്കുകയും അവന്റെ നെഞ്ചു മുറിച്ച് പിളർത്തുകയും ചെയ്തു. ഹാരിഥും ഹലീമയും ഇതുകേട്ടപാടെ ഓടിവന്നു. അവിടെ ആരെയും കണ്ടില്ല. എന്നാൽ, നബി(സ) ഒരു

ഭയാവസ്ഥയിൽ നില്ക്കുന്നതാണ് കണ്ടത്. മുഖമാകെ വിളറിയിരുന്നു. ഹലീമ മുന്നോട്ടുവന്ന് നബിയെ കെട്ടിപ്പിടിച്ചു. എന്താണ് മകനെ ഉണ്ടായതെന്ന് ചോദിച്ചു. നബി(സ)നടന്ന കാര്യങ്ങളെല്ലാം പറഞ്ഞു. 'അവർ എന്തോ സാധനം എന്റെ നെഞ്ചിൽ തിരയുകയായിരുന്നു. അതെടുത്ത് അവർ പുറത്തേക്കെറിഞ്ഞു.' പിന്നീട് ഹലീമയും ഹാരിഥും തങ്ങളുടെ കൂടാരത്തിൽ കൊണ്ടുപോയി. ഹാരിഥ് ഹലീമയോടു പറഞ്ഞു: 'ഈ കുട്ടിക്ക് എന്തോ പറ്റിയിട്ടുണ്ടെന്ന് ഞാൻ ഭയപ്പെടുന്നു. ഉടനെ തന്നെ ഇവനെ ഇവന്റെ ഉമ്മയുടെ അടുത്ത് കൊണ്ടുപോയി വിടുന്നതാണ് നല്ലതെന്ന് എനിക്കുതോന്നുന്നു.' അങ്ങനെ ഹലീമ നബിയെ മക്കയിൽ കൊണ്ടുപോയി ആമിനയെ ഏല്പിച്ചു. ആമിന പെട്ടെന്നു കൊണ്ടുവരാനുള്ള കാര്യം തിരക്കി, നിർബന്ധിച്ചു. അപ്പോൾ ഹലീമ നടന്ന എല്ലാ സംഭവങ്ങളും അവരെ കേൾപ്പിച്ചു. ഈ കുട്ടി ഏതെങ്കിലും ജിന്ന് തുടങ്ങിയവയ്ക്കു വിധേയനായിട്ടുണ്ടോ എന്ന് ആശങ്ക പ്രകടിപ്പിക്കുകയും ചെയ്തു. ആമിന പറഞ്ഞു: 'അങ്ങനെയൊരിക്കലും ഉണ്ടാകുകയില്ല. എന്റെ മകൻ വലിയ മഹിമാവിലാസമുള്ളവനാണ്. അവനെ ഗർഭിണിയായിരിക്കുമ്പോൾ 'എന്റെ ഉള്ളിൽ നിന്ന് ഒരു വെളിച്ചം പുറപ്പെടുന്നതും അത് ദൂരെയുള്ള രാജ്യങ്ങൾ വരെ വ്യാപിക്കുന്നതും ഞാൻ കണ്ടിരുന്നു.'

ഈ സംഭത്തെ പൂർണമായും ശക്തിപ്പെടുത്തുന്ന സ്വഹീഹ് മുസ്‌ലിമിലെ ഒരു നിവേദനമുണ്ട്. അതിൽ അനസ് ബിൻ മാലിക്(റ) പറയുന്നു, ഒരിക്കൽ നബി(സ)തിരുമേനി കുട്ടികളോടൊപ്പം കളിക്കുകയായിരുന്നു. നബിയുടെ അടുക്കൽ ജിബ്‌രീൽ വന്ന് നബിയെ നിലത്തു കിടത്തി അദ്ദേഹത്തിന്റെ നെഞ്ചു പിളർന്നു. പിന്നീട് നെഞ്ചിന്റെ ഉള്ളിൽ നിന്ന് അവിടത്തെ ഹൃദയമെടുക്കുകയും അതിൽ നിന്ന് എന്തോ ഒരു സാധനം വെളിയിലേക്കെറിയുകയും ചെയ്തു. അതിനോടൊപ്പം പറഞ്ഞു, 'ഇത് ദൗർബല്യങ്ങളുടെ മാലിന്യങ്ങളായിരുന്നു. ഇപ്പോൾ നിന്നിൽനിന്ന് അത് അകറ്റിയിരിക്കുന്നു.' അതിനുശേഷം ജിബ്‌രീൽ അവിടത്തെ ഹൃദയം നിർമലമായ ജലംകൊണ്ട് കഴുകുകയും നെഞ്ചിൽ തിരിച്ചുവെച്ച് പിന്നീട് ചേർക്കുകയും ചെയ്തു. നബിയെ ജിബ്‌രീൽ താഴെ കിടത്തുന്നതും നെഞ്ച് പിളർത്തുന്നതും കണ്ട് കുട്ടികൾ പേടിച്ചുവിറച്ച് ഓടി അവിടത്തെ ധാത്രിയുടെ അടുക്കൽ വന്നു. മുഹമ്മദിനെ ആരോ വധിച്ചിരിക്കുന്നുവെന്ന് പറഞ്ഞു. ഇവർ നബി(സ)തിരുമേനിയുടെ അടുത്തെത്തിയപ്പോൾ മലക്ക് അപ്രത്യക്ഷനായിരുന്നു. നബി(സ) പേടിച്ചു നില്പുണ്ടായിരുന്നു. സ്വഹീഹ് മുസ്‌ലിമിന്റെ സാക്ഷ്യപ്പെടുത്തലിനോടൊപ്പം ഇബ്നു ഹിശാമിന്റെ നിവേദനത്തിന് എങ്ങനെയുള്ള പ്രബലതയാണ് കൈവരിക്കുന്നതെന്നാൽ, ശക്തമായ തെളിവുകളൊന്നും കൂടാതെ നമുക്ക് അതിനെ ബലഹീനമെന്ന് പറഞ്ഞ് നിഷേധിക്കാൻ സാധിക്കുകയില്ല.

എന്നാൽ, ഇതൊരു കശ്ഫ്(ജാഗ്രദർശനം) ആയിരുന്നുവെന്നത് വ്യക്തമാണ്. നെഞ്ചുപിളർന്നതിന്റെ ബാഹ്യ ലക്ഷണങ്ങളൊന്നും കാണാതിരുന്നതും അതായത് ആ നേരത്ത് നബിയുടെ ധാത്രിക്കും മറ്റും അതിന്റെ ബാഹ്യമായ ലക്ഷണമൊന്നും കാണാൻ കഴിഞ്ഞിരുന്നില്ല എന്നതും പ്രകടിപ്പിക്കുന്നത് ഇതൊരു ജാഗ്ര ദർശനമായിരുന്നുവെന്നാണ്. ഇതിന്റെ വൃത്തം മറ്റു കുട്ടികൾവരെ വിശാലമായിരുന്നു. ആ കശ്ഫിന്റെ ഉള്ളിൽത്തന്നെ ഇതിന്റെ ഉദ്ദേശ്യം അല്ലാഹുവിന്റെ മലക്ക് രൂപം പൂണ്ട് ജാഗ്രദർശനത്തിൽ അവിടത്തെ നെഞ്ച് പിളർന്നതാണെന്ന് വ്യക്തമായും കാണാം. ദൗർബല്യത്തിന്റെ എല്ലാ മാലിന്യങ്ങളും അദ്ദേഹത്തിന്റെ ഉള്ളിൽ നിന്ന് എടുത്തുമാറ്റി. സ്വഹീഹായ ഹദീഥുകളിൽനിന്ന് സ്ഥാപിതമാകുന്നത് മിഅ്റാജിന്റെ രാവിലും നബി(സ) തിരുമേനിയോടൊപ്പം ഇത്തരത്തിലുള്ള നെഞ്ചുപിളർന്ന സംഭവം ഉണ്ടായിട്ടുണ്ട് എന്നാണ്. മലക്കുകൾ അവിടത്തെ ഹൃദയം പുറത്തെടുത്ത് സംസം കിണറിലെ നിർമലമായ വെള്ളം കൊണ്ട് കഴുകുകയും പിന്നീട് അതേ സ്ഥാനത്തുവെക്കുകയും ചെയ്തു. വില്യം മ്യൂർ ഈ സംഭവത്തെ പരിഹാസമായ നിലയിൽ പറഞ്ഞിരിക്കുന്നതിനെ സംബന്ധിച്ച് പറഞ്ഞിരുന്നതും ഇവിടെ പറയുന്നത് ഉചിതമായിരിക്കും. ഇതൊരു അപസ്മാരമുണ്ടായതാണെന്ന് (നഊദുബില്ലാഹ്) അയാൾ അഭിപ്രായപ്രകടനം നടത്തിയിരിക്കുന്നു. നമുക്ക് ആരുടേയും നാവിനെ തടയാൻ സാധിക്കുകയില്ല. എന്നാൽ, തീർചയായും മ്യൂർ സാഹിബ് ഈ ആക്ഷേപം ഉന്നയിച്ചുകൊണ്ട് തരംതാണ യാഥാസ്ഥികത്വത്തോടെ പ്രവർത്തിച്ചിരിക്കുകയാണ്. അപസ്മാരം ഒരു ബുദ്ധികുറഞ്ഞ മനുഷ്യനിലാണുണ്ടാകുക എന്നത് എല്ലാവർക്കും അറിയുന്ന കാര്യമാണെന്നത് ഒന്നാമത്തേത്. മ്യൂർ സാഹിബ് സ്വയം പറഞ്ഞിട്ടുള്ളത് അവിടന്ന് ഏറ്റവും ഉന്നതമായ ശാരീരിക ശക്തിയുടെ ഉടമയായിരുന്നുവെന്നാണ്. ഇതിനു പുറമെ ഏതൊരു നിവേദനത്തെ പിടിച്ചാണോ മ്യൂർ സാഹിബ് ആക്ഷേപം ഉന്നയിച്ചിട്ടുള്ളത് ആ നിവേദനം തന്നെ അതിനെ നിഷേധിക്കുന്നു. കാരണം നിവേദനങ്ങളിൽ വ്യക്തമായും എഴുതിയിരിക്കുന്നു, ഈ ദൃശ്യം നബി(സ)തിരുമേനിയുടെ മുലകുടിബന്ധമുള്ള സഹോദരനും കണ്ടുവെന്ന്. അവൻ ഓടിപ്പോയി 'എന്റെ ഖുറയ്ശി സഹോദരനെ വെള്ള വസ്ത്രധാരികളായ രണ്ടുപേർ നിലത്തുകിടത്തി അവന്റെ നെഞ്ചു പിളർന്നു' എന്ന വിവരം തന്റെ മാതാപിതാക്കളെ അറിയിക്കുകയായിരുന്നു, ലോകത്ത്, മറ്റുള്ളവരും ഇത്തരത്തിലുള്ള ദൃശ്യത്തിന് സാക്ഷ്യം പറയുന്ന തരത്തിലുള്ള അപസ്മാരവുമുണ്ടോ? അപസ്മാരം ഉണ്ടാകുന്ന ആൾക്ക്, തന്നെ ആരോ പിടിച്ച് നിലത്തുകിടത്തി മർദിച്ചുവെന്ന് തോന്നാവുന്നതാണെന്നതിൽ സംശയമില്ല. പക്ഷേ, അവനെ കാണുന്ന ആൾക്കും അത്തരം ദൃശ്യങ്ങൾ കാണുന്നതെങ്ങനെ? ഇത്തരം ആക്ഷേപം പക്ഷപാതമായി പെരുമാറുന്ന ഒരാൾക്കല്ലാതെ ഉന്നയിക്കാൻ സാധിക്കുകയില്ല.

നബിയ്ക്ക് നാലു വയസ്സായപ്പോൾ ബീബി ഹലീമ കുട്ടിയെ തിരിച്ചുകൊണ്ടുവന്ന് മാതാവിനെ ഏല്പിച്ചു. ഹലീമയ്ക്ക് ഈ നാലുവർഷത്തെ സേവനം സാധാരണമായിരുന്നില്ല. നബി(സ) ചെറുതിൽ ചെറുതായ സേവനത്തേയും വിസ്മരിക്കുന്ന ആളായിരുന്നില്ല. അവിടന്ന് ആയുസ്സ് മുഴുവൻ ബീബി ഹലീമയുടെ സേവനം ഓർക്കുമായിരുന്നു. എപ്പോഴും അവരോട് നല്ല രീതിയിൽ പെരുമാറിയിരുന്നു.

രാജ്യത്ത് ഒരിക്കൽ വരൾച്ച ഉണ്ടായപ്പോൾ ഹലീമ മക്കയിൽ വന്നു. അപ്പോൾ അവിടന്ന് അവർക്ക് 40 ആടുകളേയും ഒരു ഒട്ടകത്തേയും നല്കി. നുബുവ്വത്ത് കാലത്ത് അവർ ഒരിക്കൽ വന്നു. അവിടന്ന് അവരെ കണ്ടയുടനെ 'എന്റെ ഉമ്മ, എന്റെ ഉമ്മ' എന്നു പറഞ്ഞുകൊണ്ട് എഴുന്നേറ്റുനിന്നു. താൻ ചുറ്റിയിരുന്ന ചാദുർ അഴിച്ച് നിലത്തു വിരിച്ച് അതിലിരുത്തി. പിന്നീട് ഒരു യുദ്ധത്തിൽ (ഹുനയ്ൻ യുദ്ധം) ഹവാസിൻ ഗോത്രത്തിലെ ആയിരക്കണക്കിന് തടവുകാരെ പിടിച്ചുകൊണ്ടുവന്നു. അവിടന്ന് ഈ ബന്ധത്തിന്റെ അടിസ്ഥാനത്തിൽ അവരെയെല്ലാവരെയും മോചിപ്പിച്ചു. ഒരു പൈസ പോലും അവരിൽനിന്ന് ഫിദ്‌യയായി സ്വീകരിച്ചില്ല. മുലകുടി ബന്ധത്തിലുള്ള ഒരു സഹോദരി ആ തടവുകാരിൽ ഉണ്ടായിരുന്നു, അവരെ സമ്മാനം കൊണ്ട് പൊതിഞ്ഞ് തിരിച്ചു നല്കി. ഹലീമയും അവരുടെ ഭർത്താവ് ഹാരിഥും ഇസ്‌ലാം സ്വീകരിച്ചുവെന്ന കര്യത്തിൽ അഭിപ്രായഭിന്നതയുണ്ട്. എന്നാൽ അവർ അവസാനം വിശ്വസിച്ചുവെന്നാണ് നടപ്പിലുള്ള സംസാരം. ഇസ്‌ലാം സ്വീകരിച്ചാണ് വഫാത്തായത്. നബി(സ)തിരുമേനിയുടെ മുലകുടിബന്ധത്തിലുള്ള അബ്ദുല്ലായും സഹോദരി ശെയ്‌റായും ഇസ്‌ലാമിലാണ് വഫാത്തായത്.

**മാതാവിന്റെ സംരക്ഷണവും യഥ്‌രിബ് യാത്രയും**

ഹലീമ, നബിയെ അദ്ദേഹത്തിന്റെ ഉമ്മയുടെ അടുത്തു തിരിച്ചു കൊണ്ടുവന്നപ്പോൾ അദ്ദേഹത്തിന് 4 വയസ്സായിരുന്നു. അതിനു ശേഷം നബി തന്റെ മാതാവിന്റെ സംരക്ഷണത്തിൽ കഴിഞ്ഞു. നബിയ്ക്ക് 6 വയസ്സായപ്പോൾ തന്റെ 'ബനൂനജ്ജാറി'നെ കാണുക എന്ന ഉദ്ദേശ്യത്തോടെ ആമിന മദീനയിൽ പോയി. നബിയെയും കൂടെ കൊണ്ടുപോയി. ഉമ്മു അയ്മനും കൂടെയുണ്ടായിരുന്നു. ആമിനയ്ക്ക് ആ യാത്രയിൽ പരേതനായ തന്റെ ഭർത്താവിന്റെ ഖബ്ർ കാണണമെന്ന വിചാരവും ഉണ്ടായിരുന്നിരിക്കാം. എന്തായാലും അവർ യഥ്‌രിബിൽ(മദീനയിൽ)പോയി. അവിടെ ഒരു മാസം താമസിച്ചു. നബി(സ)തിരുമേനിക്ക് ഇക്കാലഘട്ടം അവസാനം നിമിഷംവരെ ഓർമയുണ്ടായിരുന്നു. 50 വർഷത്തിനുശേഷം ഹിജ്റ ചെയ്ത് മദീനയിൽ പോയപ്പോൾ അവിടന്ന് സ്വഹാബത്തിന് തന്റെ ഉമ്മയോടൊപ്പം കഴിഞ്ഞ ആ വീട് കാണിച്ചുകൊടുത്തിരുന്നു. മദീനയിലെ കുട്ടികളോടൊപ്പം കളിച്ചിരുന്ന ആ സ്ഥലവും കാണിച്ചു കൊടുത്തു. നബി(സ) നീന്താറുണ്ടായിരുന്ന കുളവും കാണിച്ചു കൊടുത്തു.

**മാതാവിന്റെ വഫാത്ത്:**

ഒരു മാസത്തോളം ആമിന അവിടെ താമസിച്ചതിനുശേഷം യാത്ര തിരിച്ചു. വഴി മധ്യേ 'അബവാഅ്' എന്ന സ്ഥലത്തുവെച്ചു അവരുടെ ഇരുപതാമത്തെ വയസ്സിൽ ഈ ലോകവുമായി യാത്ര പറഞ്ഞു. അവിടെ തന്നെ മറയടക്കപ്പെട്ടു. നുബുവ്വത്ത് കാലത്ത് ഒരിക്കൽ അവിടന്ന് ഈ വഴിയിലൂടെ പോകുമ്പോൾ തന്റെ മാതാവിന്റെ ഖബ്റിലും പോയിരുന്നു. അതുകണ്ട് അവിടത്തെ കണ്ണുകൾ നിറഞ്ഞു. ഈ കാഴ്ച്ച കണ്ട് സ്വഹാബാക്കളും കരഞ്ഞു. നബി(സ) സ്വഹാബത്തിനോട് പറഞ്ഞു: 'എന്റെ മാതാവിന്റെ ഖബ്ർ കാണാൻ അല്ലാഹു എനിക്ക് അനുവാദം തന്നു. പക്ഷേ, ദുആ ചെയ്യാൻ അനുവാദം തന്നില്ല.' ഇതിൽനിന്ന് നബിയുടെ മാതാവിന് മഗ്ഫിറത്ത് കിട്ടിയില്ലെന്ന് ധരിച്ചു കളയരുത്. കാരണം ഇക്കാര്യം അല്ലാഹുവിന്റെ കൈകളിലാണ്. എന്താകും, എന്തായില്ല എന്ന് അതിനെ സംബന്ധിച്ച് ഒന്നും പറയാൻ പറ്റില്ല. പക്ഷേ, ഇതിൽനിന്ന് ഇത്രമാത്രമാണ് മനസ്സിലാകുന്നത്, നബി(സ)തിരുമേനി പറഞ്ഞതുപോലെ ആരാണോ ശിർക്കിന്റെ അവസ്ഥയിൽ മരിക്കുന്നത്, അയാൾക്കുവേണ്ടി ദുആ ചെയ്യുന്നത് ശരിയല്ല. അക്കാര്യം അല്ലാഹുവിന് വിടുകയാണ് വേണ്ടത്.

മാതാവ് വഫാത്തായി. നബി(സ)തിരുമേനി പൂർണമായും യതീമിന്റെ അവസ്ഥയിലെത്തി. ചെറിയ പ്രായത്തിൽ നാടിനു പുറത്ത്, ബന്ധുമിത്രാദികളിൽനിന്ന് അകലെ, മാതാവിന്റെ വേർപാടിന്റെ ദുഃഖം അത്തരം അവസ്ഥയി

ൽ, പിതാവാണെങ്കിൽ ആദ്യമേ മരണപ്പെട്ടു. ഇതൊന്നും നിസാരമായകാര്യമല്ല. ഇക്കാര്യം നബി(സ)തിരുമേനിയുടെ ഖൽബിൽ ആഴത്തിലുള്ളതും സ്ഥിരമായതുമായ ഒരു സ്വാധീനമാണ് ചെലുത്തിയത്. നബി (സ)തിരുമേനി അല്ലാഹുവിൽനിന്ന് റഹ്മത്തുൻല്ലിൽ ആലമീൻ ആയിട്ടാണ് നിയോഗിക്കപ്പെട്ടതെന്നതിൽ സംശയമില്ല. എന്നാൽ, ബാഹ്യമായ കാര്യഹേതുക്കളുടെ അടിസ്ഥാനത്തിൽ ഇക്കാര്യങ്ങളും അവിടത്തെ സ്വഭാവത്തിൽ വളരെ സ്വാധീനമുണ്ടാക്കി. ഒരു പരിധിവരെ ഈ പ്രാരംഭകാല വിഷമങ്ങളുടെ ഫലം തന്നെയായിരുന്നു, അവിടത്തെ സ്വഭാവങ്ങളിൽ ദരിദ്രരോടുള്ള സ്നേഹവും ദുരിതബാധിതരോടുള്ള സഹതാപവും ഒരു പ്രാത്യേക രീതിയിൽ സ്വാധീനം ചെലുത്തിയത്. നബി(സ)തിരുമേനിയുടെ അനാഥത്വത്തെ വിശുദ്ധ ഖുർആൻ ഈ വാക്കുകളിൽ പറഞ്ഞിരിക്കുന്നു. *അലം യജിദ്ക്ക യതീമൻ ഫ ആവാ വവജദക്ക ളാല്ലൻ ഫഹദാ വവജദക്ക ആഇലൻ ഫ അഗ്നാ ഫ അമ്മൽ യത്തീമ ഫലാ തഖ്ഹർ* (93:7–10)

നാം നിന്നെ യത്തീമായികണ്ട് അഭയം നല്കിയില്ലേ. ഇനി നീയും യത്തീമുകളോടു വാത്സല്യത്തോടും മൃദുലതയോടുകൂടി പെരുമാറേണ്ടത് നിന്റെ നിർബന്ധ കടമയാണ്.

**അബ്ദുൽ മുത്ത്വലിബിന്റെ സംരക്ഷണം:**

മാതാവിന്റെ വഫാത്തിനുശേഷം നബി(സ) തിരുമേനി തന്റെ പരിചാരിക ഉമ്മു അയ്മനോടൊപ്പം മക്കയിലെത്തി. നബി(സ)തിരുമേനിയുടെ പിതാവ് വഫാത്തായപ്പോൾ ഒരു അടിമ സ്ത്രീ എന്ന നിലയിൽ നബി(സ)തിരുമേനിക്ക് അനന്തരാവകാശമായി കിട്ടിയ ആ ഉമ്മു അയ്മനാണ് ഇത്. വലുതായപ്പോൾ നബി(സ) അവരെ സ്വതന്ത്രയാക്കി. അവരോടു നന്മയോടുകൂടി പെരുമാറി. പിന്നീട് ഉമ്മുഅയ്മന്റെ വിവാഹം, അവിടന്ന് സ്വതന്ത്രനാക്കിയ അടിമ സയ്ദ്ബിൻ ഹാരിഥയുമായി നടന്നു. അവരുടെ വയറ്റിൽ നിന്നാണ് ഉസാമബിൻ സയ്ദ് പിറന്നത്. ഉമ്മു അയ്മൻ നബി (സ)തിരുമേനിയുടെ വഫാത്തിനുശേഷം വരെ ജീവിച്ചിരുന്നു. എന്തായാലും മാതാവിന്റെ വഫാത്തിനുശേഷം നബി (സ)തിരുമേനി ഉമ്മു അയ്മനോടൊ പ്പം മക്കയിലെത്തുകയും അവിടെ എത്തിയ നബി(സ)യെ അബ്ദുൽമുത്ത്വലിബ് നേരിട്ട് തന്റെ സംരക്ഷണത്തിലെടുക്കുകയും ചെയ് തു. അബ്ദുൽ മുത്ത്വലിബ് നബി (സ) തിരുമേനി യെ ഒരുപാട് സ്നേഹിച്ചിരുന്നു. കഅ്ബാ മന്ദിരത്തിൽ ത്വവാഫ് ചെയ്യുമ്പോൾ അദ്ദേഹം നബി(സ)യെ തോളിലിരുത്തുമായിരുന്നു. നബി(സ)തിരുമേനിയും അദ്ദേഹത്തോടു ഫോർമാലിറ്റിയൊന്നും കൂടാതെ പെരുമാറിയിരുന്നു. കഅ്ബയുടെ മിറ്റത്ത് കട്ടിലിട്ടിരിക്കുക എന്നത് അബ്ദുൽ മുത്ത്വലിബിന്റെ ശീലമായിരുന്നു. ആ കട്ടിലിൽ അദ്ദേഹത്തോടൊപ്പം ഇരിക്കാൻ ആർക്കും ധൈര്യമുണ്ടായിരുന്നില്ല. അബ്ദുൽ മുത്ത്വലിബിന്റെ സ്വന്തം മക്കളും മാറിയാണ് ഇരുന്നിരുന്നത്. എന്നാൽ, നബി (സ)തിരുമേനി തന്റെ സ്നേഹാവേശത്താൽ നേരെ പോയി അബ്ദുൽ മുത്ത്വലിബിന്റെ അടുത്തിരിക്കുമായിരുന്നു. അദ്ദേഹം നബിയെ കണ്ട് സന്തോഷിക്കുമായിരുന്നു. നബി(സ) തിരുമേനിയുടെ പിതൃവ്യൻ ചില നേരത്ത് നബിയെ കട്ടിലിൽ ഇരിക്കുന്നത് തടയുമ്പോൾ അബ്ദുൽ മുത്ത്വലിബ് അദ്ദേഹത്തെ വിലക്കുമായിരുന്നു. അവനെ നീ ഒന്നും പറയരുതെന്ന് പറയുമായിരുന്നു.

**അബ്ദുൽ മുത്ത്വലിബിന്റെ വഫാത്ത്:**

ആ സ്നേഹത്തിൽ നബി (സ)തിരുമേനി ജീവിച്ചു വരുമ്പോഴാണ് അബ്ദുൽ മുത്ത്വലിബിനും മരണസന്ദേശമെത്തിയത്. അദ്ദേഹത്തിന്റെ ജനാസ പൊക്കിയപ്പോൾ നബി(സ) തിരുമേനി ഒപ്പത്തിനൊപ്പം ഉണ്ടായിരുന്നു. കരഞ്ഞുകൊണ്ട് നടക്കുകയായിരുന്നു. കുട്ടിക്കാലത്ത് സഹിക്കേണ്ടിവന്ന മൂന്നാമത്തെ ദുഃഖമായിരുന്നു അത്. അപ്പോൾ നബി(സ)തിരുമേനിക്ക് 8 വയസ്സായിരുന്നു. അബ്ദുൽ മുത്ത്വലിബിന്റെ പ്രായം നിവേദനങ്ങളിലുള്ള അഭിപ്രായ വ്യത്യാസത്തോടെ 80 മുതൽ 140 വരെ പറയപ്പെടുന്നു.

വിവിധ ഭാര്യമാരിൽ അബ്ദുൽ മുത്ത്വലിബിന് ഒരുപാട് കുട്ടികളുണ്ടായിരുന്നു. അവരിൽ ഏറെ പ്രശസ്തരായവർ ഇവരാണ്. ഹാരിഥ്, സുബയ്ർ, അബൂ ത്വാലിബ്, അബൂ ലഹബ്, അബ്ദുല്ലാഹ്, അബ്ബാസ്, ഹംസ. ഇവരിൽ അബൂത്വാലിബിന്റേയും അബ്ദുല്ലായുടേയും മാതാവ് ഒന്നായിരുന്നു. അതുകൊണ്ടാണെന്നു തോന്നുന്നു അബ്ദുൽ മുത്ത്വലിബ് മരണാസന്നനായിരിക്കുമ്പോൾ നബി(സ)തിരുമേനിയെ അബൂ ത്വാലിബിന്റെ സംരക്ഷണത്തിൽ കൊടുത്തത്. അവനെ ശ്രദ്ധിക്കണമെന്ന് പ്രത്യേകം വസിയ്യത്ത് ചെയ്തു. അങ്ങനെ ആ സമയം മുതൽ നബി(സ) തന്റെ പിതൃവ്യൻ അബൂത്വാലിബിന്റെ സംരക്ഷണയിൽ കഴിയാൻ തുടങ്ങി. ദേശീയ ജോലികളിൽ ജലവിതരണത്തിന്റെയും സഹായസഹകരണത്തിന്റേയും ജോലി അബ്ദുൽ മുത്ത്വലിബിനായിരുന്നു. അദ്ദേഹം ഈ ജോലി ജീവിച്ചിരിക്കുന്നവരിൽ മൂത്ത മകൻ സുബയ്റിനെ ഏല്പിച്ചു. എന്നാൽ, ഈ ജോലിക്ക് ധാരാളം പൈസ ആവശ്യമായിരുന്നതിനാൽ അത് തനിക്ക് താങ്ങാൻ പറ്റില്ലെന്ന് കണ്ട് സുബയ്ർ(റ) ആ ജോലിയും അബൂത്വാലിബിനെ തിരിച്ചേല്പിച്ചു. പക്ഷേ, അബൂത്വാലിബും നിർധനനായിരുന്നു. അതുകൊണ്ട് സഹായ സഹകരണ വകുപ്പ് ബനൂ നൗഫലിലേക്ക് മാറ്റപ്പെട്ടു. ജലവിതരണ വകുപ്പ് അബൂത്വാലിബ് അവസാനം അബ്ബാസിനെ ഏല്പിച്ചു. മറ്റുള്ളവരെ അപേക്ഷിച്ച് അദ്ദേഹം ഒരു സമ്പന്നനായിരുന്നു.

ഈ അവസരത്തിൽ ഇത് പറയേണ്ടണ്ടതും നിർബന്ധമാണ്. അബ്ദുൽ മുത്ത്വലിബിന്റെ ജീവിതം വരെ ബനൂഹാശിം അങ്ങേയറ്റം ആദരണീയരും ബഹുമാന്യരുമായിരുന്നു. ഖുറയ്ശികളുടെ എല്ലാ ഗോത്രക്കാരിലും ഉയർന്ന നിലയിലുള്ളവരായിരുന്നു അവർ. പക്ഷേ, അദ്ദേഹത്തിന്റെ വഫാത്തിനുശേഷം ബനൂഹാശിമിൽനിന്ന് ആരും ഈ ആദരവിനെ നിലനിറുത്തുന്നവരായി ഉണ്ടായില്ല. അതുകൊണ്ട് ഖുറയ്ശിന്റെ പൊതുവെയുള്ള നേതൃത്വം ഇവരുടെ കൈയിൽനിന്ന് പൊയ്പോയി. ബനൂ ഹാശിമിന്റെ സഖ്യകക്ഷി ബനൂഉമയ്യ മെല്ലെ മെല്ലെ ശക്തി പ്രാപിക്കാൻ തുടങ്ങി.

**അബൂത്വാലിബിന്റെ സംരക്ഷണം:**

അബൂ ത്വാലിബ് തന്റെ പിതാവിന്റെ വസിയ്യത്തനുസരിച്ച് അങ്ങേയറ്റം വിശ്വസ്തതയോടും സവിശേഷതയോടും പ്രവൃത്തിച്ചു. തന്റെ കുട്ടികളേക്കാൾ കൂടുതൽ നബി(സ)തിരുമേനിയെ സ്നേഹിച്ചു. എപ്പോഴും തന്റെ കണ്ണിന്റെ മുമ്പിൽത്തന്നെ വെക്കുമായിരുന്നു. രാത്രിനേരത്ത് പൊതുവെ തന്റെ കൂടെതന്നെയാണ് ഉറക്കിയിരുന്നത്.

**ശാം യാത്രയും**

**ബഹീറ പുരോഹിതന്റെ സംഭവവും:**

നബി(സ)തിരുമേനിക്ക് 13 വയസ്സായപ്പോൾ അബൂത്വാലിബിന് ഒരു കച്ചവട സംഘത്തോടൊപ്പം ശാമിലേക്ക് യാത്ര ചെയ്യേണ്ടിവന്നു. യാത്ര ദീർഘവും കഠിനവും ആയിരുന്നതു കൊണ്ട് നബി(സ)തിരുമേനിയെ മക്കയിൽത്തന്നെ നിറുത്താമെന്ന് അദ്ദേഹം കരുതി. എന്നാൽ, നബി(സ)ക്ക് അബൂത്വാലിബിനെ വിട്ടുനില്ക്കുന്നത് അതിനെക്കാൾ പ്രയാസമുള്ളതായി. അങ്ങനെ യാത്രയുടെ നേരത്ത് സ്നേഹാവേശത്താൽ നബി(സ)തിരുമേനി, അബൂത്വാലിബിനെ കെട്ടിപ്പിടിച്ചു കരയാൻ തുടങ്ങി. ഈ അവസ്ഥ കണ്ട് അബൂത്വാലിബിന്റെ മനസ്സലിഞ്ഞു. അദ്ദേഹം നബിയേയും കൂടെകൊണ്ടുപോയി.

ശാമിന്റെ ഒരു ഭാഗത്ത് ബുസ്റാ എന്നൊരു പ്രസിദ്ധ സ്ഥലമുണ്ട്. അവിടെ എത്തിയയുടനെ അത്ഭുതകരമായ ഒരു സംഭവമുണ്ടായി. അവിടെ ഒരു ക്രൈസ്തവ പുരോഹിതൻ താമസിച്ചിരുന്നു. അദ്ദേഹത്തിന്റെ പേര് ബഹീറാ എന്നായിരുന്നു. ഖുറയ്ശികളുടെ കച്ചവടസംഘം അദ്ദേഹത്തിന്റെ ആശ്രമത്തിന്റെ അടുത്തെത്തിയപ്പോൾ എല്ലാ കല്ലുകളും മരങ്ങൾ തുടങ്ങിയവയും പെട്ടെന്ന് സുജൂദിൽ വീഴുന്നത് ആ പുരോഹിതൻ കണ്ടു. ദൈവിക ഏടുകളുടെ വെളിച്ചത്തിൽ ഒരു നബി നിയോഗിതനാകാൻ പോകുന്നുവെന്ന് അദ്ദേഹത്തിന് അറിയാമായിരുന്നു. അതുകൊണ്ട് അദ്ദേഹം തന്റെ സൂക്ഷ്മ ബുദ്ധികൊണ്ട് ഈ കച്ചവടസംഘത്തിൽ ആ നബി ഉണ്ടായിരിക്കുമെന്ന് മനസ്സിലാക്കി. അങ്ങനെ അദ്ദേഹം തന്റെ മുഖലക്ഷണ വിദ്യയിലൂടെ നബി(സ)തിരുമേനിയെ തിരിച്ചറിഞ്ഞു. അതുകൊണ്ട് അബൂത്വാലിബിനെ വിവരം അറിയിക്കുകയും ഉപദേശിക്കുകയും ചെയ്തു; അദ്ദേഹത്തെ ഗ്രന്ഥാനുസാരികളുടെ ഉപദ്രവത്തിൽ നിന്ന് സുരക്ഷിതനാക്കിവെക്കണമെന്ന്!

നിവേദനവിദ്യയുടെ അടിസ്ഥാനത്തിൽ ഈ സംഭവത്തിന്റെ സനദ് ബലഹീനമാണ്. പക്ഷേ, യഥാർഥത്തിൽ അത്തരം സംഭവം കണ്ടിട്ടുണ്ടെങ്കിൽ അത്ഭുതപ്പെടാനൊന്നുമില്ല. മരങ്ങളും മറ്റും സുജൂദ് ചെയ്യുക എന്നത്, പുരോഹിതന്റെ ഒരു ജാഗ്രദർശനമായി മനസ്സിലാക്കപ്പെടുന്നതായിരിക്കും. അത് നബി(സ) തിരുമേനിയുടെ പദവിയുടെ അടിസ്ഥാനത്തിൽ അസാധാരണ കാര്യമൊന്നുമല്ല.

(ശേഷം പേജ് 19ൽ)

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**മാതാപിതാക്കളുടെ സ്വന്തം മാതൃക കുട്ടികൾക്കു മുമ്പിൽ നിലനില്ക്കാത്തിടത്തോളം കുട്ടികളിൽ അത് സ്വാധീനമുണ്ടാക്കുകയില്ല. അതുകൊണ്ട് സുബ്ഹി നമസ്കാരത്തിനും എഴുന്നേല്ക്കുക.'**

**(ഖുത്ബാത്തെ മസ്റൂർ, വാള്യം 3, പേജ് 565)**

**ത്വാലിബെ ദുആ:**

**Dr. C. Salahuddin, Ameer Ahmadiyya Jama-ath Calicut, Kerala.**

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**''വ്യക്തിപരമായ നിലയിൽ ലയ്ലത്തുൽഖദ്റിൽ നിന്ന് അനുഗ്രഹം പ്രാപിക്കുന്നതിന് ഈ റമളാനിൽ പരസ്പരമുള്ള വൈരാഗ്യങ്ങൾ അവസാനിപ്പിക്കാൻ നമ്മൾ ശ്രമിക്കേണ്ടതാണ്.''**

**(ജുമുഅ ഖുത്ബ 25–7–2014)**

**ത്വാലിബെ ദുആ:**

**Muhammad Safwan&Family, Ahmadiyya Jama-ath Kakkanad**

(- പേജ് 1ൽ നിന്ന്)

അയാൾ നിഷേധിച്ചു. അങ്ങനെ ഈ മുഴുവൻ തോട്ടവും തന്റെ കൈയിൽവരുമെന്ന ഉദ്ദേശ്യമായിരിക്കാം അയാൾക്കുണ്ടായിരുന്നത്. ഈ വിവരം നബി(സ)തിരുമേനി അറിഞ്ഞു. അപ്പോൾ അവിടന്ന് സ്വഹാബത്തിനോടു പറഞ്ഞു: 'വരിക! നമുക്ക് യഹൂദിയോടു ജാബിറിനു കാലാവധി നീട്ടികൊടുക്കാൻ പറയാം.' നബി(സ)തിരുമേനി, കുറച്ചു സ്വഹാബത്തിനോടൊപ്പം എന്റെ കൃഷിത്തോട്ടത്തിൽവന്നു. യഹൂദിയോടു സംസാരിച്ചു. പക്ഷേ, യഹൂദി പറഞ്ഞു: 'അബുൽ ഖാസിമേ! ഞാൻ അയാൾക്ക് കാലാവധി നീട്ടികൊടുക്കുകയില്ല.' യഹൂദിയുടെ ഈ പെരുമാറ്റംകണ്ട് നബി(സ)തിരുമേനി ഈത്തപ്പനകൾക്കിടയിൽ ചുറ്റി നടന്ന് ഫലസമൃദ്ധിക്കായി പ്രാർഥിച്ചു. പിന്നീട് വന്ന് യഹൂദിയോടു സംസാരിച്ചു. പക്ഷേ, അയാൾ വീണ്ടും നിഷേധിച്ചു. ജാബിർ(റ)പറയുന്നു:ഇതിന്നിടയിൽ ഞാൻ കൃഷിത്തോട്ടത്തിൽനിന്ന് കുറച്ച് ഈത്തപ്പഴം അറുത്ത് നബി(സ)തിരുമേനിക്ക് നല്കി. അത് അവിടന്ന് ഭക്ഷിച്ചു. എന്നിട്ട് പറഞ്ഞു: 'ജാബിർ, താങ്കളുടെ തോട്ടത്തിൽ കുടിലുണ്ടല്ലോ, അതെവിടെയാണ്?' ഞാൻ അത് പറഞ്ഞുകൊടുത്തപ്പോൾ അവിടന്ന് പറഞ്ഞു: 'അവിടെ പായ വിരിക്കുക. ഞാൻ അല്പം വിശ്രമിക്കട്ടെ.' അദ്ദേഹം പറയുന്നു: ഞാൻ നബി(സ)തിരുമേനി പറഞ്ഞതുപോലെ ചെയ്തു. അവിടന്ന് അവിടെ ഉറങ്ങി. ഉണർന്നപ്പോൾ ഞാൻ ഒരുപിടി ഈത്തപ്പഴം കൊണ്ടുവന്നു. അതിൽനിന്ന് അവിടന്ന് കുറച്ചു തിന്നു. എന്നിട്ട് എഴുന്നേറ്റുനിന്നു. യഹൂദിയുമായി വീണ്ടും സംസാരിച്ചെങ്കിലും അയാൾ അത് സമ്മതിച്ചില്ല. അവിടന്ന് വീണ്ടും ഈത്തപ്പനകൾക്കിടയിൽ ചുറ്റി നടന്നു. എന്നോടു പറഞ്ഞു, 'ജാബിർ ഈത്തപ്പനക്കുലകൾ അറുത്തിടാൻ തുടങ്ങുക. യഹൂദിയുടെ കടം വീട്ടുക.' ഞാൻ ഈത്തപ്പഴം അറുത്തിടാൻ തുടങ്ങി. ആ നേരത്ത് അവിടന്ന് ഈത്തപ്പനകൾക്കിടയിൽ നില്ക്കുകയായിരുന്നു. ജാബിർ(റ) പറയുന്നു: ഞാൻ ഈത്തപ്പനക്കുലകൾ അറുത്ത് യഹൂദിയുടെ കടം മുഴുവൻവീട്ടി. കുറച്ചു ഈത്തപ്പഴം ബാക്കിയായി. ഞാൻ നബി(സ)തിരുമേനിയോടു ഈ സന്തോഷവാർത്ത പറഞ്ഞപ്പോൾ അവിടന്ന് അരുൾചെയ്തു: 'ഞാൻ അല്ലാഹുവിന്റെ റസൂലാണെന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു.'(സ്വഹീഹുൽ ബുഖാരി കിതാബുൽ അത്വ്അമ ഹദീഥ് 5443). (ഖുത്വ്ബ ജുമുഅ 30-3-2018, ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്)

ഹദ്റത്ത് ജാബിർ ബിൻ അബ്ദുല്ലായോടു നബി(സ)തിരുമേനിക്കുണ്ടായിരുന്ന സ്നേഹത്തിന്റേയും വാത്സല്യത്തിന്റേയും സഹതാപത്തിന്റേയും മറ്റൊരു സംഭവമുണ്ട്.

ഹദ്റത്ത് ജാബിർ ബിൻ അബ്ദുല്ലാഹ്(റ) നിവേദനം: നബി(സ)തിരുമേനിയുടെ കൂടെ ഞാനൊരു യുദ്ധത്തിലായിരുന്നു. നബി(സ) എന്റെ സമീപം വന്നു ചോദിച്ചു: 'നിന്റെ ഒട്ടകത്തിന് എന്തു പറ്റി? അതു നടക്കുന്നില്ലല്ലോ?' ഞാൻ പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ! അതിനു നടക്കാൻ കഴിവില്ല.' നബി(സ)ദുആ ചെയ്തുകൊണ്ട് അതിനെ തെളിക്കാൻ തുടങ്ങി. നബി(സ) ചോദിച്ചു: 'ഇപ്പോൾ നിന്റെ ഒട്ടകം എങ്ങനെയുണ്ട്?' ഞാൻ പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ! അങ്ങയുടെ അനുഗ്രഹവും ദുആയും കൊണ്ട് അത് വേഗം നടക്കാൻ തുടങ്ങിയിരിക്കുന്നു.' നബി(സ)ചോദിച്ചു: 'നീ ഇതിനെ വില്ക്കുമോ?' വെള്ളം കൊണ്ടുവരാൻ എന്റെ പക്കൽ ഈ ഒരു ഒട്ടകം മാത്രമാണ് ഉണ്ടായിരുന്നത്. അതിനാൽ ഞാൻ വളരെ നാണിച്ചുകൊണ്ടു പറഞ്ഞു: 'ഞാൻ അതിനെ വില്ക്കാം.' നബി(സ) പറഞ്ഞു: 'എങ്കിൽ എനിക്കുതന്നെ വില്ക്കുക.' മദീനവരെ ഞാൻ അതിന്റെ പുറത്തുതന്നെ യാത്ര ചെയ്യുമെന്ന നിബന്ധനയിൽ ആ ഒട്ടകം നബി(സ)യ്ക്കു വിറ്റു. യാത്രാമധ്യേ ഞാൻ നബി(സ)യോടു പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ! എന്റെ വിവാഹം ഇപ്പോൾ കഴിഞ്ഞിട്ടേയുള്ളു. എനിക്ക് മദീനയിലെത്താൻ അനുവാദം തന്നാലും.' നബി(സ) എനിക്കു അനുവാദം നല്കി. ഞാൻ മറ്റു ആളുകൾക്കുമുമ്പേ മദീനയിലെത്തുകയും ചെയ്തു. വഴിയിൽ ഞാനെന്റെ അമ്മാവനെ കണ്ടു. അദ്ദേഹം ഒട്ടകത്തെപ്പറ്റി ചോദിച്ചു, 'ഈ മരിക്കാറായ ഒട്ടകം എങ്ങനെയാണ് വേഗം നടക്കാൻ തുടങ്ങിയത്?' അപ്പോൾ ഞാൻ സംഗതികളെല്ലാം അദ്ദേഹത്തെ കേൾപ്പിച്ചു.(അല്ലാഹുവിന്റെ റസൂൽ) ഇന്ന രീതിയിൽ ദുആ ചെയ്തെന്നും ഞാൻ അതിനെ നബി(സ)ക്ക് വിറ്റുവെന്നും പറഞ്ഞു. അപ്പോൾ എന്റെ അമ്മാവൻ എന്നോടു നീരസം പ്രകടിപ്പിച്ചു. നബി(സ)യോടു അനുവാദം ചോദിച്ചപ്പോൾ അവിടന്ന് എന്നോടു ചോദിച്ചു: 'നീ വിവാഹം കഴിച്ചത് കന്യകയെയാണോ വിധവയെയാണോ?' ഞാൻ പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ! വിധവയെയാണ്.' അപ്പോൾ നബി(സ) പറഞ്ഞു: 'നീയൊരു കന്യകയെ വിവാഹം കഴിക്കണമായിരുന്നു. നിനക്കു അവളുമായും അവൾക്കു നീയുമായും ഉല്ലസിച്ചു നടക്കാമായിരുന്നില്ലേ?' ഞാൻ പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ! എന്റെ പിതാവ് ശഹീദാക്കപ്പെട്ടു. അദ്ദേഹം എനിക്കു താഴെ ഒരുപാട് സഹോദരിമാരെ ഉപേക്ഷിച്ചാണ് പോയത്. അതുകൊണ്ട് അവരെപ്പോലുള്ള ഒരു സ്ത്രീയെ വീട്ടിൽകൊണ്ടുവരുന്നതും അങ്ങനെ അവരുടെ കാര്യങ്ങൾ നോക്കുകയും മേൽനോട്ടം വഹിക്കുകയും ചെയ്യുന്ന ആരും ഇല്ലാതിരിക്കുകയും ചെയ്യുന്നതിനെ ഞാൻ ഇഷ്ടപ്പെട്ടില്ല.' നബി(സ) മദീനയിലെത്തിയപ്പോൾ ഞാൻ അതിരാവിലെതന്നെ ഒട്ടകവുമായി ഹാജരായി. നബി(സ) എനിക്കതിന്റെ വില തന്നു. ഒട്ടകത്തേയും (ഉപഹാരമായി) എനിക്കു നല്കി.(ബുഖാരി, കിതാബുൽജിഹാദ്, ഹദീഖത്തുസ്സാലിഹീൻ, ഗ്രന്ഥകർത്താ സയ്ഫുർ റഹ്മാൻ സാഹിബ് ഹദീഥ് നമ്പർ 357)

ഹദ്റത്ത് ജാബിറിന് നബി(സ)യോടുണ്ടായിരുന്ന സ്നേഹത്തിന്റെ മറ്റൊരു സംഭവവും സമർപ്പിക്കുകയാണ്.

അഹ്സാബ് യുദ്ധത്തിന്റെ അവസരത്തിൽ മദീനക്കാർ യുദ്ധത്തിന്റെ തയ്യാറെടുപ്പിൽ മുഴുകിയിരിക്കുകയായിരുന്നു. ആദരണീയരായ സ്വഹാബത്ത് മദീനയിലെ സുരക്ഷിതമല്ലാത്ത ഒരു ഭാഗത്ത് കിടങ്ങുകുഴിക്കുന്നതിൽ വ്യാപൃതരായിരുന്നു. ഭക്ഷണത്തിന് കുറവുണ്ടായിരുന്നു. ചില സ്വഹാബത്ത് കഠിനമായ വിശപ്പുകൊണ്ട് വയറ്റത്ത് കല്ലു വെച്ചു കെട്ടിയിരുന്നു. ഈ സന്ദർഭത്തിൽ നബി(സ)തിരുമേനിയും പട്ടിണിയിലായിരുന്നു. അവിടന്നും തന്റെവയറ്റിൽ കല്ലുകെട്ടി വെച്ചിരുന്നു. സീറത്തു ഖാത്തമുന്നബിയ്യീനിൽ പറയുന്നു:

"ജാബിർ ബിൻ അബ്ദുല്ലാഹ് നബി(സ)തിരുമേനിയുടെ മുഖത്ത് വിശപ്പു കാരണത്താൽ ക്ഷീണത്തിന്റേയും തളർച്ചയുടേയും ലക്ഷണങ്ങൾ കണ്ട് അങ്ങയോടു തന്റെ വീട്ടിൽ പോകാൻ അനുവാദം വാങ്ങി. വീട്ടിൽവന്ന് തന്റെ ഭാര്യയോടു പറഞ്ഞു: 'നബി(സ)തിരുമേനിക്ക് വിശപ്പു സഹിക്കവയ്യാതെ നല്ല വിഷമമുള്ളതായി തോന്നുന്നു. നിന്റെ കൈയിൽ കഴിക്കാൻ വല്ലതുമുണ്ടോ?' കുറച്ചു യവത്തിന്റെ മാവുണ്ടെന്ന് അവർ പറഞ്ഞു. ഒരു ആടുമുണ്ട്. ജാബിർ പറയുന്നു:അപ്പോൾ ഞാൻ ആടിനെ അറുത്തു. മാവ് കുഴച്ചു. എന്നിട്ട് ഭക്ഷണം തയ്യാറാക്കാൻ ഭാര്യയോടു പറഞ്ഞു. ഞാൻ നബി(സ)തിരുമേനിയുടെ അടുത്തു പോയി, അവരോടു വരാൻ പറയാം. എന്റെ ഭാര്യ പറഞ്ഞു, നബി(സ)തിരുമേനിയോടൊപ്പം കൂടുതലാളുകളെ കൂട്ടിവന്ന് എന്നെ അപമാനിക്കരുത്. ജാബിർ(റ) പറയുന്നു, ഞാൻ പോയി, മെല്ലെ നബി(സ)തിരുമേനിയോടു പറഞ്ഞു, യാ റസൂലല്ലാഹ് ! എന്റെ കൈയിൽ കുറച്ച് മാംസവും യവത്തിന്റെ മാവുമുണ്ട്. അതു പാകം ചെയ്യാൻ എന്റെ ഭാര്യയോടു പറഞ്ഞിട്ടാണ് ഞാൻ വന്നിരിക്കുന്നത്. അങ്ങ് കുറച്ച് സ്വഹാബത്തിനെ കൂട്ടി വന്നാലും. ഭക്ഷണം കഴിച്ചാലും. എത്ര ഭക്ഷണമുണ്ടെന്ന് അവിടന്ന് ചോദിച്ചു. ഇത്രയുമുണ്ടെന്ന് ഞാൻ പറഞ്ഞു. ഒരുപാടുണ്ടല്ലോ, നബി(സ)തിരുമേനി പറഞ്ഞു. പിന്നീട് അവിടന്ന് തന്റെ ചുറ്റുപാടും കണ്ണോടിച്ചു. ഉച്ചത്തിൽ പറഞ്ഞു:അൻസ്വാറിന്റേയും മുഹാജിറിന്റേയും സംഘമേ! ജാബിർ നമ്മെ ഭക്ഷണത്തിന് ക്ഷണിച്ചിരിക്കുന്നു. പോയി ഭക്ഷണം കഴിക്കുക.' ആ ശബ്ദംകേട്ട് വിശന്നുവലഞ്ഞ ആയിരത്തോളം സ്വഹാബ, നബി(സ)തിരുമേനിയോടൊപ്പം പോയി. നബി(സ)തിരുമേനി ജാബിറിനോടു പറഞ്ഞു, താങ്കൾ പെട്ടെന്ന് പോയി ഞാൻ വരുന്നതുവരെ

---

**അല്ലാഹുവിന്റെ കലാം:**

**'നിങ്ങൾ മനഃപൂർവം സത്യത്തെ അസത്യവുമായി കലർത്തുകയും സത്യം മറച്ചു വെക്കുകയും ചെയ്യരുത്.'**
**(2:43)**

**ത്വാലിബെ ദുആ:**
**K.Muhammad Shareef & Family**
**Ahmadiyya Jama-ath Vaniyambalam, Kerala.**

---

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**'ഭൗതികശക്തികൾ ഇസ്‌ലാം-അഹ്മദിയ്യത്തിനെ തെല്ലും ഭയപ്പെടേണ്ട ആവശ്യമില്ല. എല്ലാ രൂപത്തിലും ഞങ്ങൾ ഒരു ആത്മീയ ജമാഅത്താണ്.'**
**(ഡന്മാർക്ക് പര്യടനം, ചോദ്യോത്തരം 2016 മെയ് 18)**

**ത്വാലിബെ ദുആ:**
**P.P. Nasiruddin , Ahmadiyya Jama-ath Kannur Town, Kerala.**

ചെമ്പ് അടുപ്പിൽനിന്ന് ഇറക്കരുതെന്ന് അവരോടു പറയുക. റൊട്ടിയുണ്ടാക്കാൻ തുടങ്ങരുതെന്നും പറയുക. ജാബിർ പെട്ടെന്നുപോയി ഭാര്യയെ വിവരം അറിയിച്ചു. ആ പാവം നല്ലവണ്ണം പരിഭ്രമിച്ചു. കുറച്ചാളുകളെയാണ് പ്രതീക്ഷിച്ചത് ഇപ്പോൾ കൂടുതലാളുകൾ വരികയാണ്. ഇനിയെന്താ സംഭവിക്കുക! എന്നാൽ, നബി(സ)തിരുമേനി അവിടെ ചെന്നപാടെ വളരെ സമാധാനത്തോടെ ചെമ്പിന്റെമേലും ആട്ടയുടെമേലും ദുആ ചെയ്തു. ഇനി റൊട്ടി ഉണ്ടാക്കിക്കൊള്ളാൻ പറഞ്ഞു. അതിനുശേഷം അവിടന്ന് മെല്ലെ മെല്ലെ ഭക്ഷണം വിതരണം ചെയ്യാൻ തുടങ്ങി. ജാബിർ(റ) പറയുന്നു: ആരുടെ കൈയിലാണോ എന്റെ ജീവനിരിക്കുന്നത് അവനെ സത്യം ചെയ്തു ഞാൻ പറയുന്നു, അതേ ഭക്ഷണംകൊണ്ട് സകലരും വയറുനിറയെ ഭക്ഷണം കഴിച്ച് എഴുന്നേറ്റു. അപ്പോഴും ഞങ്ങളുടെ ചെമ്പ് അതേപോലെതന്നെ തിളച്ചുകൊണ്ടിരുന്നു, റൊട്ടി അതേപോലെതന്നെ ഉണ്ടായും കൊണ്ടുമിരുന്നു.(സീറത്തു ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ),പേജ് 578)

നബി(സ)തിരുമേനിയുടെ ഒരു സ്വഹാബിയായിരുന്നു ഹദ്റത്ത് നുഅയ്മാൻ ബിൻ അംറ്(റ). ഹദ്റത്ത് നുഅയ്മാൻ രണ്ടാം അഖ്ബ ബയ്അത്തിൽ 70 അൻസ്വാറിനോടൊപ്പം പങ്കെടുത്തിരുന്നു. ഹദ്റത്ത് നുഅയ്മാൻ ബദ്ർ, ഉഹുദ്, ഖൻദഖ് ഉൾപ്പടെയുള്ള എല്ലാ യുദ്ധങ്ങളിലും നബി(സ) തിരുമേനിയോടൊപ്പം പങ്കെടുക്കുകയും ചെയ്തു. ഒരു നിവേദനത്തിൽ വരുന്നു, നബി(സ)തിരുമേനി പറഞ്ഞു: 'നുഅയ്മാനെ സംബന്ധിച്ച് നന്മയല്ലാതെ മറ്റൊന്നും പറയരുത്. കാരണം അദ്ദേഹം അല്ലാഹുവിനേയും അവന്റെ റസൂലിനേയും സ്നേഹിക്കുന്നു.' ഹദ്റത്ത് നുഅയ്മാനെ സംബന്ധിച്ച് നിവേദനത്തിൽ അദ്ദേഹം പ്രകൃത്യാ ഹാസ്യസ്വഭാവക്കാരനായിരുന്നുവെന്നും വരുന്നുണ്ട്. ഹദീഥിൽ വന്നിരിക്കുന്നു, നബി(സ)തിരുമേനിയുടെ അടുത്ത് ഒരു ബദ്ദു(ഗ്രാമീണനായ അറബി) വരികയും മസ്ജിദിൽ പ്രവേശിച്ച് തന്റെ ഒട്ടകത്തെ മുറ്റത്ത് ഇരുത്തുകയും ചെയ്തു. അപ്പോൾ ചില സ്വഹാബാക്കൾ ഹദ്റത്ത് നുഅയ്മാനോട് പറഞ്ഞു: 'താങ്കൾ ഇതിനെ അറുക്കുക. ഞങ്ങൾ തിന്നുകൊള്ളാം. ഞങ്ങൾക്ക് മാംസം കഴിക്കാൻ കൊതിയാകുന്നു. ഇനി നബി(സ)തിരുമേനിയുടെ അടുക്കൽ പരാതി ചെന്നാൽതന്നെയും അവിടന്ന് അതിന്റെ നഷ്ടപരിഹാരം കൊടുക്കുകയും ചെയ്തുകൊള്ളും.' നിവേദകൻ പറയുന്നു: 'ഹദ്റത്ത് നുഅയ്മാൻ അവരുടെ വാക്കുകൾ കേട്ട് ഒട്ടകത്തെ അറുത്തു. അങ്ങനെ ബദ്ദു പുറത്തുവരികയും തന്റെ യാത്രാമൃഗത്തിന്റെ അവസ്ഥ കാണുകയും ചെയ്തപ്പോൾ മുഹമ്മദേ(സ)! എന്റെ ഒട്ടകത്തെ അറുത്തിട്ടിരിക്കുന്നു എന്നു ഉച്ചത്തിൽ പറഞ്ഞ് ബഹളംവെച്ചു. നബി(സ) തിരുമേനി പുറത്തു വന്ന് ചോദിച്ചു: 'ആരാണ് ഇതു ചെയ്തത്?' നുഅയ്മാൻ ആണെന്ന് ആളുകൾ പറഞ്ഞു.അപ്പോൾ അവിടന്ന് അദ്ദേഹത്തെ തിരഞ്ഞ് പുറപ്പെട്ടു. നുഅയ്മാൻ, അവിടെനിന്നു പോയി എവിടെയോ ഒളിച്ചിരുന്നു. ഏതായാലും നബി(സ)തിരുമേനി അദ്ദേഹത്തെ തിരഞ്ഞു പുറപ്പെട്ടു. അങ്ങനെ അദ്ദേഹം ഹദ്റത്ത് ളുബാഅ ബിൻത് സുബയ്ർ ബിൻ അബ്ദുൽ മുത്തലിബിന്റെ വീട്ടിൽ ഒളിച്ചിരിക്കുന്നത് കണ്ടു. അദ്ദേഹം ഒളിച്ചിരുന്നിടത്തുണ്ടായിരുന്ന ഒരാൾ തന്റെ വിരൽകൊണ്ട് അദ്ദേഹത്തിലേക്ക് ചൂണ്ടിക്കൊണ്ട് ഉറക്കെ പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ!എനിക്കെങ്ങും കാണാൻ കഴിയുന്നില്ല. എന്തായാലും അദ്ദേഹത്തെ അവിടെനിന്ന് നബി(സ)തിരുമേനി പുറത്തു കൊണ്ടുവന്ന് ചോദിച്ചു: താങ്കൾ എന്തിനാണ് ഇങ്ങനെ ചെയ്തത്? നുഅയ്മാൻ പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ! ഞാനാണ് അതിനെ അറുത്തതെന്ന് അങ്ങയോടു പറഞ്ഞവരുണ്ടല്ലോ, അവർ തന്നെയാണ് എന്നെ പ്രേരിപ്പിച്ചത്. നബി(സ) തിരുമേനി അതിന് നഷ്ടപരിഹാരം നല്കുമെന്ന് അവർ പറയുകയുംചെയ്തു. ഈ കാര്യം കേട്ട് നുഅയ്മാന്റെ മുഖത്ത് വാത്സല്യത്തോടെ അവിടന്ന് തട്ടുകയും പുഞ്ചിരിക്കുകയും ചെയ്തു. അവിടന്ന് ആ ഗ്രാമവാസിക്ക് ഒട്ടകത്തിന്റെ വില നൽകി.'

'മദീനയിൽ വല്ല കച്ചവടക്കാരനും വരുന്നതായാൽ ഹദ്റത്ത് നുഅയ്മാൻ അയാളിൽ നിന്ന് വല്ലതുമെക്കെ വാങ്ങുകയും നബി(സ)തിരുമേനിയുടെ സന്നിധിയിൽ ഹാജരായി അത് അങ്ങയ്ക്കുള്ള തന്റെ ഉപഹാരമാണെന്ന് പറയുകയും ചെയ്യുമായിരുന്നു. പിന്നീട് ഈ കച്ചവടക്കാരൻ ഹദ്റത്ത് നുഅയ്മാനിൽ നിന്ന് ആ സാധനത്തിന്റെ വില വാങ്ങാൻ വരുമ്പോൾ, അയാളെയും കൂട്ടി അദ്ദേഹം നബി(സ)തിരുമേനിയുടെ അടുക്കൽ വരും. എന്നിട്ട് 'ഇയാൾക്ക് ഈ സാധനത്തിന്റെ വില നല്കുക' എന്നു പറയും. അപ്പോൾ 'ഇത് താങ്കളെനിക്ക് ഒരു ഉപഹാരമായി നല്കിയതല്ലേ?' എന്ന് നബി(സ)തിരുമേനി ചോദിക്കും. 'അല്ലാഹുവിന്റെ റസൂലേ! അല്ലാഹുവാണ്! ആ സാധനത്തിന്റെ വില നല്കാൻ എന്റെ കൈയിൽ ഒന്നുമുണ്ടായിരുന്നില്ല' എന്നായിരിക്കും അദ്ദേഹത്തിന്റെ മറുപടി. എന്നാൽ, 'ഞങ്ങളുടെ ആഗ്രഹം, ആ വസ്തു കഴിക്കാനുള്ളതാണെങ്കിൽ അവിടന്ന് അത് കഴിക്കണമെന്നും അത് സ്വന്തമാക്കാവുന്നതാണെങ്കിൽ അവിടന്ന് സ്വന്തമാക്കണമെന്നുമാണ്. അത് കേട്ട് നബി(സ)തിരുമേനി പുഞ്ചിരിക്കുകയും അതിന്റെ വില അതിന്റെ ഉടമസ്ഥന് നല്കാൻ കല്പിക്കുകയും ചെയ്യുമായിരുന്നു.(ഖുത്ബ ജുമുഅ 13 - 9 - 2019, സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ്)

നബി(സ)തിരുമേനിയുടെ അങ്ങേയറ്റം ആത്മാർഥനായ ഒരു സ്വഹാബിയായിരുന്നു ഹദ്റത്ത് അബ്ദുല്ലാഹ്(റ). അദ്ദേഹത്തിന്റെ പിതാവിന്റെ പേര് അബ്ദുല്ലാഹ് ബിൻ ഉബയ് ബിൻ സുലൂൽ എന്നായിരുന്നു. ഇദ്ദേഹം മുനാഫിഖുകളുടെ നേതാവായിരുന്നു. നബി(സ)തിരുമേനിയെ ബുദ്ധിമുട്ടിക്കാനും ആ മഹാത്മാവിന് നഷ്ടവരുത്താനും കിട്ടുന്ന ഒരു അവസരവും അയാൾ പാഴക്കാറുണ്ടായിരുന്നില്ല.

ഉഹുദ് യുദ്ധാവസരത്തിൽ ആദ്യം അബ്ദുല്ലാഹ് ബിൻ ഉബയ് ബിൻ സുലൂൽ തന്റെ ആളുകളോടൊപ്പം യുദ്ധത്തിന് പുറപ്പെട്ടിരുന്നുവെങ്കിലും തികച്ചും ഉഹുദിന്റെ താഴ്‌വരയിലെത്തിയപ്പോൾ തന്റെ 300 കൂട്ടാളികളോടൊപ്പം മടങ്ങിപ്പോയി. അങ്ങനെ സൈന്യത്തിലെ മൊത്തം അംഗസംഖ്യയായ ആയിരത്തിൽനിന്ന് 700 ആയി കുറഞ്ഞു.

ഹിജ്റ വർഷം 5 ന് ബനൂ മുസ്ത്വലിക് യുദ്ധമുണ്ടായി. ഈ അവസരത്തിൽ അൻസ്വാറിനും മുഹജിറുകൾക്കുമിടയിൽ എന്തോ തെറ്റുധാരണയുണ്ടായ കാരണത്താൽ ബലഹീനരായ വിശ്വാസികൾക്കിടയിൽ ആഭ്യന്തരകലഹംപോലും ഉണ്ടാകാനിടയുണ്ടായി. എന്നാൽ, നബി(സ)തിരുമേനിയുടെ അസാധാരണമായ കാന്തികമായ വ്യക്തിത്വവും ഇരുകക്ഷികൾക്കും നബിതിരുമേനിയോടുള്ള സ്നേഹവും കാരണത്താൽ അങ്ങനെ ഉണ്ടായില്ല. അങ്ങനെ ആ പ്രശ്നം അവിടെ ഒത്തുതീർപ്പായെങ്കിലും യുദ്ധത്തിൽ പങ്കെടുത്ത കപടവിശ്വാസികളുടെ നേതാവായ അബ്ദുല്ലാഹ് ബിൻ ഉബയ്യ് ബിൻ സുലൂൽ ഈ സംഭവമറിഞ്ഞപ്പോൾ വീണ്ടും കുഴപ്പം കുത്തിപ്പൊക്കാൻ ആഗ്രഹിച്ചുകൊണ്ട് നബി(സ) തിരുമേനിക്കും മുസ്‌ലിമീങ്ങൾക്കുമെതിരെ തന്റെ കൂട്ടാളികളെ പ്രകോപിപ്പിക്കാനായി പറഞ്ഞു: 'എല്ലാം നിങ്ങളുടെ പോരായ്മയാണ്. നിങ്ങൾ അവരെ തലയിൽ കയറ്റിവച്ചിരിക്കുകയാണ്. അവരെ സംരക്ഷിക്കുന്നതിൽനിന്ന് നിങ്ങൾ ഇനി വിട്ടൊഴിയുകയാണ് വേണ്ടത്. അങ്ങനെയായാൽ ഇവർ സ്വയം മദീന വിട്ടു പോകുന്നതായിരിക്കും. ഒടുവിൽ ആ ദുർഭഗൻ ഇത്രത്തോളം പറഞ്ഞു: ല ഇൻർറജഅ്നാ ഇലൽ മദീനത്തി ല യുഖ്രിജന്നൽ അഅസ്സു മിൻഹൽ അദല്ല

അതായത് മദീനയിലെത്തിക്കഴിഞ്ഞാൽ ഏറ്റവും ആദരണീയനായ വ്യക്തി ഏറ്റവും നിന്ദ്യനായ വ്യക്തിയെ പട്ടണത്തിൽനിന്ന് പുറത്താക്കുന്നതെങ്ങനെയെന്ന് നിങ്ങൾ കാണുക.(63:9). അല്പസമയത്തിനുശേഷം അബ്ദുല്ലാഹ് ബിൻ ഉബയ്യ് ബിൻ സുലൂലിന്റെ മകൻ ഹദ്റത്ത് അബ്ദുല്ലാഹ് പരിഭ്രമിച്ചുകൊണ്ട് നബി(സ)തിരുമേനിയുടെ മുന്നിൽ ഹാജരായി പറഞ്ഞു: 'യാ റസൂലല്ലാഹ്! അങ്ങ് എന്റെ പിതാവിന്റെ ധാർഷ്ട്യവും കലഹമുണ്ടാക്കലും കാരണമായി വധശിക്ഷയ്ക്കു വി


**ഹദീഥുന്നബ്‌വി (സ):**

***സ്വന്തം കൈകൊണ്ടു സമ്പാദിച്ച ഭക്ഷണത്തെക്കാൾ ഉത്തമമായ ഒരു ഭക്ഷണവുമില്ല. (സ്വഹീഹ് ബുഖാരി, കിതാബുൽബുയൂഅ്)***

**ത്വാലിബെ ദുആ**
**P.Abdul Ameer**
**Sadr, Ahmadiyya jama'ath Pathapiriyam (Kerala)**

**ഹദീഥുന്നബ്‌വി (സ):**

***ആഇശ(റ)പറയുന്നു:'നബി(സ)തിരുമേനിക്ക് തുടക്കത്തിൽ ലഭിച്ച ദൈവികസന്ദേശങ്ങളുടെ ആരംഭം ഉറക്കത്തിൽ ദൃശ്യമാകുന്ന നല്ല സ്വപ്നങ്ങളായിരുന്നു. അവിടന്ന് കാണുന്ന എല്ലാ സ്വപ്നങ്ങളും പ്രഭാതോദയംപോലെ സ്പഷ്ടമായി പുലർന്നുകൊണ്ടിരുന്നു.' (ബുഖാരി, കിതാബുൽ വഹ്‌യ്, ഹദീഥ് നമ്പർ 3)***

**ത്വാലിബെ ദുആ**
**P.P.Raheem & Family**
**Ahmadiyya Jama-ath Payangadi, Kerala.**

ധിക്കാൻ പോകുന്നുവെന്നു കേട്ടു. അതുതന്നെയാണ് അങ്ങയുടെ തീരുമാനമെങ്കിൽ എനിക്കു കല്പന നൽകിയാലും. ഞാനെന്റെ പിതാവിന്റെ തലയറുത്ത് താങ്കളുടെ കാൽക്കീഴിൽ കൊണ്ടുവരുന്നതാണ്. എന്നാൽ, മറ്റാർക്കും അതിനുള്ള കല്പന നൽകരുത്. കാരണം എന്റെ ഏതെങ്കിലുമൊരു നാഡിയിൽ ജാഹിലിയ്യ കാലത്തുള്ള ആവേശം നുരഞ്ഞു പൊങ്ങുകയും എന്റെ പിതാവിന്റെ ഘാതകർക്ക് എപ്പോഴെങ്കിലും വല്ല ക്ഷതവും ഞാൻ ഏല്പിക്കുകയും ചെയ്തു പോകാമെന്നു ഞാൻ ഭയപ്പെടുന്നു. അങ്ങനെ അല്ലാഹുവിന്റെ തൃപ്തി ആഗ്രഹിച്ചിട്ടും നരകത്തിൽ പോയി പതിക്കുമോ എന്നു ഞാൻ ഭയക്കുന്നു. നബി(സ) തിരുമേനി അദ്ദേഹത്തെ ആശ്വസിപ്പിച്ചുകൊണ്ടു പറഞ്ഞു: 'നമുക്കൊരിക്കലും അത്തരമൊരു ഉദ്ദേശ്യമില്ല. തീർച്ചയായും നാം താങ്കളുടെ പിതാവിനോട് വിട്ടുവീഴ്ചയോടും കാരുണ്യത്തോടും കൂടി പെരുമാറുന്നതാണ്.' ഈ അവസരത്തിൽ നബി(സ)തിരുമേനി കപടവിശ്വാസികളുടെ നേതാവായ ഉബയ് ബിൻ സുലൂലിന്റ മകനോടു എത്രത്തോളം സ്നേഹത്തോടും വാത്സല്യത്തോടുമാണ് പെരുമാറിയത്.

ബനൂമുസ്ത്വലിഖ് യുദ്ധം കഴിഞ്ഞു വരുമ്പോൾ ഹദ്റത്ത് ആഇശ(റ)യുടെമേൽ മുനാഫിഖുകൾ പ്രചരിപ്പിച്ച അപവാദത്തിന്റെ മുഖ്യ സുത്രധാരകനും അബ്ദുല്ലാഹ് ബിൻ ഉബയ്യ് ബിൻ സുലൂൽ ആയിരുന്നു. ചുരുക്കിപ്പറഞ്ഞാൽ നബി(സ)തിരുമേനിയുടെ മനസ്സിന് മുറിവേൽപിക്കാൻ കിട്ടുന്ന ഒരു അവസരവും അയാൾ പാഴാക്കിയിരുന്നില്ല. പക്ഷേ, നബി(സ)തിരുമേനി എല്ലാ അവസരത്തിലും അദ്ദേഹത്തിന്റെ മകൻ അബ്ദുല്ലായോടു സ്നേഹത്തോടും വാത്സല്യത്തോടും കൂടി പെരുമാറി. ഹദ്റത്ത് അബ്ദുല്ലായുടെ പിതാവ് മരണപ്പെട്ടപ്പോൾ, അതായത് അബ്ദുല്ലാഹ് ബിൻ ഉബയ്യ് ബിൻ സുലൂൽ മരണപ്പെട്ടപ്പോൾ നബി(സ)തിരുമേനിയോട് അദ്ദേഹം ജനാസ നമസ്കരിപ്പിക്കണമെന്ന് അപേക്ഷിക്കുകയുണ്ടായി. അതുപോലെ തന്നെ കഫൻ പൊതിയുന്നതിന് അവിടത്തെ കുപ്പായവും ചോദിച്ചു. എങ്ങനെയെങ്കിലും തന്റെ പിതാവിന്റെ പാപഭാരം കുറയട്ടെ എന്നു കരുതിയാണ് അബ്ദുല്ലാഹ് അത് ചോദിച്ചത്. അങ്ങനെ നബി(സ)തിരുമേനി അതു നല്കി. നബി(സ)തിരുമേനി ജനാസ നമസ്കരിക്കാൻ ഒരുങ്ങുമ്പോൾ ഹദ്റത്ത് ഉമർ(റ) പറഞ്ഞു:' അല്ലാഹു അങ്ങയെ കപടവിശ്വാസികളുടെ ജനാസ നമസ്കരിക്കുന്നതിൽനിന്ന് വിലക്കിയിട്ടുണ്ടല്ലോ?' നബി(സ)തിരുമേനി പറഞ്ഞു: 'വിലക്കിയിട്ടില്ല, എനിക്ക് അധികാരം നല്കപ്പെട്ടിരിക്കുകയാണ്. എനിക്കു വേണമെങ്കിൽ നമസ്കരിക്കാം നമസ്കരിക്കാതിരിക്കാം.' അങ്ങനെ നബി(സ)തിരുമേനി അദ്ദേഹത്തിന്റെ ജനാസ നമസ്കരിപ്പിച്ചു. പിന്നീട് അല്ലാഹു അത്തരക്കാരുടെ ജനാസ നമസ്കരിക്കുരുതെന്ന് പൂർണമായും വിലക്കിയപ്പോൾ അവിടന്ന് കപടവിശ്വാസികളുടെ ജനാസ നമസ്കാരം നിറുത്തുകയും ചെയ്തു.' നബി(സ)തിരുമേനി,അബ്ദുല്ലാഹ് ബിൻ ഉബയ്യ് ബിൻ സുലൂലിനോടു ദയയോടെ പെരുമാറാൻ കാരണം അദ്ദേഹത്തിന്റെ മകൻ ഹദ്റത്ത് അബ്ദുല്ലാഹ്(റ) ആയിരുന്നു. എന്നാൽ, അതിനു മറ്റുകാരണങ്ങൾ വിവരിക്കപ്പെടുന്നുണ്ട്. ഹുദൂർ അയ്യദഹുല്ലാഹ് പറയുന്നു: ഞാൻ കരുതുന്നത് അബ്ദുല്ലാഹ്(റ) കാരണത്താൽ നബി(സ)തിരുമേനി അത് ചെയ്തതാണ്. മകൻ എല്ലാ കാര്യത്തിലും ഇസ്ലാമിന്റെ അഭിമാനം കാത്തുസൂക്ഷിച്ചു. നബി(സ)തിരുമേനിയുടെ അഭിമാനം കാത്തുസൂക്ഷിച്ചു. തന്റെ ഈമാനെ രക്ഷിച്ചു. തന്റെ പിതാവിനോടു അതിക്രമവും കാണിച്ചു. അതുകൊണ്ട് മകന്റെ തൃപ്തിക്കുവേണ്ടി അല്ലെങ്കിൽ മകന്റെ ആഗ്രഹം കാരണത്താൽ അവിടന്ന് വ്സത്രം ഊരി നല്കിയതാണ്.'(ഖുത്വ്ബ ജുമുഅ 15-11-2019, ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്)

ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു:

'ഞാനെപ്പോഴും അത്ഭുതദൃഷ്ടികളോടെയാണ് നോക്കിക്കാണുന്നത്, മുഹമ്മദ് എന്നുപേരുള്ള ഈ അറബി പ്രവാചകൻ (ആയിരമായിരം സലാത്തും സലാമും അവിടത്തെമേൽ വർഷിക്കപ്പെടട്ടെ) എത്രമേൽ ഉൽകൃഷ്ടപദവിയാർന്ന നബിയാണ്! അവിടത്തെ ഔന്നത്യത്തിന്റെ അറ്റം കണ്ടെത്തുക അസാധ്യം തന്നെ! അവിടത്തെ ദിവ്യശക്തി പ്രഭാവം കണക്കാക്കുക മനുഷ്യന്റെ കഴിവിൽപ്പെട്ടതല്ല. അഹോ കഷ്ടം! അവിടത്തെ യഥാർഥ പദവി അതർഹിക്കുംവിധം അംഗീകരിക്കപ്പെടുമാറായില്ല. ലോകത്തുനിന്ന് തികച്ചും അപ്രത്യക്ഷമായി കഴിഞ്ഞിരുന്ന ആ തൗഹീദ് അഥവാ ഏകദൈവ വിശ്വാസം വീണ്ടും ഈ ലോകത്ത് തിരച്ചുകൊണ്ടുവന്ന വീരാത്മാവ് അവിടന്നത്രെ! അവിടന്ന് ദൈവത്തോടു അങ്ങേയറ്റത്തെ സ്നേഹം പുലർത്തി. മനുഷ്യകുലത്തോടുള്ള സഹാനുഭൂതിയിൽ അദ്ദേഹം ആത്മാർപണം ചെയ്തു. അതുകൊണ്ട് മുമ്പേയുള്ളവരും പിമ്പേയുള്ളവരുമായ സകല പ്രവാചകന്മാരെക്കാളും ശ്രേഷ്ഠത്വം അല്ലാഹു അദ്ദേഹത്തിനു നല്കുകയും അദ്ദേഹത്തിന്റെ ആഗ്രഹങ്ങൾ അദ്ദേഹത്തിന്റെ ജീവിതത്തിൽ അദ്ദേഹത്തിനു സാധിപ്പിച്ചു കൊടുക്കുകയും ചെയ്തു.'(ഹഖീഖത്തുൽ വഹ്യ്, റൂഹാനീ ഖസാഇൻ വാള്യം 22 പേജ് 118)

*അല്ലാഹുമ്മ സ്വല്ലി അലാ മുഹമ്മദിൻ വ്വഅലാ ആലി മുഹമ്മദിൻ വ ബാരിക് വ സല്ലിം ഇന്നക്ക ഹമീദുൻ മ്മജീദ് വ ആഖിറു ദഅ്വാനാ അനിൽഹംദുലില്ലാഹി റബ്ബിൽആലമീൻ.* (മൻസ്വൂർ)

.........☆.........☆.........☆.........

(– പേജ് 16ൽ നിന്ന്)

**ആടുകളെ മേയ്ക്കൽ**

നബി(സ)തിരുമേനി ശാം യാത്രയിൽനിന്ന് തിരിച്ചെത്തിയപ്പോൾ പതിവായി അബൂത്വാലിബിന്റെ കൂടെയായിരുന്നു താമസിച്ചിരുന്നത്. എന്നാൽ, അറബികൾ കുട്ടികളെ പൊതുവെ നാല്ക്കാലികളെ മേയ്ക്കാൻ വിടുമായിരുന്നു. അതുകൊണ്ട് അക്കാലത്ത് നബി(സ)തിരുമേനിയും ഇടയ്ക്കിടെ ആ ജോലി ചെയ്യുമായിരുന്നു; ആടുകളെ മേയ്ക്കും. നുബുവ്വത്ത് കാലത്ത് പറയാറുണ്ടായിരുന്നു, 'ആടുകളെ മേയ്ക്കുന്നത് പ്രവാചകന്മാരുടെ സുന്നത്താണ്, ഞാനും ആടുകളെ മേയ്ച്ചിട്ടുണ്ട്.' ഒരു യാത്രാവേളയിൽ നബി(സ)തിരുമേനിയുടെ സ്വഹാബത്ത് വനത്തിൽ പീലുമരത്തിന്റെ പഴം കൂട്ടിവച്ച് തിന്നാൻ തുടങ്ങിയപ്പോൾ അവിടന്ന് പറഞ്ഞു, 'കറുകറുത്ത പീലു തിരഞ്ഞെടുത്ത് തിന്നുക. ഞാൻ ആടുകളെ മേയ്ച്ച് നടന്നിരുന്നപ്പോൾ എനിക്കനുഭവമുണ്ട്, കറുത്ത നിറമുള്ള പീലു കൂടുതൽ നല്ലതാണെന്ന്.'

**തിന്മകളിൽ നിന്ന്**

**ദൈവിക സംരക്ഷണം:**

അക്കാലഘട്ടത്തിലെ ഒരു സംഭവമാണ്, നബി(സ)തിരുമേനി ഒരു രാത്രി തന്റെ സുഹൃത്തിനോടു പറഞ്ഞു; അദ്ദേഹം ആടിനെ മേയ്ക്കുമ്പോൾ നബിയുടെ കൂട്ടുകാരനായിരുന്നു. നീ എന്റെ ആടുകളെ നോക്കുക; ഞാൻ നഗരത്തിൽ പോയി ആളുകളുടെ മജ്ലിസ് നോക്കി വരാം. ആ ദിനങ്ങളിൽ രാത്രി നേരത്ത് ആളുകൾ ഏതെങ്കിലും വീട്ടിൽ സംഘടിച്ച് കഥകൾ കേൾപിക്കുന്ന പതിവുണ്ടായിരുന്നു. ചിലപ്പോൾ അത് രാത്രി മുഴുവൻ നീണ്ടു നില്ക്കുമായിരുന്നു. നബി(സ)തിരുമേനി കുട്ടിക്കാലത്ത് കൗതുകത്തോടെ ഈ തമാശ കാണാൻപോയി. എന്നാൽ, അനാവശ്യ കാര്യത്തിൽ ഖാത്തമുന്നബിയ്യീന്റെ പങ്കാളിത്തം അല്ലാഹു ഇഷ്ടപ്പെട്ടില്ല. അങ്ങനെ ഒരു സ്ഥലത്ത് അവിടന്ന് പോയെങ്കിലും വഴിയിൽവച്ച് ഉറക്കം വന്നു. അങ്ങനെ ഉറങ്ങിപ്പോയി, രാവിലെ വരെ ഉറങ്ങി. മറ്റൊരിക്കലും നബി(സ)തിരുമേനിക്ക് ഈ വിചാരമുണ്ടായി. അപ്പോഴും അദൃശ്യകരം തടഞ്ഞു. നുബുവ്വത്ത് കാലത്ത് നബി(സ)തിരുമേനി പറയുമായിരുന്നു. 'ഞാൻ എന്റെ ജീവിതത്തിൽ രണ്ടു തവണമാത്രമാണ് ഇത്തരം മജ്ലിസിൽ പങ്കെടുക്കാൻ തീരുമാനിച്ചത്. എന്നാൽ, ആ രണ്ടു തവണയും തടയപ്പെട്ടു.'(സീറത്തു ഖാത്തമുന്നബിയ്യീൻ, പേജ്:93) ☆

## ലാ ഇലാഹ ഇല്ലല്ലാഹ് മുഹമ്മദുർറസൂലുല്ലാഹ്

നമ്മുടെ ഉപദേശങ്ങളുടെ ആകസ്സാരം അഥവാ അതിന്റെ കഴമ്പ് ലാ ഇലാഹ ഇല്ലല്ലാഹ് മുഹമ്മദുർറസൂലുല്ലാഹ് (അല്ലാഹു അല്ലാതെ മറ്റൊരു ആരാധ്യനില്ല; മുഹമ്മദ്(സ) അവന്റെ ദൂതനാകുന്നു) എന്നത്രെ. ഇവിടെ ഈ ലോകത്ത് നാം പുലർത്തിവരുന്നതും മറുലോകത്തേക്കു നാം കടക്കുന്ന സമയംവരെ ദൈവാനുഗ്രഹത്താലും അവന്റെ സഹായത്താലും നമ്മോടു ഒട്ടിനില്ക്കുന്നതുമായ വിശ്വാസം ഇതാണ്. നമ്മുടെ ആത്മീയ നേതാവും യജമാനനുമായ ഹദ്റത്ത് മുഹമ്മദു മുസ്തഫാ(സ) തിരുമേനി 'ഖാത്തമുന്നബിയ്യീ' നും 'ഖയ്റുൽമുർസലീ' നും ആകുന്നു. അവിടത്തെ കൈയാൽ മതത്തിനു പൂർണിമയും അനുഗ്രഹപദവിയുടെ പരിപൂർത്തിയും വന്നു കഴിഞ്ഞു.അതു മുഖേന മനുഷ്യന് സത്യപാത കൈവരിച്ചുകൊണ്ട് അല്ലാഹുവിന്റെ അടുക്കലോളം എത്താനാവും. നാം സുദൃഢം വിശ്വസിക്കുന്നു വിശുദ്ധ ഖുർആൻ ഗ്രന്ഥങ്ങളുടെ മുദ്ര അതായത് എല്ലാ ദിവ്യഗ്രന്ഥങ്ങളിലുംവച്ച് ഏറ്റവും ശ്രേഷ്ഠമായിട്ടുള്ള ഗ്രന്ഥമാണ്. അതിന്റെ നിശ്ചിത 'ശറഅ്'കളിൽ നിന്നും (നിയമങ്ങളിൽനിന്നും)അതിരുകളിൽനിന്നും കല്പനകളിൽനിന്നും വള്ളിപുള്ളി നീക്കുവാനോ അവയിൽ കൂട്ടിച്ചേർക്കുവാനോ പാടുള്ളതല്ല. വിശുദ്ധ ഖുർആനിലെ കല്പനകളെ റദ്ദാക്കുകയോ മാറ്റുകയോ ദുർബലപ്പെടുത്തുകയോ ഭേദപ്പെടുത്തുകയോ ചെയ്യുന്ന ഒരു വെളിപാടും ദൈവവചനവും ഉണ്ടായിരിക്കുന്നതല്ല. അത്തരം വിശ്വാസം ആരെങ്കിലും സ്വീകരിച്ചിട്ടുണ്ടെങ്കിൽ അയാൾ എന്റെ അഭിപ്രായത്തിൽ സത്യവിശ്വാസികളുടെ കൂട്ടത്തിൽ പെട്ടവനല്ല. അതുമുഖേന അയാൾ ഒരു അവിശ്വാസിയായിത്തീരുകയും ചെയ്യുന്നു."**(റൂഹാനീ ഖസായിൻ, വാള്യം 3, പേജ് 169, 170, ഇസാലയെ ഔഹാം പേജ് 137,138 ഒന്നാം പതിപ്പ്)**

# നബിതിരുമേനിയുടെ വിട്ടുവീഴ്ചയും മാപ്പും

**ഹാഫിസ് മുസഫ്ഫർ അഹ്മദ്**

ഉൽക്കൃഷ്ടസ്വഭാവങ്ങളുടെ അടിത്തറ ദൈവത്തിന്റെ സവിശേഷഗുണങ്ങളാണെന്ന് നബി (സ)തിരുമേനി പറഞ്ഞിരിക്കുന്നു. കഴിവിന്റെ പരമാവധി ആ വിശേഷഗുണങ്ങൾ സ്വായത്തമാക്കാൻ ഉപദേശിക്കുകയും ചെയ്തിരിക്കുന്നു. അല്ലാഹുവിന്റെ ഒരു വിശേഷഗുണമാണ് 'അഫുവ്വ്'. അതായത് അവൻ വളരെയധികം മാപ്പ് കൊടുക്കുന്നവനാണ്. ഒരു സമ്പൂർണ മനുഷ്യനായിത്തീരാൻ അല്ലാഹുവിന്റെ ഈ വിശേഷ ഗുണത്തിൽ വിഭൂഷിതനാകേണ്ടത് മനുഷ്യന് നിർബ്ബന്ധമാണ്.

ഇസ്‌ലാമിന് മുമ്പേ വന്ന തൗറാത്തിന്റെ എന്തിനും ഏതിനും പ്രതിക്രിയ ചെയ്യുക എന്ന പാഠം അനീതിയിലും അന്യായത്തിലുമധിഷ്ഠിതമാണ്. ഇസ്‌ലാം നീതിയുടെ കാര്യത്തിൽ ഒരു ചുവട് മുന്നോട്ടു വെച്ചുകൊണ്ട് പ്രത്യുപകാരത്തിന്റെ പാഠം നല്കി, മാപ്പ് ചെയ്യാൻ നിർദ്ദേശിച്ചു. അതിനോടൊപ്പം മാപ്പ് കൊടുക്കൽ എന്ന ധാർമിക ഗുണം സന്ദർഭോചിതമാകുമ്പോഴാണ് സ്തുത്യർഹമായിത്തീരുന്നതെന്ന് വിശദീകരിക്കുകയും ചെയ്തു. ബലഹീനതയും പകരം വീട്ടാനുള്ള കഴിവുകേടുംകൊണ്ട് മാപ്പ് കൊടുക്കുകയാണെങ്കിൽ അത് സ്തുത്യർഹമല്ല. എന്നാൽ, സംസ്കരണം നടക്കുന്നുവെങ്കിൽ അതായിരിക്കും സ്തുത്യർഹമാകുന്നത്. അല്ലാഹു പറയുന്നു: '*'തിന്മയ്ക്കുള്ള പ്രതിഫലം തത്തുല്യമായ തിന്മയാണ്. നന്മ വരുത്തുക എന്ന നിബന്ധനയോടെ വല്ലവനും മാപ്പാക്കിയാൽ അവന്റെ പ്രതിഫലം അല്ലാഹുവിന്റെ അടുക്കലാണ്. തീർച്ചയായും അക്രമികളെ അവനിഷ്ടപ്പെടുന്നില്ല."* (42:41).

നബി(സ) തിരുമേനിക്ക് മാപ്പ് കൊടുക്കുക എന്ന ധാർമികഗുണം പ്രത്യേകമായ നിലയിൽ നല്കപ്പെട്ടിരിക്കുന്നു. അല്ലാഹു നബി(സ)തിരുമേനിയെ സംബോധന ചെയ്തുകൊണ്ടു പറഞ്ഞു: "അല്ലാഹുവിന്റെ പ്രത്യേകമായ കാരുണ്യം കൊണ്ടുതന്നെയാണ് നീ അവരോട് സൗമ്യമായി വർത്തിക്കുന്നത്. നീ പരുഷസ്വഭാവിയും കഠിനഹൃദയനുമായിരുന്നുവെങ്കിൽ അവർ നിന്റെ ചുറ്റുംനിന്ന് ചിതറിപ്പിരിഞ്ഞ് പൊയ്ക്കളയുമായിരുന്നു. അതിനാൽ അവർക്ക് നീ മാപ്പ് നല്കുകയും അവർക്കായി പാപമോചനത്തിനുവേണ്ടി പ്രാർഥിക്കുകയും ചെയ്യുക" (3:10).

സുഹൃത്തുക്കൾക്കും ശത്രുക്കൾക്കും മാപ്പു കൊടുത്തുകൊണ്ട് അനുപമമായ മാതൃക നബി(സ)തിരുമേനിയിൽനിന്ന് പ്രകടമായിട്ടുണ്ട്. അല്ലാഹുവിന്റെ വിശേഷഗുണമായ മാപ്പു കൊടുക്കലിന്റെ ഉത്തമമായ പ്രതീകമാണ് താനെന്ന് ആ മഹാത്മാവ് തെളിയിച്ചുകാണിക്കുകയുണ്ടായി.

ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ അംറി(റ)നോട് നബി(സ)യെ സംബന്ധിച്ച് തൗറാത്തിൽ വിവരിക്കപ്പെട്ട ലക്ഷണങ്ങൾ ചോദിക്കപ്പെട്ടു. അപ്പോൾ അദ്ദേഹം പറഞ്ഞു: "ആ നബി ഒരു ദുസ്വഭാവിയോ കഠിനഹൃദയനോ ആയിരിക്കില്ല. അങ്ങാടിയിലിരുന്ന് ബഹളമുണ്ടാക്കുന്നവനുമല്ല. തിന്മയെ തിന്മകൊണ്ട് തടുക്കുകയില്ല. പ്രത്യുത, വിട്ടുവീഴ്ചയും മാപ്പും ചെയ്യും" (ബുഖാരി).

അദ്ദേഹം സൂചന നല്കിയത് വാസ്തവത്തിൽ യശയ്യ പ്രവാചകന്റെ ഈ പ്രവചനത്തിലേക്കായിരുന്നു: "അവൻ ജാതികളോട് ന്യായം പ്രസ്താവിക്കും. അവൻ നിലവിളിക്കുകയില്ല, ഒച്ചയുണ്ടാക്കുകയില്ല, തെരുവീഥിയിൽ തന്റെ ശബ്ദം കേൾപ്പിക്കയുമില്ല, ചതഞ്ഞ ഓട അവനൊടിച്ചുകളയുകയില്ല; പുകയുന്ന തിരി കെടുത്തുകളയുകയില്ല; അവൻ സത്യത്തോടെ ന്യായം പ്രസ്താവിക്കും." (യശയ്യാവ്, 42:2-4).

നബി(സ) തിരുമേനിയുടെ ക്ഷമാഗുണത്തെ സംബന്ധിച്ച് ഹദ്റത്ത് ആയിശ(റ) പറയുന്നു: "നബി(സ) ഒരിക്കലും തനിക്കുവേണ്ടി, തന്നോട് ചെയ്യുന്ന അതിക്രമത്തിന് പകരം ചോദിക്കാറില്ലായിരുന്നു." (മുസ്‌ലിം)

ഹദ്റത്ത് ഖദീജ(റ)യുടെ മകനായ ഹിന്ദിന് നബി(സ)തിരുമേനിയുടെ ശിക്ഷണത്തിൽ കഴിയാൻ ഭാഗ്യം സിദ്ധിച്ചിരുന്നു. അദ്ദേഹം നിവേദനം ചെയ്യുന്നു: "നബി(സ) ദുൻയാവിനും അതിന്റെ ഉദ്ദേശ്യലബ്ധിക്കും വേണ്ടി ഒരിക്കലും ദ്വേഷപ്പെട്ടിരുന്നില്ല. തനിക്കുവേണ്ടി ഒരിക്കലും കോപിച്ചിട്ടില്ല, പകരം വീട്ടിയിട്ടുമില്ല." (തിർമിദി).

മദീനയിൽ വന്നതിനുശേഷം ഒരിക്കൽ നബി(സ) അൻസ്വാരികളുടെ നേതാവും രോഗബാധിതനുമായിരുന്ന ഹദ്റത്ത് സഅ്ദ് ബിൻ ഉബാദയെ കാണാൻ പോയി. വഴിയിൽ യഹൂദികളായ അന്യാരാധകരുടേയും മുസ്‌ലി മീങ്ങളുടേയും ഒരു സഭയിൽ കപടവിശ്വാസികളുടെ നേതാവായ അബ്ദുല്ലാഹ് ബിൻ ഉബയ്യ് ഉണ്ടായിരുന്നു. നബി(സ)തിരുമേനിയുടെ യാത്രാവാഹനം വന്നുനിന്നപ്പോൾ പൊടിപാറി. അപ്പോൾ അയാൾ വാപൊത്തി. നബി(സ)തിരുമേനിയെ അധിക്ഷേപിച്ചു പറയാൻ തുടങ്ങി. നബി(സ) സഅ്ദ് ബിൻ ഉബാദയുടെ വീട്ടിലെത്തിയപ്പോൾ അദ്ദേഹത്തോട് ആ സംഭവം പറഞ്ഞു. മദീനയുടെ പ്രത്യേക പരിതഃസ്ഥിതിയിൽ അബ്ദുല്ലാഹ് ബിൻ ഉബയ്യിന് മാപ്പ് കൊടുക്കാൻ അദ്ദേഹം അപേക്ഷിച്ചു. നബിതിരുമേനി അദ്ദേഹത്തിന് മാപ്പ് കൊടുക്കുകയും ചെയ്തു." (ബുഖാരി)

എത്രത്തോളം സത്യഹൃദയത്തോടെ മാപ്പ് കൊടുത്തു എന്നുവെച്ചാൽ അയാളുടെ സകല അധിക്ഷേപങ്ങളും ഉപദ്രവങ്ങളും നിലനില്ക്കേ അയാൾ മരിച്ചപ്പോൾ അയാളുടെ മയ്യിത്ത് നമസ്കരിപ്പിച്ചു. ഹദ്റത്ത് ഉമർ(റ) അയാളുടെ മയ്യിത്ത് നമസ്കരിപ്പിക്കുന്നതിൽനിന്ന് തടഞ്ഞുകൊണ്ട് നബിതിരുമേനിയെ അബ്ദുല്ലാഹ് ബിൻ ഉബയ്യിന്റെ അതിക്രമങ്ങളും ശത്രുതയും ഓർമിപ്പിച്ചു. നബി(സ) ചിരിച്ചുകൊണ്ട് പറഞ്ഞു: "ഉമറേ, പിന്നോട്ടു മാറുക. എനിക്ക് അധികാരം നല്കപ്പെട്ടിരിക്കുന്നു. അതായത്, നീ അയാൾക്കുവേണ്ടി പൊറുക്കലിനെ തേടിയാലും ഇല്ലെങ്കിലും അത് സമമാണ്. 70 പ്രാവശ്യം പൊറുക്കലിനെ തേടിയാലും അല്ലാഹു അയാൾക്ക് പൊറുത്തുകൊടുക്കുകയില്ല." എന്നിട്ട് പറഞ്ഞു: "70 പ്രാവശ്യത്തിലധികം പൊറുക്കലിനെ തേടിയാൽ അയാൾക്ക് പൊറുക്കപ്പെടുമെന്ന് ഞാൻ അറിഞ്ഞാൽ 70-ൽ കൂടുതൽ തവണ ഞാൻ അയാൾക്കുവേണ്ടി പൊറുക്കലിനെ തേടുന്നതാണ്." പിന്നീട് നബി(സ) അയാളുടെ മയ്യിത്ത് നമസ്കരിച്ചു. മയ്യിത്തിനോടൊപ്പം ഖബർസ്ഥാനിൽ പോയി, ഖബറടക്കം കഴിയുന്നതുവരെ അവിടെനിന്നു." (ബുഖാരി).

ദാത്തുർരിഖാഅ് യുദ്ധത്തിൽ, നബി(സ)യെ വധിക്കുക എന്ന ഉദ്ദേശ്യത്തോടെ പിന്തുടർന്നുവന്ന ഗൗരിഥ് ബിൻ ഹാരിഥിനും ആ മഹാത്മാവ് മാപ്പ് കൊടുക്കുകയുണ്ടായി. നബിതിരുമേനി ഉറങ്ങുമ്പോൾ, ആ മഹാത്മാവിനെ കൊല്ലുക എന്ന ഉദ്ദേശ്യത്തോടെ ആ മഹാത്മാവിന്റെതന്നെ വാൾ അയാൾ കൈവശപ്പെടുത്തി. എന്നാൽ, ആ പുണ്യാത്മാവിന്റെ ദൈവദത്തമായ ഗൗരവഭാവവും അന്യരിൽ ഉളവാക്കിയ ആദരയുക്തമായ ഭയവും കൊണ്ട് അയാൾക്ക് ആ ദിവ്യാത്മാവിനെ കൊല്ലാൻ കഴിഞ്ഞില്ല. ആ വർഗ്ഗശത്രുവിനും നബി(സ)മാപ്പ് കൊടുത്തു" (ബുഖാരി).

## വിഷം കൊടുത്തവൾക്ക് മാപ്പ്

ഖയ്ബർ യുദ്ധത്തിനുശേഷം പ്രസിദ്ധനായ യഹൂദീ ജേർണൽ മർഹബിന്റെ സഹോദരി ആട്ടിറച്ചിയിൽ വിഷം കലർത്തി വേവിച്ച് നബി (സ)യുടെ സന്നിധിയിൽ സമ്മാനമെന്നോണം കൊടുത്തയച്ചു. നബി(സ) അതിന്റെ കൈയുടെ ഭാഗത്തുള്ള ഇറച്ചി ഭക്ഷിക്കാൻ തുടങ്ങി; മറ്റു സഹാബാക്കളും. ഉടനെ നബി(സ) ആരും അത് തിന്നരുതെന്ന് പറഞ്ഞ് വിലക്കി. പിന്നീട് ആ യഹൂദസ്ത്രീയെ ആ മഹാത്മാവ് വിളിപ്പിച്ചുകൊണ്ട് ചോദിച്ചു: 'നീ ഈ ഭക്ഷണത്തിൽ വിഷം ചേർത്തിട്ടുണ്ടോ?' 'ഉണ്ട്' എന്നവൾ പറഞ്ഞു. എന്നിട്ട് അത് എങ്ങനെ താങ്കൾ അറിഞ്ഞുവെന്ന്' അവൾ ചോദിച്ചു. നബി(സ) ആ കൈയുടെ ഭാഗത്തുള്ള ഇറച്ചിയിലേക്ക് ചൂണ്ടിക്കൊണ്ട് പറഞ്ഞു, 'അതാണ് എന്നോട് പറഞ്ഞത്.' നീ ഇതുകൊണ്ട് എന്താണ് ഉദ്ദേശിച്ചതെന്നും നബി(സ) ചോദിച്ചു. അവൾ പറഞ്ഞു, 'അങ്ങ് നബിയാണെങ്കിൽ ഈ വിഷം അങ്ങയ്ക്ക് ഒരു കേടും വരുത്തുകയില്ല. ഇനി അങ്ങനെയല്ലെങ്കിൽ അങ്ങയിൽനിന്ന് ഞങ്ങളുടെ ജീവൻ രക്ഷപ്പെടും.' നബി (സ) ആ സ്ത്രീക്ക് മാപ്പ് കൊടുത്തു. അവളെ ശിക്ഷിച്ചില്ല. ആ ഇറച്ചി ഭക്ഷിച്ച് ഒരു സ്വഹാബി മരിച്ചിരുന്നു. ആ വിഷത്തിന്റെ ദൂഷ്യഫലം നബി(സ)യുടെ അവസാനത്തെ രോഗത്തിലും പ്രകടമായിരുന്നു. ഇക്കാരണത്താൽ നബിതിരുമേനിക്ക് തൊണ്ടയിൽ ബുദ്ധിമുട്ടുണ്ടാകുമായിരുന്നു"(അബൂദാവൂദ്).**(ഇൻസാനെ കാമിൽ എന്ന ഗ്രന്ഥത്തിൽനിന്ന്)**

## നബി(സ)തിരുമേനിയെ പിന്തുടരുക.

'നബി(സ)തിരുമേനിയെ ശരിയായ രൂപത്തിൽ പിന്തുടരുകയാണെങ്കിൽ മനുഷ്യനെ അല്ലാഹു അവന്റെ പ്രിയപ്പെട്ടവനാക്കുന്നതാണ്. ആരെങ്കിലും അല്ലാഹുവിന്റെ സ്നേഹം ആഗ്രഹിക്കുന്നുവെങ്കിൽ നബി(സ)തിരുമേനിയെ പിന്തുടരുക. ഇതെന്റെ വ്യക്തിപരമായ അനുഭവമാണ്. അതുപോലെ അവന്റെ ഹൃദയത്തിൽ ദൈവസ്നേഹത്തിന്റെ ഊഷ്മളതയും സൃഷ്ടിക്കപ്പെടുന്നതാണ്. അപ്പോൾ അങ്ങനെയുള്ള ആൾ സർവ്വതിൽനിന്നും വിരക്തനായി അല്ലാഹുവിലേക്ക് ചായുന്നതായിരിക്കും. അവന്റെ സ്നേഹവും ആവേശവും അല്ലാഹുവിൽ മാത്രമായിത്തീരുന്നതാണ്. അങ്ങനെ ദൈവസ്നേഹത്തിന്റെ ഒരു പ്രത്യേക പ്രകടനം അവനിലുണ്ടാകുകയും ശക്തമായ ആവേശത്തള്ളിച്ചയാൽ തന്നിലേക്ക് ആകർഷിക്കുകയും ചെയ്യുന്നതാണ്. അപ്പോൾ അവന്റെ ശാരീരികാവേശത്തിനുമേൽ വിജയം വരിക്കുകയും സർവ്വവിധേനയും അല്ലാഹുവിന്റെ അത്ഭുതകരമായ പ്രവർത്തനമെന്ന നിലയ്ക്ക് അടയാളമായിക്കൊണ്ട് വെളിപ്പെടുകയും ചെയ്യുന്നതാണ്.' **(ഹഖീഖത്തുൽ വഹ്‌യ്, റൂഹാനീ ഖസാഇൻ വാല്യം 22, പേജ് 67)**

**അർപിതമാം എൻശിരസ്സ്**
**അഹ്മദിൻ(സ)കാൽച്ചുവട്ടിൽ**
**ബലിയാക്കീടുന്നെൻ മനസ്**
**മുഹമ്മദിൻ അകതാരിൽ**

## ഹദ്റത്ത് മസീഹ് മൗഊദ് (അ)

عجب نوریست در جانِ محمدؐ
عجب لعلیست در کانِ محمدؐ

മുഹമ്മദ്(സ)ന്റെ ജീവശക്തിയിൽ അത്ഭുതകരമായ ഒരു പ്രകാശമുണ്ട്. മുഹമ്മദ്(സ)ന്റെ ചെവിയിൽ വിസ്മയകരമായൊരു മാണിക്യക്കല്ലുണ്ട്.

عجب دارم دل آں ناکساں را
کہ رُو تابند از خوانِ محمدؐ

മുഹമ്മദു(സ)ന്റെ സുപ്രയിൽനിന്ന് മുഖം തിരിക്കുന്ന കൊള്ളരുതാത്തവരുടെ മനസ്സുകളെ ഓർത്ത് ഞാൻ അത്ഭുതപ്പെടുകയാണ്.

ندانم ہیچ نفسے در دو عالم
کہ دارد شوکت و شانِ محمدؐ

മുഹമ്മദ്(സ)നെപ്പോലെ പ്രതാപവും ഗാംഭീര്യവും ഉൾക്കൊള്ളുന്ന ഒരാളേയും ഇരുലോകത്തും എനിക്കറിയുകയില്ല.

خُدا خود سوزد آں کِرمِ دنی را
کہ باشد از عدوّانِ محمدؐ

മുഹമ്മദ്(സ)ന്റെ ശത്രുക്കളിൽപ്പെട്ട നിന്ദ്യമായ കീടങ്ങളെ അല്ലാഹു തന്നെ കരിച്ചു കളയുന്നതാണ്.

اگر خواہی نجات از مستیٔ نفس
بیا در ذیلِ مستانِ محمدؐ

നീ ശരീരേച്ഛകളുടെ ലഹരികളിൽനിന്ന് മോക്ഷം ആഗ്രഹിക്കുന്നെങ്കിൽ മുഹമ്മദ്(സ)ന്റെ ലഹരിപിടിച്ച(സ്വഹാബാക്കളിൽ)വരിൽ ആയിത്തീരുക.

اگر خواہی کہ حق گوید ثنایت
بشو از دل ثنا خوانِ محمدؐ

അല്ലാഹു നിന്നെ വാഴ്ത്തണമെന്ന് നീ ആഗ്രഹിക്കുന്നെങ്കിൽ ആത്മാർഥമായി മുഹമ്മദു(സ)നെ വാഴ്ത്തുന്നവനായിത്തീരുക.

اگر خواہی دلیلے عاشقش باش
محمدؐ ہست برہانِ محمدؐ

നീ സത്യത്തിനുള്ള തെളിവ് ആഗ്രഹിക്കുന്നെങ്കിൽ ആത്മാർഥമായി ആ മഹാത്മാവിന്റെ പ്രേമിയായിത്തീരുക. കാരണം മുഹമ്മദ്(സ) തന്നെയാണ് മുഹമ്മദിന്റെ തെളിവ്.

سرے دارم فدائے خاکِ احمدؐ
دلم ہر وقت قربانِ محمدؐ

അർപിതമാം എൻശിരസ്സ് അഹ്മദിൻ(സ)കാൽച്ചുവട്ടിൽ ബലിയാക്കീടുന്നെൻ മനസ് മുഹമ്മദിൻ അകതാരിൽ

❀❀❀

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

**EDITOR**
**H.Shamsuddin**

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarkerla@gmail.com

ബദ്ർ
വീക്കിലി
ഖാദിയാൻ

# *Weekly* BADAR *Qadian*

**Qadian - 143516** Distt. Gurdaspur (Pb.) INDIA

**Vol. 5 Thursday 13 August 2020 Issue No. 33**

ANNUAL SUBSCRIPTION: Rs. 500/- (Per Issue: 10/-) (Weight: 100 grms/Issue)

MANAGER
**NAWAB AHMAD**

Tel : 91 1872224757
Mobile: 91 9417020616

e-mail : managerbadrqnd@gmail.com
website : www.alislam.org/badr
ANNUAL SUBSCRIPTION Rs.500/-



عَنْ اَبِی هُرَیْرَةَ رَضِیَ اللّٰهُ عَنْهُ اَنَّ النَّبِیَّ صَلَّی اللّٰهُ عَلَیْهِ وَسَلَّمَ قَالَ

” صَلَاةٌ فِی مَسْجِدِی هٰذَا

خَیْرٌ مِنْ اَلْفِ صَلَاةٍ فِیمَا سِوَاهُ اِلَّا الْمَسْجِدَ الْحَرَامَ “

(صحیح بخاری، کتاب فضل الصّلوٰۃ فی مکۃ والمدینۃ)

**ഹദ്റത്ത് അബൂഹുറയ്റ(റ)നിവേദനം:**

**നബി(സ)തിരുമേനി പറഞ്ഞു:**

**“എന്റെ ഈ മസ്ജിദിലെ(അതായത് മസ്ജിദുന്നബ്‌വിയിലെ) ഒരു നേരത്തെ നമസ്കാരം മറ്റു മസ്ജിദുകളിലെ ആയിരം നമസ്കാരത്തെക്കാൾ ശ്രേഷ്ഠമാണ്; മസ്ജിദ് ഹറാമൊഴിച്ച്.”**

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt: Gurdaspur-143516,Punjab, And publshed at office of the Weekly Badr Mohallah-Ahmadiyya, Qadian Distt.Gsp-143516,Punjba,India. Editor: H.Shamsuddin